THE KERALA LIBRARY NO. 6.

*Edited by K. Ramakrishna Pillai, B. A.*

LIVES OF

# GOOD AND GREAT WOMEN.

BY B. KALYANI AMMA.

കേരളഗ്രന്ഥശാല.—പുസ്തകം ൬.

പ്രസാധകൻ: കെ. രാമകൃഷ്ണപിള്ള, ബി. ഏ.

# മഹതികൾ.

ഒന്നാംഭാഗം.

ബി. കല്യാണിഅമ്മ

എഴുതിയതു.

H18/549
KK H18 (Mal.)
കേരള സാഹിത്യ അക്കാദമി
കല്യാണി ലൈബ്രറി
തൃശൂർ

H
18
549

P. 68
3 2 3

# മഹതികൾ.

ബി. കല്യാണി അമ്മ എഴുതിയതു്

[ പകൎപ്പവകാശം ]

കേരള സാഹിത്യ അക്കാദമി
ശ്രീ കല്യാണി
മെമ്മോറിയൽ
തൃശൂർ

1st. Edition 1000 copies.
The Ṡvadesabhimani Ṗress
Trivandrum.

# അവതാരിക.

ഈ പുസ്തകത്തിൽ ചേൎത്തിരിക്കുന്ന ജീവചരിത്രങ്ങൾ ഞാൻ നടത്തുന്ന **ശാരദ** എന്ന മാസിക പത്രഗ്രന്ഥത്തിൽ പലപ്പോഴായി എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളവയാണു്. കേരളത്തിലെ സ്ത്രീകൾക്ക് ഉത്തമജീവിതമാതൃകകളെ ഉപദേശിക്കുന്ന ഗ്രന്ഥങ്ങളുടെ എണ്ണം വൎദ്ധിക്കുന്നതു് ആവശ്യകമാണെന്നു തോന്നുകയാലാണ് ഈ പ്രബന്ധങ്ങളെ ഒന്നായി ചേൎത്തു് ഒരു പുസ്തകമാക്കുവാൻ ഉദ്യമിച്ചതു് ഇതിൽ, ഇവയുടെ രൂപത്തിന് ഏറെക്കുറെ മാററം വരുത്തിട്ടുമുണ്ടു്: ചില ഘട്ടങ്ങൾ നവീകരിക്കയും, മററു ചില ഘട്ടങ്ങൾ പരിഷ്കരിക്കയും, കഥാവസ്തുവിൽ കൂടുതൽ സംഗതികൾ ചേൎക്കുകയും ചെയ്തിട്ടുണ്ടു്

**മഹതികൾ** എന്ന അഭിധാനത്തിൽ ഒന്നാം ഭാഗമായിട്ടാണ് ഈ പുസ്തകം ഇപ്പോൾ പ്രസിദ്ധീകരിക്കുന്നതു് ബഹുജനങ്ങൾ ഇതിനെ എപ്രകാരം സൽകരിക്കുന്നു എന്നു് കണ്ടിട്ടു് രണ്ടാംഭാഗം തയ്യാറാക്കാമെന്നു് കരുതുന്നു. എന്നു്

ഗ്രന്ഥകൎത്രി.

# വിഷയാനുക്രമണി.

൧. ഫ്ലാറെൻസ് നൈററിങ്ഗേൽ.

൨. എലിസബെത്ത് ഫ്രൈ.

൩. ലേഡി റേച്ചൽ റസ്സൽ.

൪. ലേഡി ജെയ്ൻ ഗ്രേ.

൫. ലേഡി ഗ്രിസൽ ബെയ്ലി.

# മഹതികൾ.

## ഫ്ളാറെൻസ് നൈററിങ്ഗേൽ

മനുഷ്യരുടെ കഷ്ടതകളെ കുറയ്ക്കുന്നതിലും,ക്ഷേമത്തെ വളൎത്തുന്നതിലും,നിൎവ്യാജമായും അക്ഷീണമായും പ്രയത്നിച്ചിട്ടുള്ള മഹതികളുടെ സംഘത്തിൽ, ഫ്ളാറെൻസ് നൈററിങ്ഗേലിനോളം പ്രഥമസ്ഥാനത്തെ അൎഹിക്കുന്ന സ്ത്രീകൾ വളരെ ചുരുക്കമാകുന്നു. "പരോപകാരാൎത്ഥമിദംശരീരം„ എന്നുള്ള തത്വത്തെ തന്റെ കൃത്യങ്ങളാൽ ഉദാഹരിക്കകൊണ്ടും, തന്റെ ആയുഷ്കാലത്തെ വ്യൎത്ഥങ്ങളായസുഖാനുഭോഗങ്ങൾക്കോ തൻകാൎയ്യം മാത്രം നേടുന്നതിനോ, ഇതരസ്ത്രീകളെപ്പോലെ, പാഴായ് ചെലവുചെയ്യായ്കകൊണ്ടും, ഇംഗ്ലാണ്ടിലെ പെൺകുട്ടികളിൽ ഏറിയകൂറും അഭിനന്ദിക്കയും ബഹുമാനിക്കയും അനുകരിക്കയും ചെയ്യുന്നതിന് ഇപ്പൊഴും പാത്രമായ് തീൎന്നിരിക്കുന്ന ഈ സുശീലയുടെ സ്തുത്യങ്ങളായ കൃത്യങ്ങളാൽ സ്ത്രീവൎഗ്ഗത്തിന്ന് സിദ്ധിച്ചിട്ടുള്ള ഉൽകൃഷ്ടത എത്രയോ മഹത്തായിട്ടുള്ളതാണ്. "നിങ്ങൾ വായിച്ചും കേട്ടും അറിഞ്ഞിട്ടുള്ള പുരുഷന്മാരിലും സ്ത്രീകളിലും വച്ച് ആരെപ്പോലെ ഇരിക്കുവാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്„ എന്നു ഇംഗ്ലാണ്ടിലെ തെക്കും വടക്കുമുള്ള പ്രദേശങ്ങളിൽനിന്ന്, കുറെനാൾ മുമ്പ്, തിരഞ്ഞെടുക്കപ്പെട്ട അറുനൂറു കുട്ടികളോട് ഒരു മഹാൻ ചോദിച്ചതിന്ന്, അധികംപേരും സ്ത്രീകളിൽ ഫ്ളാറെൻസ് നൈററിങ്ഗേലിന്റെയും, പുരുഷന്മാരിൽ മിസ്റ്റർ ഗ്ലാഡ്സ്റ്റന്റെയും പേരുകളെയാണ് മറുവടിയായി പറഞ്ഞത്. ഈ സംഗതിയെ ചിന്തിക്കുമ്പോൾ നമ്മുടെ പ്രകൃതനായികയുടെ കീൎത്തി,

യൂറപ്പുമുതലായ ഭൂഖണ്ഡങ്ങളിലെ ആളുകളുടെ മനസ്സിൽ, എത്രയോ സുദൃഢമായി പതിഞ്ഞിരിക്കുന്നുവെന്ന് ധരിക്കാവുന്നതാണ്.

രോഗികളെ ശുശ്രൂഷിച്ച് അവരുടെ ക്ലേശങ്ങൾക്ക് ഉപശാന്തിവരുത്തുന്ന വേലയ്ക്ക് ആദ്യമായി ഒരു ശ്രമം ഉണ്ടായത് ഫ്ളാറെൻസ് നൈററിങ്ഗേൽ മുഖേനയാണെന്നും, ഈ മഹതിയുടെ മാഹാത്മ്യവും, ജീവിതത്തിനുള്ള മാനവും ഈ സൽപ്രവൃത്തിയിലത്രെ പ്രതിഷ്ഠിതങ്ങളെന്നും പറയുന്നത് നിരാക്ഷേപമായ വാസ്തവമാകുന്നു. എന്നാൽ, സാധാരണജനങ്ങൾക്ക് ഈ സുചരിതയെക്കുറിച്ചുള്ള വിചാരം, ക്രൈമിയൻ യുദ്ധത്തിലെ ഭയങ്കരമായ രാജ്യകാര്യക്കുഴപ്പങ്ങളുടെയും യുദ്ധകാര്യങ്ങളിൽ ഉദ്യോഗസ്ഥന്മാർ കാണിച്ച ഭരണവീഴ്ചകളെക്കുറിച്ചുള്ള അതിഭീഷണങ്ങളായ വിജ്ഞാപനങ്ങളുടെയും ഇടയിൽ, ഒതുങ്ങിയ മട്ടിലും സഹൃദയഹൃദയാഹ്ലാദനം ചെയ്യുന്ന വിധത്തിലും വിളങ്ങിക്കാണപ്പെടുന്ന ഒരു രമ്യമായ സ്വരൂപമാണ് ഈ സ്ത്രീ എന്നാകുന്നു.

ഇംഗ്ലാണ്ട രാജ്യത്തിന്റെ മദ്ധ്യപ്രദേശങ്ങളിൽ ഒന്നായ ഡാർബിഷയർ എന്ന താലൂക്കിലെ ലീഹർസ്റ്റ് എന്ന ഗൃഹത്തിൽ വില്യം എഡ്വാർഡ് നൈററിങ്ഗേൽ എന്ന ആളുടെ മകളാണ് ഫ്ളാറെൻസ് നൈററിങ്ഗേൽ. അവളുടെ മാതാപിതാക്കന്മാർ ഇററലി രാജ്യത്തിൽ ടസ്കെനി നാട്ടിലെ പ്രധാന നഗരമായ ഫ്ളാറെൻസ് പട്ടണത്തെസന്ദർശിക്കുവാനായി പോയിരുന്നപ്പോഴാണ് അവൾ ൧൮൨൦-മേ ൧൨-ാം തിയതി ഭൂജാതയായത്. ഫ്ളാറെൻസ് പട്ടണം സമുദ്രത്തിൽനിന്ന് അമ്പതു നാഴിക അകലെ ആർണോ നദീതീരത്തിൽ സ്ഥിതിചെയ്യുന്നതും, അതിരമണീയങ്ങളായ പരിസരങ്ങളാലും ക്രിസ്തുമത പൂജാശാല, സർവകലാശാല, ലോകത്തിലെ ഏററവും മനോഹരങ്ങളായ ചിത്രശാലകൾ എന്നിതുകളാലും അലംകൃതമായതുമാകുന്നു. ഇററലിയിലെ കവികളിൽ ശ്രേഷ്ഠനായ ഡാൻറിയുടെയും, ഉൽകിരണശില്പത്തിൽ വിശ്രുതവിശ്രുതനായ

മൈക്കലാഞ്ജെലോവിന്റെയും ജന്മഭൂമിക്ക് ഈ മഹതിയുടെ ജനനം ഏത്രയും അനുരൂപമായിത്തന്നെയിരുന്നു. അവളുടെ മാതാപിതാക്കന്മാർ അവൾക്ക് അവളുടെ ജന്മഭൂമിയുടെ പേരായ 'ഫ്ളാറെൻസ്', എന്നുതന്നെ നാമകരണം ചെയ്തു. എന്നാൽ, ബാല്യകാലം മുഴുവനും, അവൾ അച്ഛന്റെ സ്വദേശത്തുള്ള മനോജ്ഞങ്ങളും വിചിത്രങ്ങളുമായ കുന്നുകളിലും താഴ്വാര പ്രദേശങ്ങളിലുമാണ് പാർത്തിരുന്നത്.

അവളുടെ ശൈശവം ഏററവും ധന്യമായിരുന്നു എന്നൂഹിക്കുവാൻ ധാരാളം ലക്ഷ്യങ്ങളുണ്ട്. പ്രകൃതിവിലാസങ്ങളെക്കണ്ടും, പ്രകൃതിയിലുള്ള നാനാപക്ഷികളുടെ മധുരസ്വരങ്ങളെ കേട്ടും, കുതിരകൾ, പട്ടികൾ, മുയലുകൾ എന്നീ ഓമനമൃഗങ്ങളെ ലാളിച്ചും, പ്രകൃതിയുടെ രാമണീയകത്തെ അവൾ നല്ലവണ്ണം അനുഭവിച്ചിരുന്നു. അവളുടെ കുട്ടിക്കാലത്ത് അച്ഛന്റെ ഉററചങ്ങാതിയായ ഗ്രാമപുരോഹിതനൊടൊന്നിച്ച് അദ്ദേഹത്തിന്റെ അധികാരത്തിൻകീഴിലുള്ള ഗ്രാമവാസികളിൽ രോഗികളായവരെ കാണ്മാനായി സവാരി പോവുന്നതിലായിരുന്നു അവൾക്ക് അധികം പ്രീതിയുണ്ടായിരുന്നത്. അവൾ ആദ്യമായി ദീനശുശ്രൂഷണം എന്ന വേലയ്ക്ക് ഉദ്യമിച്ചത്, ഒരു പടുകിഴവനായ ആട്ടിടയന്റെ പട്ടിയ്ക്ക് അംഗവൈകല്യം ഉണ്ടായിക്കണ്ടപ്പോഴാണ്. അവൾ കുട്ടിക്കാലത്ത്, കളിപ്പാവകൾ വച്ച് കളിച്ചുകൊണ്ടിരിക്കുന്ന സമയങ്ങളിൽ, പാവകളുടെ കൈകാലുകളിലും മററും, രോഗികളുടെ മുറിവുകളിൽ മരുന്നു വച്ചുകെട്ടുന്നതു പോലെ, തുണിക്കഷണങ്ങൾ കൊണ്ടു കെട്ടുക പതിവായിരുന്നു എന്നൊരു കേട്ടുകേൾവിയുണ്ട്; ഇതു വാസ്തവമാണെങ്കിൽ, തന്റെ നൈസർഗ്ഗികമായ പ്രഭാവത്തെ ആദ്യമേ പ്രയോഗിച്ചുതുടങ്ങിയെന്നുള്ളതിന് ഈ പ്രവൃത്തി വിസ്മയിക്കത്തക്ക ഒരു ദൃഷ്ടാന്തമാകുന്നു.

അവൾ, തന്റെ ജീവിതകാലത്തിലെ ഉദ്യോഗത്തിൽ ഇപ്രകാരം തന്നെത്താനറിയാതെയും ചരിതാർത്ഥതയോടുകൂടിയും പ്രവേശിച്ചുവെങ്കിലും, ഗ്രന്ഥമുഖേനയുള്ള വിദ്യാഭ്യാസ

ത്തിൽ ഉപേക്ഷ കാണിച്ചില്ലാ. അക്കാലത്തെ സ്ത്രീകൾക്ക് സാധാരണമായി ലഭിക്കാവുള്ളതിൽ അധികം വിശാലവും ഉന്നതവുമായ വിദ്യാഭ്യാസം അവൾക്ക് അവളുടെ അച്ഛൻ നൽകിവന്നു. ഗണിതശാസ്ത്രത്തിലും, ലാററിൻ, ഗ്രീക്ക് മുതലായ ശ്രേഷ്ഠഭാഷകളിലും, ആധുനിക ഭാഷകളിലും അവൾ ഏറെ നൈപുണ്യം സമ്പാദിച്ചതിനുപുറമേ, സംഗീതത്തിലും തയ്യലിലും വളരെ സാമൎത്ഥ്യം നേടുകയും ചെയ്തു.

അവൾക്ക് പ്രായം കൂടുന്തോറും അവളുടെ മനശ്ശക്തി ഒരു നാട്ടിമ്പുറത്തെ സ്ത്രീക്ക് സ്വന്ത വേലകൾ ചെയ്യുവാൻ എത്രത്തോളം ആവശ്യപ്പെടുമോ അതിലധികമുണ്ടെന്നു അവൾക്ക് ബോധപ്പെട്ടു തുടങ്ങി. ഈ ഘട്ടത്തിൽ, അവൾ പ്രത്യേകം ഒരു വേല പരിചയിക്കുന്ന കാൎയ്യത്തെ ചിന്തിച്ചു തുടങ്ങി. നമുക്കു ചെയ്യുവാൻ യോഗ്യങ്ങളായി പലവേലകളും ഉണ്ടായിരുന്നാൽ, അവയിലിന്നതു് നന്നെന്നു തിരഞ്ഞു പിടിക്കുന്നതു് എത്രയോ ശ്രമമേറിയതാണെന്നു് സിദ്ധമാണല്ലോ. നമ്മുടെ സാമൎത്ഥ്യത്തെ ഉത്തമമായ രീതിയിൽ പ്രവൎത്തിച്ചു കാണേണമെങ്കിൽ, അതിലേയ്ക്കുതക്കതായ ഒരു പരിശ്രമം ആവശ്യമാകുന്നു. ഇങ്ങനെ പ്രത്യേകമായി തിരഞ്ഞെടുക്കുന്ന ഒരു ജോലിയെ തൃപ്തികരമായി ചെയ്യുമ്പൊഴല്ലാതെ, പുരുഷനാകട്ടേ സ്ത്രീയാകട്ടേ, തന്റെ ജീവിതംകൊണ്ടുണ്ടാകേണ്ടുന്ന ചാരിതാൎത്ഥ്യത്തെ പ്രാപിക്കുന്നില്ലാ. എന്നാൽ, ഇപ്പൊൾ പ്രത്യേകജോലിയെ തിരഞ്ഞെടുക്കുന്നതിനുള്ള ഉത്സാഹമാണെന്നു് നമുക്കു തോന്നാവുന്ന പ്രയത്നങ്ങൾ, നാം പുതുമയേയും വിസ്മയത്തേയും കാംക്ഷിച്ചു് ചെയ്യുന്നവയായി വരാനിടയുണ്ടു്. യൗവനത്തിൽ ഉണ്ടാകാവുന്ന പ്രോത്സാഹനങ്ങൾ എത്രമേൽ വാസ്തവത്തിലുള്ളതെന്നു് ഉരച്ചുനോക്കേണ്ടതു്, അങ്ങനെ ഉണ്ടാകുന്ന പ്രോത്സാഹനങ്ങളെ നാം എത്രമാത്രം സഹനശീലത്തോടും നിഷ്കൃഷ്ടമായ വ്യവസ്ഥയോടും കൂടി സാധിക്കുവാൻ തയാറായിരിക്കുന്നുണ്ടെന്നു് കാണിക്കുന്നതിൽ ആകുന്നു.

ഫ്ളാറെൻസ് നൈററിങ്ഗേൽ ഇപ്പറഞ്ഞ പരീക്ഷയിൽ വിജയിനിയായി എന്നു തന്നെ പറയേണ്ടതാകുന്നു. അവരംക്ക രോഗികളുടെ ശുശ്രൂഷകരം ചെയ്യുന്നതിൽ വളരെതാൽപര്യമുണ്ടായിരുന്നതിനാൽ, അവരം ഇംഗ്ലാണ്ടിലും മറു നാടുകളിലും ഉള്ള ആശുപത്രികളെ ചെന്നു കണ്ടുതുടങ്ങി; ഒടുവിൽ ഫ്രാൻസിൽ കെയ്സർസെവർത്ത് എന്നിടത്തുള്ള ആശുപത്രിയിൽ കുറേക്കാലം പാക്കുന്നതിനും, അവിടെ നിന്നു് സ്വകൃത്യനിർവ്വഹണത്തിന് വേണ്ടുന്ന നിയമങ്ങളെ ശീലിക്കുന്നതിനും അവരം നിശ്ചയിച്ചു.

അവളുടെ ഒരെഴുത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്:—"ഞാൻ പ്രകൃത്യാതന്നെ ലജ്ജാസ്വഭാവമുള്ളവളാകകൊണ്ടു് എനിക്കു് ജീവിതം തീരെ രസമുള്ളതായിരുന്നിട്ടില്ലാ,,. ഈ എഴുത്തിൽ തന്നെ, അവരം, യുവതികളോട് അവരുടെകൃത്യങ്ങളെക്കുറിച്ചു് ചെയ്തിരിക്കുന്ന ഉപദേശങ്ങരം, അവളുടെ സ്വഭാവത്തേയും നടപടികളേയും വെളിപ്പെടുത്തുന്നവയായിരിക്കുന്നു. അവരം ഇങ്ങനെ പറയുന്നു:— "ഏതെങ്കിലും ഒരു പ്രത്യേക വേലയ്ക്കു തുനിയുന്ന യുവതികളോടു എനിക്കു് പറവാനുള്ളതു് ഇതാകുന്നു. പുരുഷന്മാർ എങ്ങനെ അവരുടെ വേലയ്ക്കു പ്രത്യേക സാമർത്ഥ്യം നേടുന്നുവോ, അതുപോലെ നിങ്ങളും നിങ്ങളുടെ ജോലിയിൽ പ്രത്യേകം പരിചയിക്കുക. ഇതു ചെയ്യാതെ, വേല ചെയ്തുകൊള്ളാമെന്നു കരുതേണ്ടാ. ഒരു പുരുഷൻ ചെയ്യേണ്ടിയ വേലയ്ക്കാണ് നിങ്ങരം ഉദ്യമിക്കുന്നതെങ്കിൽ, അതിലേക്കു് ഒരു സ്ത്രീയുടെ അവകാശങ്ങരം വേണമെന്നു ചോദിക്കരുതു് നിങ്ങരംക്കു് അതു ശരിയായ് ചെയ്വാൻ അറിഞ്ഞുകൂടെന്നോ, പുരുഷന്മാരോളം ശക്തിയില്ലെന്നോ വാദിക്കരുതു്. കാര്യനടപ്പിനു്, പുരുഷന്മാർ എന്തൊക്കെഅനുഷ്ഠിക്കുന്നുവോ ആ ചട്ടങ്ങളെയെല്ലാം നിങ്ങളും ആചരിക്കണം: ഇങ്ങനെചെയ്തുവെങ്കിലേ ഈശ്വരൻെറ കൃത്യത്തെ വിജയപ്പെടുത്തുവാൻ നിങ്ങരംക്കു സാധിക്കൂ. ശ്രദ്ധവെയ്ക്കാതേയും മുഴപ്പിക്കാതേയും ഉള്ള വേലയ്ക്കു സാഫല്യത്തെയും അനുഗ്രഹത്തെയും നൽകു

മെന്നു് ഈശ്വരൻ ഒരു കാലത്തും കല്പിച്ചിട്ടില്ല.,, പ്രവൃത്തി പരിശീലനമായ ഈ വിഷയത്തെപ്പററി അവളുടെ അഭിപ്രായത്തെ ഇങ്ങനെ പറഞ്ഞിരിക്കുന്നു:— ''സ്ത്രീകളുടെ ജീവിതത്തിൽ ഉണ്ടായിക്കാണപ്പെടുന്ന അനത്ഥങ്ങളിൽ മുക്കാൽ ഭാഗവും, സ്ത്രീകൾ, പുരുഷന്മാക്കാവശ്യമുള്ള പ്രവൃത്തിപരിശീലനത്തെ സംബന്ധിച്ച വ്യവസ്ഥകളെ വകവയ്ക്കാതെ തള്ളുകയാൽ ഉണ്ടാകുന്നവയാകുന്നു.,,

അവൾ കെയ്സർസ്വെർത്തിനെ വിട്ടുപിരിഞ്ഞതിന്റെ ശേഷം, കുറേനാൾ പാരീസ് പട്ടണത്തിലുള്ള ''സെയ്ൻറ് വിൻസൻറ്-ഡി- പാൾ,, എന്ന ക്രിസ്തീയ കന്യാമഠത്തിലെ കന്യകകളോടൊരുമിച്ചു് പാത്തു്, അവരുടെ വേലയിൽ സഹകരിച്ചു കൊണ്ടിരുന്നു. തദനന്തരം, അവൾ ഇംഗ്ലാണ്ടിൽ തിരികെ ചെന്നു്, അവിടെ പ്രത്യേകമായൊരു സുഖവാസ സ്ഥലത്തു്, രണ്ടു മൂന്നു കൊല്ലം, രോഗിണികളായ വൃദ്ധ മദാമ്മമാരെ പരിചരിച്ചുകൊണ്ടു് കാലയാപനം ചെയ്തു. ഇങ്ങനെയുള്ള ജോലികൾചെയ്തു് അവൾ അല്പകാലം വിശ്രമിക്കയായിരുന്നു; അപ്പോഴേക്കും ക്രൈമിയൻ യുദ്ധം തുടങ്ങി. അവളുടെ പരോപകാരിത ഈ യുദ്ധകാലത്തിലാണ് ധാരാളമായിപ്രകാശിച്ചതു്.

''ക്രിമിയാ,, എന്ന ദേശം യൂറപ്യൻ റഷ്യാ രാജ്യത്തിന്റെ തെക്കു് ''ബ്ലായ്ക്ക്സീ,, എന്ന കരിങ്കടലിലുള്ള ഒരു ദ്വീപാണു്. തുക്കിരാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചു് ഇംഗ്ലാണ്ടും ഫ്രാൻസും, തുക്കിയും ഒരു ഭാഗത്തും, റഷ്യാ മറുഭാഗത്തും ആയി നടത്തിയ മഹായുദ്ധമായിരുന്നു ക്രൈമിയൻ യുദ്ധം. ൧൮൫൪-ാമാണ്ടു് ശരൽക്കാലത്തിനകമായി, അതിഭയങ്കരങ്ങളായ അനേകം പോരുകൾ നടത്തിക്കഴിഞ്ഞു. ഇംഗ്ലീഷ് പട്ടാളക്കാരും, സഹായികളും, അവർ ബന്ധിച്ച തടവുകാരും, കിടന്നിരുന്ന പ്രദേശങ്ങളിൽ, ആരോഗ്യരക്ഷ വളരെ മോശമായിത്തീന്നു. അതുനിമിത്തം, അവരുടെ ഇടയിൽ, രോഗത്താൽ മരിച്ച ആളുകളുടെ എണ്ണം യുദ്ധത്തിൽ മരിച്ചവരുടെ എണ്ണത്തിൽ വളരെ കൂടുതലായിരുന്നു. ആരോഗ്യരക്ഷയെ സംബന്ധി

ച്ചുള്ള ഭാരവാഹികളുടെ പിടിപ്പുകേടും ഉപേക്ഷയും വെളിപ്പെട്ടപ്പോൾ, അതിനെപ്പററി ഇംഗ്ലാണ്ടിൽ പരക്കെ ഉണ്ടായ മനസ്താപം അളവററതായിരുന്നു. സമരസ്ഥലമായ സ്കൂട്ടേരിയിൽ അക്കാലത്തുപാർത്തിരുന്ന റെവറണ്ട് സിഡ്നി ഗൊഡൊൾഫിൻ ആസ്ബോർൺ എന്ന പാതിരി, ആ ആളുകളുടെ കഷ്ടതയെപ്പററി ബഹുജനങ്ങളെ അറിയിച്ചിട്ടുള്ള വിവരങ്ങൾ ദയനീയങ്ങളാണ്. അദ്ദേഹം പറയുന്നതാവിതു്:— "ആശുപത്രിയിൽ അത്യാവശ്യം വേണ്ടതായ പലേ സാധനങ്ങളും അവിടെ ഇല്ലാതിരുന്നു; അഥവാ, കലവറയിൽനിന്ന് അവയെ ലഭിയ്ക്കുവാൻ പ്രയാസമായിരുന്നു. ഒരു വലിയ സൈന്യത്തിലെ രോഗികളും മുറിപ്പെട്ടവരും ആയ ആളുകളെ ചികിത്സിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ഒരു ശാലയിൽ ഒന്നാമതായും സാധാരണമായും ആവശ്യപ്പെടുന്ന കാര്യങ്ങളെ സാധിക്കേണ്ടുന്നതിനുള്ള ഒരുക്കം ഇവിടെ തീരെ ഇല്ലായിരുന്നു. ഏതാനും ആഴ്ചവട്ടകാലം ആയിരത്തിലധികം ദീനക്കാൎക്കു് കിടക്കുവാൻ കിടക്ക മുതലായവയില്ലായിരുന്നു. പല ആഴ്ചവട്ടങ്ങളിൽ ഉടുപ്പുകൾ അലക്കുക എന്നതേ ഉണ്ടായിരുന്നില്ല. രോഗികൾ തറമേലോ കാവൽപ്പുരകൾക്കു ചുററുമുള്ള മരപ്പടികളിന്മേലോ കിടന്നിരുന്നു. അവർ കിടന്നിരുന്ന കനം കുറഞ്ഞ മെത്തകൾക്കടിയിൽ ഇട്ടിരുന്ന പലകകൾ ഏററവും ജീൎണ്ണിപ്പെട്ടവയായിരുന്നു. രോഗികളിൽ ചിലരുടെ ദേഹം ക്രിമികളുട്ടതാൽ പൊതിഞ്ഞും, നാറുന്ന വസ്ത്രങ്ങൾ നിറഞ്ഞും, ഇരിക്കുന്നതു് ഞാൻ കണ്ടു . . മസൂരിരോഗികൾ കിടന്നിരുന്ന പുര ഒഴിച്ചതിന്റെ പിറെറന്നാൾ, ആ സ്ഥലത്തുചെന്നു് നോക്കിയപ്പോൾ, അതിനുള്ളിൽ ചില ഉദ്യോഗസ്ഥന്മാർ, അല്പം മുമ്പ് ഇംഗ്ലാണ്ടിൽനിന്നു് വന്നുചേൎന്ന പുതിയ കംബളങ്ങളെയും മെത്തകളെയും ഇട്ടു് സൂക്ഷിക്കുവാൻ തുടങ്ങിയതായിക്കണ്ടിട്ടു് ഞാൻ അത്ഭുതപരവശനായിപ്പോയി. രോഗികൾക്കു കൊണ്ടുവന്ന മാംസഭോജനത്തെ എത്രയോ നിന്ദ്യമായ വിധത്തിലാണ് വിളമ്പിയിരുന്നതു്. എന്നു മാത്രമല്ല, അതു് പലപ്പോഴും അവൎക്കു് തിന്നാൻ പാടില്ലാത്തവിധത്തിൽ നല്ലവണ്ണം

വേകാത്തതായിരുന്നു. അനേകംപേർ അതിസാരത്താലോ മഹാവ്രണങ്ങളാലോ പീഡിതരായി, പല മാസകാലമായിട്ട് മെത്തത്തുണി ഒന്നുപോലും മാറാത്ത കിടക്കകളിൽ കിടക്കുന്നുണ്ടായിരുന്നു.,,

ഭയങ്കരമായവിധം ഭയനീയങ്ങളായ ഈ മാതിരി സംഭവങ്ങളെപ്പററി ഇംഗ്ലാണ്ടിൽ "ടൈംസ്", പത്രത്തിലെക്ക് സ്വന്തം ലേഖകനായ ഡാക്ടർ (പിന്നീട്, സർ)വില്യം ഹൌവർഡ് റസ്സൽ സവിസ്തരം എഴുതിയിരുന്നു. യുദ്ധഭൂമിയിലെ പരമാർത്ഥസ്ഥിതിയെപ്പററി ഇപ്രകാരം അറിവു കിട്ടിയപ്പോൾ, സ്വരാജ്യസ്നേഹമുള്ളവരുടെ ഹൃദയങ്ങളിൽ സഹായം ചെയ്വാനുള്ള ഔത്സുക്യം ഉജ്ജ്വലിച്ചു തുടങ്ങി. മുറിവേറ്റ ഭടന്മാരുടെ ശുശ്രൂഷണത്തിന് വേണ്ടുന്ന സാധനങ്ങളെല്ലാം വാങ്ങിക്കൂട്ടുന്നതിനു ആവശ്യപ്പെട്ട പണം ശേഖരിയ്ക്കുവാൻ 'ടൈംസ്', പത്രം ഉടൻ ഒരുപണപ്പിരിവ് ആരംഭിച്ചു. അന്ന് യുദ്ധകാര്യദർശിയായിരുന്നത് സിഡ്നിഹേർബർട്ട് എന്ന ആളായിരുന്നു. അദ്ദേഹത്തിൻെറ പേർക്ക് ആ അക്ടോബർ മാസം ൧൪-ാംനു- ഫ്ളാറെൻസ് നൈററിങ്ഗേൽ അയച്ച എഴുത്തിൽ, താൻ യുദ്ധസ്ഥലത്തുള്ള ആശുപത്രികളിൽ രോഗികളെ ശുശ്രൂഷിക്കുവാൻ പോകുന്നതിനു് സന്നദ്ധയാണെന്ന് കാണിച്ചിരുന്നു. ഇതിൽപരം പ്രശംസനീയമായ ഒരു പരോപകാരശീലം ആരാണ് കാണിക്കുന്നതു്? അവൾ സ്വമേധയാ ചെയ്ത ഈ വാഗ്ദാനത്തെ യുദ്ധകാര്യമന്ത്രി കൃതജ്ഞതാപൂർവം സ്വീകരിക്കയും, ആ വേലയ്ക്ക് പോകണമെന്നു അവളോടപേക്ഷിക്കുകയും ചെയ്തു.

ദീനശുശ്രൂഷണത്തിന് പരിശീലിച്ചിട്ടുള്ളവരായി സാമർത്ഥ്യശാലിനികളായ സ്ത്രീകൾ അന്നില്ലായിരുന്നു എന്ന് പറഞ്ഞേ തീരൂ. എന്നാൽ, അക്ടോബർ ൨൧-ാംനു- വൈകുന്നതിനകം അവൾ മുപ്പത്തിനാലുസ്ത്രീകളെ ഒന്നായിച്ചേർത്ത്, തൻെറ ചെങ്ങാതികളായ റെവറണ്ട് മിസ്റ്റർ ബ്രേസ് ബ്രിഡ്ജിനൊടും അദ്ദേഹത്തിൻെറ ഭാര്യയൊടും കൂടെ ക്രിമിയായിലേ

ക്ക് കപ്പൽകയറി പുറപ്പെട്ടു. അമ്പതു പരിചാരികകൾകൂടെ പിന്നാലെ ചെന്നുചേൻ്റു.

ദീനശുശ്രൂഷികകളുടെ സ്ഥിതി ആക്കാലത്തു ശോചനിയമായിരുന്നു എന്നു മുമ്പു സൂചിപ്പിച്ചുവല്ലൊ. നൈററിങ്ഗേലിൻെറ ചെറുപ്പകാലത്തു "നഴ്സിങ്,, (ദീനപരിചാരണം) പ്രത്യേകം അഭ്യസിച്ചു അതിൽ നൈപുണ്യം നേടിയവരുടെ എണ്ണം ഇംഗ്ലാണ്ടിൽ മിക്കവാറും പൂജ്യമായ് തന്നെയിരുന്നു. ഫ്രാൻസ് മുതലായ രാജ്യങ്ങളിൽ, സന്യാസിനീ മഠങ്ങളിലെ കന്യാവ്രതക്കാർ, ദീനശുശ്രൂഷണം ശീലിച്ചിരുന്നതുകൊണ്ടു, അവിടങ്ങളിലെ സാധുക്കൾക്കു ഈ സംഗതിയിൽ അത്ര ക്ലേശങ്ങൾ നേരിട്ടിരുന്നില്ലാ. ഇംഗ്ലണ്ടിൽ "റിഫർമേഷൻ,, എന്ന മതകാൎയ്യപരിവൎത്തനത്തോടുകൂടെ ഇത്തരം സന്യാസാശ്രമങ്ങളെ നിരുത്സാഹപ്പെടുത്തുക നിമിത്തം, പാവപ്പെട്ട ദീനജനങ്ങൾക്കു ആ വഴി കിട്ടിക്കൊണ്ടിരുന്ന ഉപകാരം അസ്തമിച്ചുപോയി. ഇതു ഹേതുവായിട്ടു, മിസ് നൈററിങ്ഗേൽ ക്രിമിയാവിൽ എത്തിയപ്പോൾ, പരന്ത്രീസ് ജനങ്ങളുടെ ഇടയിലുള്ള മേല്പടി ഏർപ്പാടിൻെറ ഫലമായി, പരന്ത്രീസ് സൈന്യത്തിലെ മുറിവേററ ഭടന്മാരെ, ഫ്രെഞ്ചു "സിസ്റ്റർസ് ആഫ് ചാരിട്ടി,, എന്ന ദീനപാലന കന്യകകൾ ശുശ്രൂഷിക്കുന്നതും, ഇംഗ്ലീഷ് ഭടന്മാരിൽ മുറിവേററവരുടെ ശുശ്രൂഷണം ഉപേക്ഷിച്ച നിലയിലിരിക്കുന്നതും കാണ്മാൻ സംഗതിയായി. ദീനശുശ്രൂഷണം മതസംബന്ധമായ ഒരു കൎത്തവ്യമാണെന്നു ഇപ്രകാരം ഫ്രാൻസിൽ പ്രകടീകരിച്ചിരുന്ന കാലത്തു, ഇംഗ്ലണ്ടിൽ അതു മൃതപ്രായമായിരിക്കയും, പരോപകാര വിഷയമായും തൊഴിൽ വിഷയമായും ഉള്ള അതിൻെറ രണ്ടു സ്വരൂപങ്ങളിൽ, ആദ്യത്തെതു മാത്രം പ്രകാശിച്ചുതുടങ്ങുകയും ചെയ്തിരിക്കയായിരുന്നു. വീട്ടുജോലി ഇല്ലാത്ത പക്ഷമേ ദീനശുശ്രൂഷണം ചെയ്യുയെന്ന ജോലിയ്ക്കു സ്ത്രീകൾ ഉദ്യമിച്ചിരുന്നുള്ളു. ഇത്തരം ദീനപരിചാരികകളെപ്പറ്റി Hospitals and Asyulms of the World (ലോകത്തിലെ ആതുരശാലകളും

ക്ഷാശാലകളും)എന്ന ഗ്രന്ഥത്തിൽ വർണ്ണിച്ചിട്ടുള്ളതു് ഇപ്രകാരമാണ്:—"൧൮൪൦-മാണ്ടിനുമുമ്പു ദീനശുശ്രൂഷികകൾ സ്ത്രീകളായുള്ള ജോലിക്കാരിൽ ഏററവും നിന്ദ്യനിലയിലിരിക്കയായിരുന്നു; ഒരുവളെ ദീനപരിചാരികയായി ഉദ്യോഗിപ്പിക്കുന്ന അവസരത്തിൽ നിർണ്ണയിച്ചിരുന്ന സംഗതികൾ, അവൾ ഐറിഷ്ജനമല്ലെന്നും, കള്ളുകുടിക്കു ശീലമുള്ളവളല്ലെന്നുമായിരുന്നു. അവരുടെ നല്ല നടത്തയ്ക്കു സാക്ഷ്യം മേടിക്കാതെയാണ് അവരെ ജോലിക്കു നിയമിച്ചിരുന്നതു്; എന്തെന്നാൽ, ഇത്ര അഹിതമായ ഒരു ജോലി ഏൽക്കുവാൻ യാതൊരു മാന്യസ്ത്രീക്കും മനസ്സില്ലായിരുന്നു. ഈ ജോലിക്കാരി സ്ത്രീകൾക്കു എല്ലാ ദുർഗ്ഗുണങ്ങളും ധാരാളമുണ്ടായിരുന്നു; അവർ ആസന്നമരണരായ ജനങ്ങൾക്കു നൽകിവന്ന സഹായം, അവരുടെ തലയണകളെയും മെത്തത്തുണികളെയും നീക്കിക്കളഞ്ഞു് മൃത്യുവിന്റെ ആവേശത്തെ ത്വരിപ്പിക്കുകയായിരുന്നു,,. ഈ സ്ഥിതിക്കു, ദീനശുശ്രൂഷണം ഇങ്ങനെ നിന്ദ്യനിലയെ പ്രാപിച്ചതു് അത്ഭുതമല്ലല്ലോ. ൧൮൪൭-മാണ്ടു, "ഹാസ്ലാർ നാവൽ ഹാസ്പിററൽ,, എന്ന നാവികാതുരശാലയിലേക്കു പരിചാരികകളായിരിപ്പാൻ ജോലി പരിശീലിക്കുന്നതിനു സർ എഡ്വർഡ് ഫ്രൈ സ്ത്രീകളെ ക്ഷണിച്ചതിൽ ഒരാളും മറുവടികൊടുക്കാതിരുന്നതും ആശ്ചര്യകരമല്ലാ. ക്രിമിയയിലെക്കു പുറപ്പെട്ട സമയത്തു മിസ് നൈററിങ്ഗേലിനു ദീനപരിചരണ നിപുണകളായ സ്ത്രീകളെ യഥേഷ്ടം ലഭിക്കാൻ കഴിയാതിരുന്നതും മേൽപറഞ്ഞ കാരണത്താൽ തന്നെയാണ്.

മിസ് നൈററിങ്ഗേൽ, സ്കൂട്ടേരിയിൽ എത്തിയപ്പോൾ, രോഗികളായും മുറിവേററവരായും ൨൩൦൦-ൽ കുറയാതെ ആളുകൾ അവളുടെ വരവിനെ പ്രതീക്ഷിച്ചു കിടക്കുന്നുണ്ടായിരുന്നു; ഈ എണ്ണം, പിറെറന്നു, അഞ്ഞൂറുകൂടി വദ്ധിച്ചു. അവളുടെ പ്രവൃത്തി, ഭീമശക്തിയുള്ള ഒരുവനുകൂടെയും ദുഷ്കരമായിരുന്നു. ക്രമക്കേട്, അപ്രാപ്തി, അസൂയ എന്നിവ അവൾക്കു ചുഴലവുംകളിയാടിക്കൊണ്ടിരുന്നു. എന്നാൽ, അവളും കൂട്ടരും പാത്തിരുന്ന സ്കൂട്ടേരി ആശുപത്രിയുടെ വടക്കു കിഴക്കേഗോ

പുരത്തിൽനിന്ന് പരോപകാരിതയും ധൎമ്മയത്നവും നിൎബാധമായി പ്രവഹിച്ചുതുടങ്ങി. ആഹാരംപാകംചെയ്യുന്നതിനുവേണ്ടതായ ഒരു അടുക്കള ഉടൻ ഏൎപ്പെടുത്തി. അലക്കുന്നതിനുവേണ്ട ശട്ടവട്ടങ്ങളും ഉടൻ നടത്തി. രോഗശുശ്രൂഷണത്തിനു കഴിവുള്ളേടത്തോളം വേണ്ടുന്ന വ്യവസ്ഥകൾ ചെയ്തു. മിസ് നൈറ്റിംഗേലിന്റെ കാൎയ്യനിൎവ്വഹണത്തെ വിവരിക്കുന്നതു എന്നാൽ അശക്യമാകുന്നു എന്നത്രേ റെവറണ്ട് സിഡ്നിഗൊഡാൾഫിൻ ആസ്ബോൎൺ പറയുന്നതു്.

ഫ്ളാറെൻസ് നൈറ്റിങ്ഗേലിന്റെ അപ്പോഴത്തെ സ്ഥിതിയെ മിസ്റ്റർ ആസ്ബോൎൺ ഇങ്ങനെ വൎണ്ണിച്ചിരിക്കുന്നു:— "അവൾ കാഴ്ചയ്ക്കു മുപ്പതു വയസ്സിലധികം പ്രായംതോന്നിക്കുന്ന സുവിനീതയായ യാതൊരു സ്ത്രീക്കും ഉണ്ടായിരിക്കുമെന്നു കരുതാവുന്നഗുണങ്ങളുള്ളവളായിരുന്നു. അവളുടെ ആകൃതിയും അതിനനുരൂപയായ പ്രകൃതിയും ഹൃദയാകൎഷിണികളാകുന്നു. പ്രത്യക്ഷമായ സൗന്ദൎയ്യം ആകൃതിക്കില്ലാ; അവളുടെ മുഖത്തെ ഒരിക്കൽ കണ്ടാൽ പിന്നെ മറക്കുവാൻ പ്രയാസമാണ്; മുഖത്തുനിന്നു പുറപ്പെടുന്ന മന്ദഹാസം ആഹ്ലാദകരമാകുന്നു. അവളുടെ നയനങ്ങൾ അനല്പമായ ആത്മനിഷ്ഠയുടെ അടയാളങ്ങളാകുന്നു. അവളുടെ കണ്ണുകൾക്കുള്ള നിശ്ചഞ്ചലമായ നോട്ടംകൊണ്ടു തന്റെ മനോഭാവങ്ങളുടെ ഉറപ്പിനെ നല്ലവണ്ണം സ്ഫുടിപ്പിച്ചിരുന്നു. അവളുടെ ചേഷ്ടിതം സാധാരണമായി അവധാനത്തോടും ഗ്രൗഢഭാവത്തോടും കൂടിയതാകുന്നു. എങ്കിലും, പരിഹാസയോഗ്യമായ സംഗതികളെപ്പററി അവൾക്കു ജീവത്തായ ഒരു ബോധം ദൈവത്താൽ അനുഗ്രഹിതമായിട്ടുണ്ടെന്നുകൂടി എനിക്കു തോന്നുന്നു. താൻ ഏതുകാൎയ്യം ചെയ്യുന്നുവോ അതിനു തത്സമയം തടസ്ഥമായി വരാവുന്ന യാതൊരു ബോധത്തെയും അടക്കിനിറുത്തുവാൻ തക്കവിധത്തിൽ അവളുടെ മനസ്സിനെ പരിശീലിപ്പിച്ചിരിക്കുന്നു എന്നുള്ളതു സ്പഷ്ടമാകുന്നു. മററുള്ളവരെ ആജ്ഞാപിച്ച് ഏതും പ്രവൎത്തിപ്പിക്കുന്നതിനു അവൾക്കു സാമൎത്ഥ്യമുണ്ട് അന്യരോ

ട്ടുള്ള അന്തരഞ്ജനവും, തന്നത്താനുള്ള നിയന്ത്രണവും വളരെ വിലയുള്ളവയാണെന്നു അവൾ ഗ്രഹിച്ചിട്ടുണ്ട്. അവൾ ശട്ടവട്ടങ്ങളിൽ ഏറെ നിഷ്കർഷയായ നിഷ്ഠയുള്ള ആളെന്നാണ് ഞാൻ വിചാരിക്കുന്നത്. അവൾ ഏതെങ്കിലുമൊരു ജോലിയുടെ മുതലക്കാരിയായ്ത്തീർന്നാൽ, താൻ നൽകുന്ന ആജ്ഞകളെ ഒക്കെയും തന്റെ കീഴ്വരുതിക്കാർ അക്ഷരാൎത്ഥമായ് അനുസരിച്ചുവെങ്കിലേ താൻ ഏറ്റജോലി സഫലമാവൂ എന്നു ബോധിച്ചിട്ടുള്ളവളാണ്. അവളുടെ സിരകളുടെ ശക്തി അത്ഭുതകരമാകുന്നു. രോഗം സംക്രമിക്കുമെന്നുള്ള ശങ്കയേ അവൾക്കില്ലാ. അവൾ, ജാതിമതഭേദം നോക്കാതെ ആരെയും ശുശ്രൂഷിച്ചുവന്നു. ഒരു മതവുമില്ലാത്തവനെന്നു സമ്മതിച്ചു പറയുന്ന യാതൊരു സമസൃഷ്ടന്റെ പോലും മരണദശയിൽ അവനു തലയണ തട്ടിക്കുടഞ്ഞു മൃദുവാക്കിവയ്ക്കുന്നതിലോ, കുടിക്കുവാൻ വെള്ളം കൊടുക്കുന്നതിലോ അവൾക്കു തിരെ മടിയില്ലായിരുന്നു,,.

൧൮൫൬-ാമാണ്ടിൽ യുദ്ധം അവസാനിച്ചു. ഇംഗ്ലീഷ്ജനങ്ങൾ ഫ്ലാറെൻസ് നൈററിങ്ഗേലിനെ ബഹുജനസമക്ഷം സൽക്കരിപ്പാൻ മനസ്സുള്ളവരായിരുന്നു. എന്നാൽ, ഈ മഹതി ആധികമായ കോലാഹലം കൂട്ടാതെ ആരുമറിയാത്തവിധത്തിൽ തന്റെ നാട്ടിമ്പുറവീട്ടിലേക്കു മടങ്ങിപ്പോകയാണുണ്ടായത്. ഗുണവതി വിക്ടോറിയാറാണി മിസ്സ് നൈററിംഗേലിനു ബഹുമതിയായി ഒരു ഭൂഷണം അയച്ചുകൊടുത്തു. ഇതു വജ്രഖചിതമായ ഒരു കുരിശായിരുന്നു. ഇതിനുപുറമേ, മിസ്സ് നൈററിങ്ഗേലിന്റെ ഉപകാരത്തിനായി വളരെ കൃതജ്ഞതയോടെ വന്ദനം പറയുന്ന ഒരെഴുത്തു സ്വന്തകൈപ്പടയിൽ എഴുതി അയച്ചതുകൂടാതെ, അവളെ ‘‘ബാൽമോറൽ കാസിൽ,, എന്ന രാജമന്ദിരത്തിൽ അതിഥിയായിട്ടു റാണിക്ഷണിക്കയും ചെയ്തു. റാണിയുടെ ഭർത്താവായ പ്രിൻസ് ആൽബെർട്ട്, മിസ് നൈററിങ്ഗേലിനെക്കുറിച്ചു, ‘‘അവളുടെ പേരിൽ ഞങ്ങൾക്കു വളരെ പ്രീതിയുണ്ട്; അവൾ ഏറെ വിനയ

ശീലമുള്ളവളാണ്,, എന്നു ഒരിഷ്ടൻ എഴുതിയിരുന്നു. തുർക്കി രാജ്യാധിപതിയായ സുൽത്താൻ അവളുടെ കൃത്യപരായണതയെ ബഹുമാനിച്ച്, അവൾക്കു രത്നഖചിതമായ ഒരു കങ്കണമയച്ചു കൊടുക്കുകയുണ്ടായി. ഇംഗ്ലണ്ടിലെ യുദ്ധകാര്യമന്ത്രിയായ മിസ്റ്റർ സിഡ്നിഹെർബർട്ടു് പാർളിമെൻറു് സഭായോഗത്തിൽ വച്ച് അവളുടെ കഥയെ പ്രസംഗിച്ച് ഇങ്ങനെ പറഞ്ഞു:— "അവളെക്കുറിച്ചു വളരെ ഏറെ സ്തുതി അടങ്ങീട്ടുള്ള പല എഴുത്തുകൾ യുദ്ധംവക മെഡിക്കൽ ഉദ്യോഗസ്ഥന്മാരിൽനിന്ന് മാത്രമല്ലാ, അവളുടെ കൃത്യത്തെ കണ്ടറിവാനിടവന്ന മററനേകം പേരിൽനിന്നും എനിക്ക് കിട്ടീട്ടുണ്ടു് അവയിലടങ്ങിയ സ്തുതിവചനങ്ങളെ ഞാൻ ഇപ്പോൾ ആവർത്തിച്ചുപറയുന്നില്ലാ. മിസ് നൈററിങ്ഗേൽ പ്രദർശിപ്പിച്ചിരിക്കുന്ന അത്ഭുതകരമായ ശക്തിയേയും, ആശ്ചര്യകരമായ കൌശലത്തേയും, വിസ്മയകരമായ കാരുണ്യത്തേയും, അസാധാരണമായ ആത്മപരിത്യാഗത്തേയും, കുറിച്ച് സ്ത്രീവർഗ്ഗത്തിന് ഇതിലധികം പ്രശംസകൾ ലഭിക്കുവാൻ കഴിയുന്നതല്ലാ.

യുദ്ധകാര്യത്തിൽ വിപരീതകക്ഷിക്കാരായിരുന്നവർ പോലും അവളുടെ സംഗതിയിൽ സവിശേഷമായി സ്തുതി ചെയ്തിരിക്കുന്നു. അവളുടെ കാരുണ്യത്തേയും, സമർത്ഥമായ വിവേകത്തേയും, സന്നദ്ധമായ ബുദ്ധിയേയും, അവൾ പ്രദർശിപ്പിച്ച വിശേഷ പരിചയത്തേയും, വേണ്ടും വണ്ണം സ്തുതിക്കുവാൻ പ്രയാസമാകുന്നു എന്നാണ് ഇവർ പറഞ്ഞിരിക്കുന്നതു്.

എന്നാൽ, മിസ് നൈററിങ്ഗേലിൻെറ കീർത്തി ഇതിലുമധികം ആകേണ്ടതിന്നവഴി ഉണ്ടായി. അവൾ മേല്പടി യുദ്ധകാലത്തുചെയ്ത പരോപകാരങ്ങളുടെ മുഖ്യഫലമായി മറെറാന്ന് കൂടെ ഉണ്ടായിട്ടുണ്ടു് അക്കാലത്തു്, ദീനശുശ്രൂഷണത്തെ സംബന്ധിച്ച് ഒരു സ്ത്രീക്ക് വിദ്യാഭ്യാസം സിദ്ധിക്കുവാൻ എളുപ്പമായ യാതൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ലാ. ഐറിഷ് ഗ്രന്ഥകർത്ത്രിയായ മിസ്സസ് എസ് സി. ഹാൾ എന്ന സ്ത്രീയും മററചില സ്ത്രീകളും കൂടെ മിസ് നൈററിങ്ഗേലിൻെറ

ബഹുമതിസ്മാരകമായി, അവളുടെ ഇഷ്ടംപോലെ വിനിയോഗം ചെയ്യുന്നതിന് വേണ്ട പണം ശേഖരിപ്പാൻ തുടങ്ങി. ഇതിന്റെ ഫലമായി ൪൫,൪൦൦—പവൻ പിരിക്കയും, ലണ്ടനിലെ സെൻറ് താമസ് ആശുപത്രിയോടുചേർന്ന് 'നൈററിങ്ഗേൽ ട്രേനിങ്സ്കൂൾ ആൻഡ് ഹോം,, എന്ന പേരിൽ ദീനശുശ്രൂഷണം അഭ്യസിപ്പിക്കുന്നതിലേക്ക് ഒരു ശാല സ്ഥാപിക്കയും ചെയ്തു. ഇതു്, ഇതുപോലെയുള്ള അനേകം സ്ഥാപനങ്ങൾക്ക് മാതൃകയായിത്തീർന്നു.

ഈ ശാലയെക്കുറിച്ച് വിമർശനം ചെയ്യുന്ന സന്ദർഭത്തിൽ, എഡ്വിൻ എ. പ്രാററ് പറയുന്നതാവിതു്:— "ഏതാദൃശങ്ങളായ അനേകം പാഠശാലകളുടെയും സ്ഥാപനങ്ങളുടെയും മാർഗ്ഗദർശകമായും, പരിഷ്കൃതലോകത്തിലെവിടെയും പ്രചരിച്ചിട്ടുള്ളവയും ഇപ്പോൾ അനേക സഹസ്രം ജനങ്ങളുടെ നിത്യജീവിതത്തെ ഏറെക്കുറെ സംബന്ധിക്കുന്നവയും ആയ സൽപ്രഭാവങ്ങളുടെ കേന്ദ്രസ്ഥാനമായും നമ്മുടെ ഇടയിൽ നിൽക്കുന്ന ഈ വിസ്മയനീയമായ സ്ഥാപനം യുദ്ധത്തിന്റെ ഭയങ്കരതയെ ശമിപ്പിക്കുന്നതിനായി ഫ്ലാറെൻസ് നൈറ്റിങ്ഗേൽ ചെയ്ത പ്രയത്നം കൊണ്ടു സ്മരിക്കപ്പെടുന്നതല്ലാതെ, അതിന്റെ യഥാർത്ഥ കാര്യങ്ങളെ കൊണ്ടു മിക്കവാറും സ്മരിക്കപ്പെടാത്തതായ ഒരു യുദ്ധത്തിന്റെ അവശ്യഫലവും ശാശ്വതസ്മാരകവുമായിരിക്കുന്നു എന്നുള്ളതു് അനല്പം കൗതുകകരമായിത്തന്നെയിരിക്കുന്നതാണ്"

"ആയോധനതന്ത്രം ഒരു മഹാശാസ്ത്രമായിരിക്കാം; എന്നാൽ, മനുഷ്യജീവിതം എത്രയോ അധികം ശക്തിമത്തായതാകുന്നു. യുദ്ധതന്ത്രജ്ഞന്മാരുടെ രക്തപ്രവാഹയുതമായ രണാങ്കണത്തിന് ഒരു അബലയും ലോലയുമായ സ്ത്രീയുടെ ഹൃദയവും കരങ്ങളും പ്രകൃതിയുടെ സ്പർശനം നൽകിയിരിക്കുന്നു; ഇതു നിമിത്തം, ജനസമുദായത്തിന്റെ സ്മരണയിൽ അവർ നിസ്സാരന്മാരായ് ഭവിക്കയും, അവൾക്ക് കീർത്തിപട്ടികയിൽ അനശ്വരമായ ഒരു സ്ഥാനം ലഭിക്കയും ചെയ്തു. അവർ നിമി

ത്തം ഉണ്ടായ കഷ്ടതകളിൽ നിന്ന്, മനുഷ്യൎക്ക് അനന്തകാലത്തേക്ക്, ഗണനാതീതമായ അനുഗ്രഹങ്ങളെ ഉണ്ടാക്കുവാൻ സംഗതിയായ്തീൎന്ന ഒരു സൽകാൎയ്യത്തെ അവൾ ഉൽപാദിപ്പിച്ചു; ഈ റഷ്യൻ യുദ്ധത്തിന്റെ തന്ത്രജ്ഞന്മാരെക്കുറിച്ച് ഇന്ന് ആരെങ്കിലും സ്മരിക്കുന്നുണ്ടെങ്കിൽ മുഖ്യമായും അത്, അവർ നേരിട്ടോ അല്ലാതെയോ ഉത്തരവാദികളായ് തീൎന്നിട്ടുള്ള ദോഷങ്ങളെ ഭേദപ്പെടുത്തുന്നതിനുവേണ്ടി എത്രയോ ധൈൎയ്യപൂൎവ്വം പ്രയത്നിച്ച ആ പരിചാരിക ഹേതുവായിട്ടാകുന്നു „

ക്രൈമിയൻ യുദ്ധകാലത്തെ അക്ഷീണമായ പ്രയത്നത്താൽ ആരോഗ്യം ക്ഷയിച്ച് കേവലം രോഗിണിയായിത്തീൎന്നിരുന്ന് അവൾ, ഈ ശാലയുടെ സംഗതിയിൽ പ്രത്യേകം ശ്രദ്ധ വച്ചിരുന്നു. ഈ ശാലയിൽ ദീനശുശ്രൂഷ അഭ്യസിച്ചവരിൽ മിസ് ആഗ്നേസ് ജോൺസ്, ഫ്ളാറെൻസ് എസ്.ലീസ് മുതലായ ചിലർ പിൽക്കാലത്ത് ഇതിനുമണ്ണം ഖ്യാതിയെ പ്രാപിക്കാനിടയായിട്ടുണ്ട്. സ്ത്രീകളുടെ അഭ്യുദയത്തിനായിട്ടുള്ള മററു പല സ്ഥാപനങ്ങളിലും അവൾ താൽപൎയ്യം വച്ചുകൊണ്ടിരുന്നു. ൧൮൮൨-ാമാണ്ട് അവൾ ബഖിങ്ഗംഷയറിൽ ക്ലേഡൻ എന്ന വീട്ടിൽ പാൎക്കുന്ന തന്റെ ജ്യേഷ്ഠസഹോദരിയെ കാണ്മാനായി പോയിരുന്നപ്പോൾ, ഡാർബിഷയറിൽ “വ്ലിട്ട്സ്റ്റാൻഡ്വേൽ„ എന്നടത്തെ വേലക്കാരുടെ സഭയിൽനിന്ന് അവൾക്ക, തന്റെ പഴയവീടായ ലീഹർസ്റ്റിന്റെ പടം അവർ സമ്മാനിക്കയുണ്ടായി. ഇത്, അവൾ മേല്പടി സഭയുടെ കാൎയ്യത്തിൽ വച്ചിരുന്ന ശ്രദ്ധയുടെ അടയാളമായി അവർ നൽകിയതായിരുന്നു.

അവൾ എത്രതന്നെ ക്ലേശങ്ങൾ അനുഭവിച്ചിരുന്നുവെങ്കിലും, കാലദുൎവ്യയം ചെയ്തിരുന്നില്ല. മററുകാൎയ്യങ്ങളിൽ ശ്രദ്ധിച്ചിരുന്നതോടുകൂടി ദീനശുശ്രൂഷയെപ്പററി പല വിവരങ്ങളും എഴുതി പ്രസിദ്ധമാക്കിക്കൊണ്ടിരുന്നു. ഇവ പലൎക്കും പൊതുവിൽ ഉപയോഗപ്പെട്ടിരുന്നു. അവളുടെ അഭിപ്രായങ്ങളിൽ ചിലതു താഴെ കുറിക്കാം:—

“രോഗികൾക്കു ഒഴിയാതെ വരുന്നവയായി വിചാരിക്കപ്പെടുന്ന കഷ്ടതകളുടെ ലക്ഷണങ്ങൾ പലപ്പോഴും രോഗലക്ഷണങ്ങളല്ലാ; എന്നാൽ, വളരെ വ്യത്യാസമുള്ള പെട്ടവയാണ്. ശുദ്ധവായു ഇല്ലായ്കയാലോ, വേണ്ടുവോളം വെളിച്ചമേൽക്കായ്കയാലോ, സ്വാസ്ഥ്യം ഇല്ലായ്കയാലോ, ഭക്ഷണകാൎയ്യത്തിൽ കണിശവും ശ്രദ്ധയും ഇല്ലായ്കയാലോ, ഇവയിൽ ഒന്ന്, അതല്ലെങ്കിൽ എല്ലാം ഇല്ലായ്കയാലോ, ആയിരിക്കാം കഷ്ടതകൾ ഉണ്ടാകുന്നതു്. . . .”

“ഭംഗിയുള്ളവയും വിചിത്രങ്ങളും നല്ലവൎണ്ണങ്ങളോടുകൂടിയവയുമായുള്ള വസ്തുക്കൾകൊണ്ടു് രോഗത്തിന് എന്തുമാത്രം ആശ്വാസം ഉണ്ടാകുമെന്നുള്ള വസ്തുതയെ മനുഷ്യർ അത്ര സാരമാക്കുന്നില്ലാ. ജ്വരരോഗികളുടെ മുമ്പിൽ നല്ല നിറമുള്ള ഒരു പൂങ്കുലകൊണ്ടു് ചെന്നപ്പോൾ, അവൎക്കുണ്ടായ ആഹ്ലാദബഹളം എത്രമാത്രമെന്നു് ഞാൻ ഒരുകാലും മറക്കുന്നതല്ലാ. എന്റെ അനുഭവം തന്നെ എനിക്കു് ഓൎമ്മയിലുണ്ടു്. ചില കാട്ടുപുഷ്പങ്ങൾ കൂട്ടിക്കെട്ടിയ ഒരു ചെണ്ടു് എന്റെ പക്കൽ കിട്ടിയതിൽപിന്നെ, എന്റെ രോഗം എത്രയോ വേഗം ഭേദപ്പെട്ടുതുടങ്ങി. . . രോഗികൾക്കു് സാധാരണമായും, വളരെക്കാലത്തേക്കു് നിലനിൽക്കുന്ന വ്യാധിയുള്ളവൎക്കു് വിശേഷിച്ചും, ഓമനിക്കുവാൻ ചെറിയ ജന്തുക്കൾ വല്ലതുമുണ്ടെങ്കിൽ, വളരെ ആശ്വാസമുണ്ടു്. വളരെ നാളായി ഒരേ മുറിയിലടച്ചു കിടക്കുന്ന ഒരു രോഗിക്കു് ഒരു കൂട്ടിനകത്തു് വല്ല ഓമനപ്പക്ഷിയും കിട്ടുമെങ്കിൽ അതു സന്തോഷകരമായി കാണപ്പെടുന്നുണ്ടു്. അവനു് ആ പക്ഷിയെ തീററുവാനും ശുചിയാക്കാനും കഴിയുന്നുണ്ടെങ്കിൽ അവനെ അതിലേക്കു് എപ്പോഴും ഉത്സാഹിപ്പിക്കേണ്ടതാകുന്നു.”

ഇപ്രകാരം വിലയേറിയ പല അഭിപ്രായങ്ങൾ അവളുടെ മററു കൃതികളിലും കാണ്മാനുണ്ടു്. അവളുടെ അഭിപ്രായങ്ങളെക്കുറിച്ചു ധാരാളം ആക്ഷേപങ്ങൾ സഹിക്കുന്നകാലത്തും സ്ത്രീസ്വഭാവത്തെ അവൾ കൈവെടിഞ്ഞില്ല. “നല്ല വേല

ചെയ്യുന്നതിൽ അനുകമ്പ ഉണ്ടാകുന്നതു ക്ഷേമത്തിനു മുഖ്യമാകുന്നു. നീതിന്യായം, കർത്തവ്യകർമ്മം എന്നിവ നടത്തുമ്പോൾ, നാം ഒരാളോടു മാത്രമല്ല, എല്ലാവരോടും വാദിക്കയും, എല്ലാവരാലും പ്രതിവാദിക്കപ്പെടുകയും വേണ്ടതാണ് ഈശ്വരാജ്ഞയെ നടത്തുമ്പോൾ ഉണ്ടാകുന്ന തോൽവിയെപ്പററി ഖേദിക്കയല്ലാ ഉത്തമമായതു്; തോൽവി ഉണ്ടാകാതിരിപ്പാൻ കഴിയുന്നേടത്തോളം പരിശ്രമിക്കയത്രെ ശ്രേഷ്ഠമായുള്ളതു് ഏതു കാര്യത്തിനും സദുദ്ദേശങ്ങൾ ഉണ്ടായിരുന്നാൽ മാത്രം മതിയെന്നു ചിലർ വിചാരിക്കുന്നു; എന്നാൽ, അവയിൽ വരുന്ന വലിയ പ്രമാദങ്ങൾ, കുററങ്ങളെക്കാൾ ദോഷകരങ്ങളാകുന്നു. ഒരു കുടുംബത്തിലോ, പാഠശാലയിലോ, ഗവർമ്മേണ്ടാപ്പീസിലോ, മററു വ്യവസ്ഥാപിതങ്ങളായ സംഗതികളിലേതിലുമോ ഉള്ള അശ്രദ്ധ, വിചാരമില്ലായ്മ, എന്നിതുകൾ സാക്ഷാൽ പാപത്തെക്കാൾ ദോഷകാരികളാണ്—,, എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ മേല്പടി കൃതികളിലുണ്ടു്.

“ഓരോ പുരുഷന്മാൎക്കും, സ്ത്രീകൾക്കും, കുട്ടികൾക്കും ഇഹത്തിൽ ചെയ്യാൻ വിധിക്കപ്പെട്ടിട്ടുള്ള കൃത്യങ്ങൾക്കു് ഈശ്വരൻ ഓരോ മാതൃക സങ്കല്പിച്ചിട്ടുണ്ടു്,, എന്നു മഹാജനങ്ങളോടു വളരെ ഗൌരവയുക്തമായി പ്രസംഗിക്കുന്ന ഈ മഹതിയുടെ ചരിത്രം സ്ത്രീജനങ്ങളുടെ ഉള്ളിൽ ഉന്നതങ്ങളായ വിചാരങ്ങളെ ഉദിപ്പിക്കുമെന്നുള്ളതിൽ സംശയമെന്താണുള്ളതു്?

# എലിസബെത്ത് ഫ്രൈ

—o—

ദാരിദ്ര്യത്താലൊ മനോവിപ്ലവത്താലോ ഓരോ കുറ്റങ്ങൾ ചെയ്തു് ഗവർമ്മേണ്ടിന്റെ ശിക്ഷാനിയമപ്രകാരം തടവുശിക്ഷ അനുഭവിക്കുന്ന ജെയിൽപുള്ളികൾക്കൊപ്പം, അന്യന്മാരാൽ ഉപേക്ഷിക്കപ്പെടുന്ന ജനങ്ങൾ ലോകത്തിൽ വേറെ ഉണ്ടോ എന്നു സന്ദേഹപ്പെടുവാൻ തക്കവണ്ണം, അവരുടെ സ്ഥിതി അത്രമേൽ ദയനീയമാണെന്ന് ആരും സമ്മതിക്കുന്നതാകുന്നു. ഓരോദേശത്തുള്ള ജെയിലുകൾ, ഗവർമ്മേണ്ടിന്റെ ആദിമ ദശകളിൽ, തടവു പുള്ളികൾക്കു് പാപഫലം അനുഭവിക്കാനുള്ള നരകദേശങ്ങളായിരിക്കാൻ സംഗതിയാവുന്നു എന്നുള്ളതു് ആശ്ചര്യജനകമല്ലല്ലൊ. സമസൃഷ്ടികളുടെ കഷ്ടതകളെ പരിഹരിക്കുവാൻ ഉദ്യോഗിച്ചിട്ടുള്ള മനുഷ്യസ്നേഹികളായ ആളുകളിൽവെച്ചു് ജെയിൽപുള്ളികളെ നന്നാക്കുന്നതിനു പ്രയത്നിച്ചിട്ടുള്ളവർ അത്രവളരെ ഇല്ല. ഓരോരോ അവസരങ്ങളിൽ യാദൃച്ഛികങ്ങളായ മനോവികാരങ്ങളാൽ കുറ്റം ചെയ്തുപോയ മനുഷ്യരെ, ശരിയായ വിദ്യ അഭ്യസിപ്പിച്ചു് മേലാൽ അങ്ങനെയുള്ള കുറ്റങ്ങൾ ചെയ്യാതിരിക്കുവാൻ തക്ക ബുദ്ധിഗുണമുള്ളവരാക്കുന്നതിനു സാധിക്കുമെന്നിരിക്കെ, ഈവിധം ജെയിൽശിക്ഷ ഏറ്റു തടവിൽ കിടക്കുന്ന അവരുടെ കാര്യത്തിൽ താല്പര്യംവച്ചു് അവർക്കു വേണ്ടുംവണ്ണമുള്ള ശുശ്രൂഷകൾ നടത്തിച്ചു് അവരെ പരിഷ്കരിക്കുന്നതു് ഏറ്റവും ശ്ലാഘ്യമായ ഒരു പ്രവൃത്തിയാകുന്നു. സമസൃഷ്ടിസ്നേഹത്താൽ, മനുഷ്യരുടെ കഷ്ടതകളെ ശമിപ്പിക്കുന്നതിൽ ഉദ്യുക്തകളായിരുന്നിട്ടുള്ള മഹതികളിൽ വച്ചു് കാരാഗൃഹ പരിഷ്കരണത്തിന് ഐദംപ്രഥമ്യത്തോടുകൂടി ശ്രമിച്ചിട്ടുള്ള എലിസബത്ത് ഫ്രൈ, മനുഷ്യകുലത്തിന്റെ അനന്തമായ കൃതജ്ഞതയ്ക്കു പാത്രമായിത്തീർന്ന ഒരു സ്ത്രീരത്നമാകുന്നു.

ഈ സ്ത്രീരത്നത്തിന്റെ ജനനം ഇംഗ്ലീഷുവർഷം ൧൭൮൦ മേമാസം ൨൧-ാംനു ആയിരുന്നു. ഇവളുടെ അപ്പൻ നോർഫോക്കിൽ എർലംഹാം എന്നേടത്തുള്ള ധനികനായ ഉണ്ടികക്കാരനും സുഹൃത്സമാജം, (SOCIETY OF FRIENDS) എന്ന സഭയിലെ ഒരംഗവുമായ ജോൺഗേർണി എന്ന ആളായിരുന്നു. ഇവൾ പന്ത്രണ്ടു വയസ്സു പ്രായം മാത്രം ഉള്ള ഒരു ബാലികയായിരുന്നപ്പോൾ, ഇവളുടെ മാതാവു മരിച്ചു. പതിനൊന്നു സന്താനങ്ങളോടുകൂടിയ ആ കുഡുംബത്തിലെ മൂത്ത പുത്രിക്കു ആ സമയം പതിനേഴുവയസ്സേ പ്രായമുണ്ടായിരുന്നുള്ളു.

എലിസബെത്ത് ബാലികയായിരുന്നപ്പോൾ തന്നെ, മാതാവോടൊന്നിച്ചു പാവപ്പെട്ടവരുടെ കുടിലുകളെ സന്ദർശിക്കുക പതിവായിരുന്നു. സമസൃഷ്ടികളുടെ ക്ലേശങ്ങളെക്കുറിച്ചു അനുകമ്പയും സഹതാപവും അക്കാലം മുതൽക്കുതന്നെ അവളിൽ ഉദിച്ചിരുന്നു എന്നു ഇതിനാൽ വെളിവാകുന്നു. ഈ ഗുണമല്ലാതെ അവളുടെ സ്വഭാവത്തിൽ എന്തെങ്കിലും വിശേഷമായിട്ടുണ്ടായിരുന്നെങ്കിൽ, അതു, അവളുടെ സഹോദരങ്ങളുടെയും മാതാപിതാക്കന്മാരുടെയും നേർക്കു അവൾക്കുണ്ടായിരുന്ന അഗാധസ്നേഹം ഒന്നുമാത്രമാകുന്നു. ഏകദേശം പതിനേഴുവയസ്സു പ്രായമായിരുന്നപ്പോൾ മതപ്രാധാന്യത്തെക്കുറിച്ചു അവൾക്കു പ്രബലമായ ബോധം ഉണ്ടാവുകയും, അവൾ സുഹൃത്സമാജത്തിൽ ഒരു മുഖ്യ-അംഗമായി ചേരുകയും ചെയ്തു.

അവളുടെ അപ്പൻ ധർമ്മംകൊടുക്കുന്ന ഉദ്യോഗം വഹിച്ചിരുന്ന കാലങ്ങളിൽ, അയാൾക്കു പകരം അവൾ ആ ജോലിയെ ഏൽക്കുകയും, അതുവഴി തന്റെ ഔദാര്യത്തെ വേണ്ടുംവണ്ണം അവൾക്കു പ്രദർശിപ്പിക്കുന്നതിനിടയാകയും ചെയ്തിരുന്നു. അവളുടെ സ്വന്ത പണത്തെയും സമയത്തെയും കൂടെ മററുള്ളവർക്കു ഉപകാരപ്പെടത്തക്ക വിധത്തിൽ വിനിയോഗിക്കുന്നതിൽ അല്പംപോലും വൈമനസ്യം അവൾ കാണിച്ചില്ലാ. ആരോഗ്യക്കുറവിനാലും ജാഗ്രതക്കുറവിനാലും അവൾക്കു

വിദ്യാഭ്യാസം പൂൎണ്ണമാക്കാൻ സാധിച്ചില്ലാ; എന്നിട്ടും, താണ തരത്തിലുള്ള ആളുകളുടെ സന്മാൎഗ്ഗസ്ഥിതിയെ നന്നാക്കുന്നതിനുവേണ്ടി അവരെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതാവശ്യമാണെന്ന് അവൾക്കു തോന്നിയിരുന്നു. ഈ ഉദ്ദേശത്തെ സാധിക്കാനായി അവൾ സമീപവാസികളായ പാവപ്പെട്ട കുട്ടികളെ എഴുത്തുപഠിപ്പിക്കാൻ തുടങ്ങി. ഒരേ ഒരു കുട്ടി മാത്രമേ ആദ്യം പള്ളിക്കൂടത്തിൽ ചേൎന്നിരുന്നുള്ളു. കാലക്രമത്തിൽ എഴുപതില്പരം കുട്ടികൾ ചേരുകയും, അവളുടെ വീടോടുചേൎന്ന് തൽക്കാലം ഒഴിഞ്ഞുകിടന്നിരുന്ന ഒരു് അലക്കമുറിയെ പള്ളിക്കൂടമായുപയോഗിക്കയും ചെയ്തു. അച്ഛനൊടും ആറു സഹോദരിമാരോടും കൂടെ ഒരിക്കൽ ഇംഗ്ലണ്ടിന്റെ ദക്ഷിണദിക്കുകളിലും വെയിത്സിലും സഞ്ചരിച്ചുകൊണ്ടിരുന്നപ്പൊഴാണ് സ്വവൎഗ്ഗക്കാരുടെ സന്മാൎഗ്ഗശൂന്യതയെപ്പററി അവൾക്ക് അനുകമ്പ ഉദിച്ചതു് എന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. പ്ലിമത്തിൽ വച്ചുകണ്ട ഒരു കാഴ്ചയെ അവൾ അവളുടെ ഡയറിയിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു:—"ഞാൻ, അതിശോചനീയസ്ഥിതിയിൽ പെട്ടവരായി കണ്ട അസംഖ്യം പാവപ്പെട്ട സ്ത്രീകളേയും കപ്പൽക്കാരേയും പററി എനിക്കു വളരെ വ്യസനം തോന്നി. അവർ ചെയ്യുന്ന പ്രവൃത്തികൾ പാപങ്ങളാണെന്നുള്ള ബോധം അവൎക്കുണ്ടാക്കിക്കൊടുക്കുന്നതിനും, അവൎക്കു് വല്ല സഹായവും ചെയ്യുന്നതിനും എനിക്കു് അത്യാശയുണ്ടായി".

൧൮൦൦- ആഗസ്റ്റ് ൧൯-ാംനു- എലിസബത്തിനെ, ഒരു വലിയ കച്ചവടസംഘത്തിന്റെ ഉപാംഗമായിരുന്ന മിസ്റ്റർ ജോസഫ് ഫ്രൈ എന്നൊരാൾ കല്യാണം കഴിച്ചു. വിവാഹാനന്തരം ദമ്പതിമാർ സെൻറ് മിൽഡ്റെഡ്സ് കോർട്ട് എന്നസ്ഥലത്തു് പാൎപ്പാക്കി. ഈ സ്ഥലത്തുവച്ചാണ് അവരുടെ ആദ്യത്തെ അഞ്ചു സന്താനങ്ങളും ജനിച്ചതു്. ഗൃഹകാൎയ്യങ്ങളുടെ മദ്ധ്യേ, സ്വന്ത ആരോഗ്യക്കുറവിനെക്കൂടെ ഗണിക്കാതെ, ആക്കാലത്തും അവൾ പലപ്പൊഴും ദാരിദ്ര്യക്ലേശങ്ങൾ കൊണ്ടു് കഷ്ടപ്പെടുന്ന ആളുകളെ സന്ദൎശിച്ചു ൧൮൦൮-ൽ അ

വർ എസ്സെക്സിലുള്ള പ്ലാഷററ് ഹൌസ് എന്ന ഗൃഹത്തിൽ പാൎപ്പാക്കി. ഇതുവഴിയായി പ്രകൃതിവിലാസങ്ങളെക്കണ്ടു് മനസ്സുഖം അനുഭവിക്കുന്നതിനും തന്റെ ജന്മോദ്ദേശ്യമായിത്തീൎന്ന ധൎമ്മപ്രവൃത്തികൾ ചെയ്യുന്നതിനും അവൾക്കു് അധികം സൌകൎയ്യം കിട്ടി. ഇങ്ങനെ പാൎപ്പിടം മാറുവാനിടവന്നതു് ഭൎത്താവിന്റെ അച്ഛന്റെ മരണത്താലായിരുന്നു. ആ ഗൃഹത്തിനു് സമീപത്തായി അവൾ ഒരു പള്ളിക്കൂടം സ്ഥാപിച്ചു. ഇതുനിമിത്തം അവിടത്തെ പാവപ്പെട്ടവർ അവളെ "ധൎമ്മരാജ്ഞി,,എന്നു കരുതിപ്പോന്നിരുന്നു. എല്ലാമാതിരി ആളുകളോടും,– വിശേഷിച്ചു് സമുദായത്തിലെ ഏററവും താഴ്ന്ന ആളുകളോടുപോലും–അവൾ സഹോദരസ്നേഹത്തോടുകൂടെ വൎത്തിച്ചുവന്നു.

അവൾ മനുഷ്യസ്നേഹത്തെ അധികമായി പ്രദശിപ്പിച്ചതു എല്ലാവരും വൎജ്ജിക്കയും വെറുക്കയും ചെയ്ത കാരാഗൃഹങ്ങളിൽ ആയിരുന്നു. ൧൮൧൩–ൽ കഠിനമായ ഒരു കുററത്തിനു് മരണശിക്ഷ വിധിക്കപ്പെട്ടിരുന്ന ചില തടവുകാരെ കാണുവാനായി സുഹൃത്സമാജത്തിലെ സാമാജികന്മാർ പലരും ന്യൂഗേററ് എന്ന സ്ഥലത്തെ സന്ദശിക്ക ഉണ്ടായി. എലിസബത്തിന്റെ അത്യന്ത മിത്രങ്ങളായിരുന്ന ഇവർ ന്യൂഗേററ് തടവിൽ അടയ്ക്കപ്പെട്ടിരുന്ന സ്ത്രീകളുടെ ദീനാവസ്ഥയെപ്പററി അവളെ അറിയിച്ചാറെ,അവൾ തന്റെ മിത്രമായ അന്നാബെക്സ്റ്റേൺ ഒരുമിച്ചു് ആ തടവുപുള്ളികൾക്കു് ശീതനിവാരകങ്ങളായ വസ്ത്രങ്ങൾ കൊടുക്കുവാനായി ആ ദുരിതനിവാസത്തിലേക്കു് പോവുക ഉണ്ടായി. സുഖക്കേടിനാലും ഗൃഹകാൎയ്യ പീഡകളാലും അവൾക്കു് അവിടെ വീണ്ടും പോകുന്നതിനു മൂന്നു നാലു കൊല്ലത്തേക്കു് ഇടയായില്ലാ. എന്നാൽ, ആ സമയങ്ങളിൽ ഒക്കെയും അവൾ മററുള്ളവരുടെ കഷ്ടപ്പാടുകളിൽ നിൎവ്യാജമായി സഹതപിക്കുന്നതിനു്, സ്വന്തദുഃഖങ്ങളിൽനിന്നു് പാഠം അഭ്യസിക്കയായിരുന്നു.

ഫവ്വഫൈ-ൽ അവൾ വീണ്ടും തന്റെ ഉദ്യമങ്ങളെ തുടൎന്നു. തടവിൽ പാൎക്കുന്നവരുടെ കുഞ്ഞുങ്ങളെയും ചെറുപ്പക്കാരായ തടവുകാരേയും വിദ്യ അഭ്യസിപ്പിക്കുന്നതിനായി അവൾ ഒരു പാഠശാല ഏൎപ്പെടുത്തി. അവൾ തന്റെ സഹോദരിക്കു എഴുതിയ ഒരെഴുത്തിൽ ഈ പാവപ്പെട്ട ആളുകളെപ്പററി ഇങ്ങനെ പറയുന്നു:—"എന്റെ ഹൃദയവും മനസ്സും സമയവും ഓരോ ജോലികളിൽ വ്യാപിച്ചിരിക്കുന്നു. ന്യൂഗേററ് ആണ് ഏറെ മുഖ്യമായ വിഷയം. അവിടത്തെ സ്ത്രീകളുടെ കഷ്ടപ്പാടുകളെ പരിഹരിക്കുന്നതിന് എന്തെങ്കിലും ഒരു യത്നം ചെയ്യാതെ ഇരുന്നാൽ എനിക്കു സുഖം ഉണ്ടാകയില്ല. എന്റെ യത്നങ്ങൾ നിഷ്ഫലങ്ങളായിത്തീൎന്നാൽ കൂടെയും, എന്നാൽ കഴിയുന്നതൊക്കെ ചെയ്തു എന്നു വിചാരിച്ചെങ്കിലും, ഞാൻ സമാശ്വസിക്കുന്നതാണ്"

ഏറെത്താമസിയാതെ ന്യൂഗേററ് ഠാണാവിലെ സ്ത്രീകളെ ശരിയായ മാൎഗ്ഗത്തിൽ കൊണ്ടുവരുന്നതിനു അവൾ ഒരു സമാജം ഏൎപ്പെടുത്തി. ഈ സംഘത്തിന്റെ ഉദ്ദേശം, അവിടെയുള്ള തടവുകാരികളായ സ്ത്രീകൾക്കു വസ്ത്രം, തൊഴിൽ, അറിവു മുതലായവയെ കൊടുക്കുക എന്നുള്ളതായിരുന്നു. ഈ സമാജത്തിന്റെ പ്രവൃത്തികൾക്കു കൂലിയും കിട്ടി. സമാജം സ്വന്ത ആവശ്യത്തിനു വേണ്ട സാധനങ്ങൾ വാങ്ങുന്നതിനു കുറെ പണം ഉടൻതന്നെ വാങ്ങി; ശേഷമുള്ളതു പിന്നീടുപയോഗിക്കുന്നതിനായി കമ്മിററിക്കാരുടെ പക്കൽ ഏല്പിച്ചു. തടവുകാരികളായ പെണ്ണുങ്ങൾ, കള്ളുകുടിച്ചും, ഭള്ളുപറഞ്ഞും, തമ്മിൽ തല്ലിയും കാലംകഴിച്ചു വന്നതിനു പകരം, ഇപ്പോൾ വേലചെയ്തു നേരം കഴിച്ചുതുടങ്ങി. തന്മൂലം സമാജത്തിന്റെ യത്നങ്ങൾ ഫലപ്രദങ്ങളായി തീൎന്നുവെന്നു പറയേണ്ടതില്ലല്ലോ.

എന്നാൽ സമാജക്കാർ ഈ പ്രവൃത്തിക്കു തുനിയുന്നതിനും മുമ്പുതന്നെ നഗരത്തിലെ പ്രമാണികളുമായി ആലോചന നടത്തിയിരുന്നു. ഈ പ്രമാണികളും സമാജത്തിന്റെ ഉദ്ദേശത്തെ അഭിനന്ദിച്ചു, എങ്കിലും, തടവുകാർ അനുസരിക്കയും കീഴടങ്ങു

കയും ചെയ്യുകയില്ലെന്ന് വിചാരിച്ച് അവരുടെ യത്നങ്ങൾക്ക് ഫലസിദ്ധിയുണ്ടാകാൻ പ്രയാസമാണെന്നു അഭിപ്രായപ്പെട്ടിരുന്നു. എന്നിട്ടും, തീരെ നിരാശപ്പെടാതെ എലിസബത്ത് ഫ്രൈ് തടവുകാരായ സ്ത്രീകളെ എല്ലാവരേയും വിളിച്ചുകൂട്ടി അവരോടു പല ഗുണദോഷങ്ങളും പറഞ്ഞു. പരിശ്രമം ചെയ്താൽ അനേകം ഗുണങ്ങൾ ഉണ്ടാകുമെന്നും, ബുദ്ധിയെ ഭ്രമിപ്പിക്കാതെ ഇരിക്കയാണ് വേണ്ടതെന്നും, ഒരു പാപവും ചെയ്തിട്ടില്ലെന്നുള്ള ബോധം ഒരുക്കലും ഉണ്ടായിരിക്കുന്നതു ഏററവും ആവശ്യമെന്നും, അവരുടെ അവസ്ഥ ഇവയിൽനിന്ന് എത്രയോ താണതാണെന്നും മററും അവൾ അവരോടു പ്രസംഗിച്ചു. താനും കൂട്ടുകാരായ സ്ത്രീകളും വീടുവിട്ട് അവിടെ ചെന്നിരിക്കുന്നതു് തടവുകാരി സ്ത്രീകളെ ആജ്ഞാവശംഗതകളാക്കാനല്ലെന്നും, അവരുടെ നന്മയെ ഉദ്ദേശിച്ചാണെന്നും അവൾ അവരെ ധരിപ്പിച്ചു. എന്തിനേറെ പറയുന്നു? ഫ്രൈ് അവരെ സ്വാധീനപ്പെടുത്തി, അവരുടെ പൂർണ്ണസമ്മതപ്രകാരം അനേകം ചട്ടങ്ങളും ഏർപ്പെടുത്തി.

അക്കാലംവരെയും നാടുകടത്തപ്പെടുന്ന സ്ത്രീകളെ ന്യൂഗേററ് തടവിൽനിന്ന് കൊണ്ടുപോകുന്നതു തുറന്ന വണ്ടികളിൽ ആയിരുന്നു. കൊണ്ടുപോകുന്ന സമയങ്ങളിലൊക്കെയും വളരെ ദുശ്ശാഠ്യവും കുഴപ്പവും ഉണ്ടാവുക പതിവായിരുന്നു. മര്യാദയില്ലാത്ത ഈ കാഴ്ചകളെ കണ്ടിട്ട് എലിസബത്തിനു ലജ്ജ തോന്നി; അവരെ മൂടലുള്ള വണ്ടികളിലാണ് അയയ്ക്കേണ്ടതെന്ന് മേലധികാരികളോടു ഉപദേശിച്ചു. അവർ അവളുടെ ഉപദേശത്തെ സ്വീകരിക്കയും, തടവുകാരികളെ കപ്പലിൽ കയറുന്നതുവരെ അടപ്പുവണ്ടികളിൽ തന്നെ കൊണ്ടുപോകയും ചെയ്തു. കപ്പലിൽ കയററിയശേഷം മിസ്സിസ്സ് ഫ്രൈ്യും കൂട്ടുകാരും അവരുടെ സുഖയാത്രയ്ക്കു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. കപ്പലിൽനിന്നു ഇറക്കിവിടുമ്പോൾ അവർക്കു പ്രയോജനപ്പെടത്തക്ക സാധനങ്ങളെ തയ്ച്ചുണ്ടാക്കുന്നതിനു തയ്യൽ സാമാനങ്ങൾ വാങ്ങി അയച്ചു.

൧൮൧൮ ആഗസ്റ്റ് മാസത്തിൽ മിസ്സെസ്സ് ഫ്രൈ തന്റെ സഹോദരനായ ജോസഫ് ഗേർണിയോടൊന്നിച്ചു, ഇംഗ്ലണ്ടിൻെറയും സ്കാട്ട്ലണ്ടിൻെറയുംവടക്കുഭാഗങ്ങളിൽ സഞ്ചരിച്ചു. അവർ പോകുന്ന വഴിയിൽ ഉണ്ടായിരുന്ന എല്ലാ കാരാഗൃഹങ്ങളേയും പരിശോധിച്ചു വിവരങ്ങൾ പരസ്യപ്പെടുത്തിയതുകൂടാതെ, പരിഷ്കരിക്കേണ്ട മാറ്റങ്ങളെയും മററും പല സ്ഥലങ്ങളിലുമുള്ള മജിസ്ട്രേട്ടന്മാരെ ധരിപ്പിച്ചു. മിക്ക കാരാഗൃഹങ്ങളും അവർ പറഞ്ഞരീതിയിൽ പരിഷ്കരിക്കപ്പെടുകയും ചെയ്തു.

രണ്ടുകൊല്ലം കഴിഞ്ഞു മിസ്സെസ്സ് ഫ്രൈ വീണ്ടും വടക്കൻ ദിക്കുകളെ സന്ദശിച്ചു. ഈസമയം തടവിൽ കിടക്കുന്ന സ്ത്രീകളെ കൂടക്കൂടെ ചെന്നുകാണുന്നതിനു പല സ്ഥലങ്ങളിലുംസ്ത്രീസമാജങ്ങളെ ഏൎപ്പെടുത്തി. അല്പംകഴിഞ്ഞിട്ടു തടവുകാരികളായ സ്ത്രീകളുടെ പരിഷ്കാരത്തിനുവേണ്ടി ബ്രിട്ടീഷ് സ്ത്രീസമാജം സ്ഥാപിക്കപ്പെട്ടു. ഇതിൻെറ ഉദ്ദേശം, പലസ്ഥലങ്ങളിലും ഉണ്ടായിരുന്ന സ്ത്രീസമാജങ്ങളെ കൂട്ടിച്ചേൎത്തു എല്ലാവരേയും ഏകോപിച്ചു പ്രവൎത്തിപ്പിക്കുക എന്നതായിരുന്നു. കാരാഗൃഹത്തിൽനിന്നു കാലാവധി തീൎന്നിറങ്ങിയാൽ വീടില്ലാതെ കഷ്ടപ്പെടുന്ന ആളുകൾക്കു പാൎപ്പിടം ഉണ്ടാക്കിക്കൊടുത്തും, പണം കടംകൊടുത്തും, സ്വപ്രയത്നത്താൽ കാലക്ഷേപം ചെയ്യാൻ ഇച്ഛിക്കുന്നവൎക്കു മൂലധനം കൊടുത്തും, ചെറുപ്പക്കാരെ പഠിപ്പിക്കുന്നതിനു പാഠശാലകൾ ഏൎപ്പെടുത്തിയും, പലപ്രകാരത്തിൽ ഉപകാരപ്രദങ്ങളായ പല കാൎയ്യങ്ങളും ബ്രിട്ടീഷ് സ്ത്രീസമാജം സാധിക്കയുണ്ടായി.

൧൮൨൪-ൽ ദേഹസുഖക്കേടിനാൽ മിസ്സെസ്സ് ഫ്രൈ ബ്രൈററൺ എന്നസ്ഥലത്തു കുറെനാൾതാമസിക്കേണ്ടിവന്നു. ഇവിടെ അവളുടെ ശ്രദ്ധയ്ക്കു വിഷയമായിത്തീൎന്നതു ചുററുമുള്ള പാവപ്പെട്ടവരുടേയും യാചകന്മാരുടേയും സ്ഥിതിയായിരുന്നു. കുറെക്കാലം മുമ്പു ഇവരെ സഹായിക്കുന്ന മാൎഗ്ഗത്തെക്കുറിച്ചു അവൾ ഡാക്ടർ ചേംബേർസ് എന്ന ആളോടു ആലോചിച്ചു അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ മനസ്സിലാക്കിയി

രുന്നു. അവരുടെ സ്ഥിതിയെ പരിശോധിച്ചറിയുന്നതിനും, അവരുടെ ആവശ്യങ്ങളെ നിറവേററുന്നതിനുമായി അവൾ 'ദാരിദ്ര്യസന്ദർശകസമാജങ്ങൾ' എന്ന സംഘങ്ങളെ ഏൎപ്പെടുത്തി.

അവൾ ദിനമായി കിടന്നിരുന്ന പുരമുറിയുടെ കിളിവാതലിൽ കൂടെ നോക്കിയാൽ കടൽതീരം കാണാമായിരുന്നു. പലപ്പോഴും അവൾ അവിടെ കിടന്നുകൊണ്ടു്, അലയടിച്ചു മറിഞ്ഞു കിടക്കുന്ന സമുദ്രത്തിലെ സൂൎയ്യോദയാസ്തമയങ്ങളെയും ചുററുമുള്ള കുന്നുകളെയും നോക്കിക്കൊണ്ടിരുന്നു. ജീവനുള്ളവയിൽ ഒരേ ഒരു മനുഷ്യനെല്ലാതെ മററാരേയും അവൾ അവിടെ കണ്ടില്ലാ. ഇയാൾ ഏകാകിയായി നിന്നു് കാവൽ ചെയ്യുന്ന കടവു സൂക്ഷിപ്പുകാരൻ ആയിരുന്നു. ചങ്ങാതിമാരുമായുള്ള സഹവാസത്തിനു പ്രതിബന്ധിക്കപ്പെട്ടിരുന്ന കടവു സൂക്ഷിപ്പുകാൎക്കു ഉണ്ടാകുന്ന മാൎഗ്ഗങ്ങളെ ബുദ്ധിമതിയും ധൎമ്മിഷ്ഠയും ആയ ഈ സ്ത്രീ ഉടൻ അന്വേഷിക്കാൻ ഉദ്യമിച്ചു. ഒരിക്കൽ അവൾ സവാരിപോകുമ്പോൾ വണ്ടി നിറുത്തി, ചിലകാൎയ്യങ്ങൾ ചോദിച്ചറിവാനായി കടവു കാവൽക്കാരിൽ ഒരുവനെവിളിച്ചു. ജോലിസമയത്തു ആരോടും സംസാരിക്കുന്നതിനനുവാദമില്ലാ എന്നു അയാൾ എലിസബെത്തിനെ അറിയിച്ചു. അയാൾക്കു വല്ല കുററവും ഉണ്ടായേയ്ക്കുമെന്നു വിചാരിച്ചു് അയാളുടെ മേലധികാരിക്കു അവൾ ഒരെഴുത്തു കൊടുത്തു. അല്പദിവസം കഴിഞ്ഞപ്പോൾ മേലധികാരി അവളെ വന്നു കണ്ടു; വല്ല വിവരവും അറിയാനുണ്ടെങ്കിൽ അറിയിക്കാൻ തയ്യാറാണെന്നു പറഞ്ഞു. കള്ളക്കച്ചവടക്കാരുടെ അക്രമ പ്രവൃത്തികളാലും, എല്ലാ കാലത്തും കടവിൽ നിന്നു് ശീതോഷ്ണവാതങ്ങളേൽക്കുന്നതിനാലും പല ക്ലേശങ്ങളും ഈ കടവുകാവൽക്കാർ അനുഭവിച്ചു വരുന്നവിവരം അയാൾ എലിസബെത്തിനെ ധരിപ്പിച്ചു. ഉടൻ തന്നെ അവൾ, അടുത്തുള്ള കടവു സൂക്ഷിപ്പുകാൎക്കു വായിക്കുവാൻ വേദ പുസ്തകങ്ങൾ വരുത്തിച്ചു കൊടുക്കയും, അവരുടെ ഉപയോഗത്തിനു ഒരു പുസ്തകശാല ഏൎപ്പെടുത്തുന്നതിനുവേണ്ട പ്രയത്നങ്ങൾ ചെയ്കയും ചെയ്തു. ഏകാകികളായി നിൽക്കു

ന്നതുകൊണ്ടും, ആലോചനയ്ക്കു നല്ല വിഷയങ്ങളില്ലായ്ക കൊണ്ടും. കള്ളക്കച്ചവടക്കാരുമായി പലപ്പോഴും ലഹളയ്ക്കിട വരുന്നതു കൊണ്ടും ഈ കടവു കാവൽക്കാർ അലസതയ്ക്കും ശഠതയ്ക്കും അധീനന്മാരായേയ്ക്കാമെന്നു അവൾ ശങ്കിച്ചു. അവരുടെ സന്മാർഗ്ഗത്തെ ബാധിക്കുന്നദോഷങ്ങളെ തടുക്കേണ്ടതാണെന്നും, ആലോചനയ്ക്കു സദ്വിഷയങ്ങൾ നൽകേണ്ടതാണെന്നും അവൾ നിശ്ചയിച്ചു. അവളുടെ പ്രേരണയാൽ ഇതിനായി ഒരു കമ്മിററി സ്ഥാപിക്കപ്പെട്ടു. ഈ കമ്മിററിക്കു് ഗവർമ്മേണ്ടിൽ നിന്നു് വേണ്ട ധനസഹായം ലഭിച്ചു. കടവു കാവൽ സ്ഥലങ്ങളിൽ മതസംബന്ധമായും, വിജ്ഞാന പ്രദങ്ങളായും ഉള്ള അനേക പുസ്തകങ്ങൾ ശേഖരിച്ചു. കടൽ തീരത്തു തന്നെ ആകെ ൪൭൮ പുസ്തകശാലകൾ ഏർപ്പെടുത്തി. ഇതുകൂടാതെയും, നാട്ടിമ്പുറങ്ങളിലും മററു സ്ഥലങ്ങളിലും ൧൨൦-ൽ പരം പുസ്തക ശാലകൾ സ്ഥാപിച്ചു. ഇവയിൽ എല്ലാററിലും കൂടെ ൫൨,൪൬൪-പുസ്തകങ്ങൾ ശേഖരിച്ചിരുന്നു. ഇവ, പള്ളിക്കൂടങ്ങളിൽ ഉപയോഗത്തിനുള്ളവയും, ബാലന്മാരുടെ ആവശ്യത്തിനുള്ളവയും മററുമായിരുന്നു.

൧൮൩൨-ൽ മിസ്സെസ്സ് ഫ്രൈ, ഭർത്താവോടൊന്നിച്ചു തെക്കിനു- ഇംഗ്ലണ്ടിൽ യാത്ര ചെയ്തു. അവിടെയും അവളുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവിഷയങ്ങൾ ഉണ്ടായിരുന്നു. സാലിസ്ബറി മൈതാനത്തിൽ കൂടെ കടന്നു പോയപ്പോൾ അവിടെ വസിച്ചിരുന്ന ആട്ടിടയന്മാരുടെ നിർവിശേഷമായ ജീവിതത്തെക്കുറിച്ചറികയും, കടവുസൂക്ഷിപ്പുകാർക്കെന്നപോലെ ഇവർക്കും ഒരു പുസ്തകശാല ഉപകാരപ്രദമായിത്തീരുമെന്നു അവൾക്കു തോന്നുകയും ചെയ്തു. അതിനായി എയിംസ്ബറി എന്ന സ്ഥലത്തു അല്പകാലം പാർത്തു്, അവിടെ ഒരു പുസ്തകശാല ഏർപ്പെടുത്തി. ഈ ഏർപ്പാടിന്റെ സാഫല്യമെത്രയെന്നുള്ളതു്, രണ്ടു മൂന്നു മാസം കഴിഞ്ഞു് എയിംസ്ബറി പുസ്തകശാലാസൂക്ഷിപ്പുകാരൻ എഴുതിയയച്ച താഴെക്കാണുന്ന എഴുത്തിൽ നിന്നു് ഊഹിക്കാവുന്നതാണ്:-"നാല്പത്തഞ്ചു പുസ്തകവും,പുതിയ

മാസികകളും എല്ലാപ്പോഴും വെളിയിൽ കൊടുത്തു കൊണ്ടിരിക്കുന്നു. അമ്പതിൽ പരം ആളുകൾ അവയെ ശ്രദ്ധയോടു കൂടെ വായിക്കയും, നന്ദിപറഞ്ഞു തിരിച്ചു തരുകയും ചെയ്യുന്നുണ്ടു്. അവർ, വീണ്ടും പുസ്തകങ്ങൾ ആവശ്യപ്പെടുകയും, സാരഭാഗങ്ങളും രസപ്രദങ്ങളും ആയ ഇത്ര വളരെ പുസ്തകങ്ങൾ വില കൊടുത്തു വാങ്ങാതെ തന്നെ ദീൎഘമായ വൎഷകാലസായാഹ്നങ്ങളിൽ അവൎക്കു വായിക്കുവാൻ കിട്ടുന്നതു് എത്ര ഉപകാരമായിരിക്കുന്നു എന്നു പലപ്പോഴും പറകയും ചെയ്യുന്നു.,, ഇതിൽ നിന്നു് എലിസബെത്തിന്റെ പ്രയത്നങ്ങൾ എത്രത്തോളം വിജയപൂൎവങ്ങളായിത്തീൎന്നു എന്നു അറിയാമല്ലൊ.

ഫ്ാൾമത്ത് എന്ന സ്ഥലത്തു് പല കപ്പലുകൾ വന്നടുക്കയും തിരിച്ചുപോകയും ചെയ്യുന്നതിനെ അവൾ കാണ്മാനിടയായി. കപ്പലിൽ സ്ഥിരതാമസക്കാരായി ധാരാളം ഒഴിവുസമയം ഉള്ള ആളുകൾ പലരും ഉണ്ടായിരുന്നു. ഈ ഒഴിവുസമയത്തെ വ്യൎത്ഥാ കളയാതിരിക്കാൻ പുസ്തകങ്ങൾ ഉതകുമെന്നു കാരുണ്യശാലിനിയായ അവൾക്കുതോന്നി. ഈ ന്യൂനതയെ പരിഹരിക്കുന്നതിനു് അവൾ തൽക്ഷണം ശ്രമിക്കയും ചെയ്തു. പല മിത്രങ്ങളുടെയും കപ്പൽത്തലവന്മാരുടെയും സഹായത്താലും അനേകംസംഘക്കാരുടെ ഔദാൎയ്യത്താലും, കപ്പൽതോറും മുപ്പതിൽ പുസ്തകങ്ങളുള്ള ഒരു പെട്ടിസൂക്ഷിക്കയും, അതിലെ പുസ്തകങ്ങൾ തരംപോലെ മാറി അയയ്ക്കയും ചെയ്തു. ഈ പുസ്തകശാല സൂക്ഷിപ്പു്, ക്ലാവൽ എന്ന കപ്പൽത്തലവൻ ഏൽക്കുക ഉണ്ടായി. അയാളുടെ കുഡുംബത്തിലുള്ള ഒരാൾ ഒരുക്കൽ മിസ്സിസ്സ് ഫ്രൈക്കു് ഇങ്ങനെ എഴുതിയയച്ചു: "നമ്മുടെ പുസ്തകശാല ക്രമവൎദ്ധനയിൽ തന്നെ ഇരിക്കുന്നു. ആളുകൾ വായനയിൽ അതിമാത്രമായ ഉത്സാഹം കാണിക്കുന്നുണ്ടു് നിങ്ങളുടെ ദയയും അനന്തമായ ഔദാൎയ്യവും ഹേതുവായി ഞങ്ങൾ എല്ലാവരും, വിശിഷ്യ സാധുക്കളായ കപ്പൽക്കാർ,—നിങ്ങളോടു് എന്തുമാത്രം കടപ്പെട്ടിരിക്കുന്നു എന്നു എനിക്കു എഴുതി അറിയിക്കാൻ സാധിക്കുന്നില്ലാ.,,. 'എല്ലാ കപ്പലുകളിൽ

നിന്നും വളരെ സന്തോഷകരമായ വർത്തമാനം അറിയിക്കാനു ണ്ട്. ആളുകൾ വന്ന് പുസ്തകംവേണമെന്നു യാചിച്ചുതുടങ്ങി യിരിക്കുന്നു. യാത്രമടങ്ങിവന്ന ഒരു കപ്പലിൽ ഒരു പുസ്തകപ്പെട്ടി ഒന്നു കണ്ടിരുന്നെങ്കിലോ! പുസ്തകങ്ങളിൽ എല്ലാംവിരലിന്റെ അടയാളങ്ങൾ ദൃഢമായി പതിഞ്ഞുകാണുന്നു. അവയെ ധാരാളം ഉപയോഗിച്ചിരിക്കുന്നു എന്നുള്ളതിന് ഇതു നല്ല ഒരു അടയാളമാണെന്നത്രേ ഞാൻ വിചാരിക്കുന്നത്",. എന്ന് ഒരു ആൾ മറെറാരിക്കൽ എഴുതിയയച്ചു.

എലിസബെത്തിനു ശ്രദ്ധാവിഷയമായിത്തീർന്ന മറെറാന്നു നാവികാതുരശാലകളാണ് ഇവിടെയും അവളുടെ പ്രേരണയാൽ പുസ്തകശാലകൾ ഏർപ്പെടുത്തി. അവളുടെ മരണത്തിനല്പംമുമ്പ് ക്രോമർ എന്ന ഗ്രാമത്തിൽ ദേഹസുഖത്തിനായി താമസിക്കുമ്പോൾ സ്ഥാപിച്ച വായനശാലയും പുസ്തകശാലയും മറക്കത്തക്കവയല്ലാ. ഇവ രണ്ടും സമീപസ്ഥന്മാരായ മുക്കുവന്മാരെ മദ്യശാലകളുടെ സമ്പർക്കത്തിൽ നിന്നു പിൻതിരിക്കുന്നതിനു ഉതകിയിരുന്നു. ഇതു അല്പമായ ഒരു പരിശ്രമമായിരുന്നെങ്കിലും പൂർണ്ണമായി ഫലിച്ചു. തങ്ങളുടെ സമസൃഷ്ടങ്ങളെ അലസതയിൽ നിന്നും ദുർവൃത്തികളിൽനിന്നും വിമോചനം ചെയ്യുന്നതിനിച്ഛിക്കുന്നവർക്ക് ഈ സൽകൃത്യം ധൈര്യം നൽകത്തക്ക ഒരു മാതൃകാ പാഠമാകുന്നു.

ഈ സന്ദർഭത്തിൽ കടവുസൂക്ഷിപ്പുസ്ഥലങ്ങളിൽ ഉള്ള ഉദ്യോഗസ്ഥന്മാരിൽ നിന്ന് അവളുടെ പരിശ്രമത്തിന്റെ വിജയഫലത്തെ കുറിക്കുന്ന പല എഴുത്തുകളും കിട്ടിയതു് അവൾക്കു അധികമായ സംതൃപ്തിക്കിടയാക്കി എന്നു പറയേണ്ടതില്ലല്ലൊ. ന്യൂഗേററ് റാണാവിലെ പാവപ്പെട്ട ആളുകൾക്ക് അവളുടെ പേരിലുള്ള സ്നേഹത്തേയും നന്ദിയേയും സൂചിപ്പിക്കുന്ന ചിലകത്തുകളും ഈ സമയത്തു ലഭിച്ചതു അവൾക്കു വിശേഷമായ ആനന്ദത്തിനു ഇടയാക്കി. ഇവ കൂടാതെ ന്യൂസൌത്ത് വെയിത്സിലേക്കു നാടുകടത്തപ്പെട്ട ആളുകളുടെ ഭാവിശ്രേയസ്സിനായി അവൾ പ്രദർശിപ്പിച്ച ആകാംക്ഷയും പരിശ്ര

ഗത്തിനും ഉപകാരസ്മരണയോടുകൂടെ അവർ അയച്ച ചില എഴുത്തുകളും ഈ അവസരത്തിൽ വന്നുചേൎന്നു. ഈ സംഗതികൾ അവളുടെ പ്രയത്നങ്ങളിൽ അവൾക്കു അധികം ധൈൎയ്യം നൽകുകയും, അവളുടെ ജന്മോദ്ദേശ്യത്തെ സാധിക്കുന്ന കാൎയ്യത്തിൽ, സ്ത്രീവൎഗ്ഗസ്വഭാവത്തിനും ആചാരങ്ങൾക്കും ചേരാത്ത മട്ടിലായിരുന്നുവെന്നു ചിലൎക്കു തോന്നിയിരുന്നിട്ടും, അവൾ ആ ഉദ്ദേശ്യത്തിൽ തെറ്റിപ്പോയില്ലെന്നു കാണിക്കയും ചെയ്തു. അവികാസമതികളായ ചിലരുടെ തെറ്റിദ്ധാരണകൊണ്ടും, പരോൽക്കൎഷാസഹിഷ്ണുക്കളുടെ ഔദാൎയ്യരഹിതമായ വിവേചനത്താലും അവൾ പല മനഃക്ലേശങ്ങളും സഹിക്കേണ്ടിവന്നു. അവളുടെ പരമമായ ആത്മത്യാഗം ദുരുദ്ദേശ്യങ്ങളോടുകൂടിയാണെന്നും, അവൾ ഗൃഹകൃത്യങ്ങളിൽ ഉപേക്ഷ കാണിക്കുന്നെന്നും മററും പല കുററങ്ങളും അവർ അവളിൽ ആരോപിച്ചു. എന്നാൽ, ഈ ദോഷാരോപങ്ങളെ അവൾ നിസ്സാരമായി തള്ളിക്കളഞ്ഞു; അവളുടെ പ്രയത്നങ്ങളുടെ സ്പഷ്ടമായ ഫലത്തെയും അവയിൽനിന്നു ഉണ്ടായ ഗുണങ്ങളെയും ഇല്ലായ്മചെയ്യുന്നതിനു ഈ മിഥ്യാരോപങ്ങൾക്കു കഴിയുന്നതല്ലല്ലൊ. തന്റെ ഹൃദയത്തിൽനിന്നു സൽകൃത്യങ്ങൾക്കായി സദാ തന്നെ പ്രേരിപ്പിച്ചുകൊണ്ടിരുന്ന ദിവ്യശക്തിയായ മനുഷ്യസ്നേഹത്തെ അവൾ ശൂന്യമാക്കാതെ ലോകാഭിപ്രായത്തെ മാത്രം വിലമതിച്ചിരുന്നു എങ്കിൽ, ജീവിതസൂൎയ്യൻ പ്രശോഭിച്ചുകൊണ്ടിരുന്ന കാലമത്രയും ഉത്തമഗാനങ്ങളെക്കൊണ്ടു ജീവിതത്തെ നയിക്കാനേ അവൾക്കു സാധിക്കുമായിരുന്നുള്ളു.

൧൮൨൮-ൽ എലിസബെത്തിന്റെ ഭൎത്താവായ മിസ്റ്റർ ഫ്രൈക്കു പെട്ടെന്നു ഒരു വലിയ നഷ്ടം സംഭവിക്കയാൽ കുഡുംബസ്ഥിതിക്കു പ്രത്യക്ഷമായ ഒരു മാററം ഉണ്ടായി. അദ്ദേഹം സകലവിഭവങ്ങളോടുകൂടെ സുഖമായി വസിച്ചിരുന്ന പ്ലാഷെററ് ഹൌസ് എന്ന ഗൃഹത്തെ വില്ക്കേണ്ടിവരികയും, അല്പകാലം ലണ്ടനിൽ താമസിച്ചതിന്റെ ശേഷം തിരികെ വന്ന് അവരുടെ മുമ്പിലത്തെ വസതിക്കു സമീപത്തുതന്നെ ഒരു

ചെറിയ വീട്ടിൽ പാൎപ്പാക്കുകയും ചെയ്തു. ഇപ്പോഴും മിസ്സിസ്സ് ഫ്രൈയ്ക്ക് ഏകശോകകാരണമായിരുന്നതു് അവളെ സ്നേഹിതയെന്നു കരുതിപ്പോന്ന ചുററുമുള്ള പാവപ്പെട്ട ആളുകളെ സഹായിക്കാൻ നിവൃത്തിയില്ലാതായ അവസ്ഥയായിരുന്നു. അവൾ പള്ളിക്കൂടത്തിനുവേണ്ടി ചെയ്തുവന്ന സഹായത്തെയും പിൻവലിക്കുവാൻ അവൾ നിൎബന്ധിതയായ് തീൎന്നു. സമസൃഷ്ടസ്നേഹത്തോടുകൂടി അവളുമൊരുമിച്ചു് പ്രവൎത്തിച്ചുപോന്നവരെല്ലാം അവളുടെ ഈ ദീനാവസ്ഥയിൽ സഹതപിച്ചു. അവളുടെ പേരിൽ ഓരോരോ ജനങ്ങൾക്കുള്ള ആദരത്തിനും വാത്സല്യത്തിനും ലക്ഷ്യങ്ങൾ പലതും അവൾക്കു ലഭിച്ചു. അവളുടെവരവു ചുരുങ്ങിയെങ്കിലും, ഹൃദയപൂൎവ്വമായ മനുഷ്യസ്നേഹം വൎദ്ധിച്ചതേയുള്ളു. അവൾ സഹോദരന്മാരിൽ ഒന്നുരണ്ടു പേരോടൊന്നിച്ചു് സ്കോട്ട്ലാണ്ട്, ഐൎലാണ്ട് എന്നീ രാജ്യങ്ങളിലും പിന്നാലെ മററുരാജ്യങ്ങളിലും സഞ്ചരിച്ചു. ജെയിലുകളെ മാത്രമല്ലാ, ഭ്രാന്താതുരശാലകൾ, പാഠശാലകൾ, ആസ്പത്രികൾ മുതലായി അവശ്യം പരിഷ്കരണീയങ്ങളായ ശാലകളെക്കൂടെ സന്ദൎശിക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശ്യം. ഈ സഞ്ചാരത്തിൽനിന്നു് പലഗുണങ്ങൾ ഫലിക്കയും ചെയ്തു. മിസ്സിസ്സ് ഫ്രൈയും സഹോദരന്മാരും ഇംഗ്ലാണ്ടു്, ഫ്രാൻസ്, ഹോളണ്ടു്, ബെൽജിയം, ഡെന്മാർക്ക്, പ്രഷ്യാ, ഹാനൊവർ എന്നീ രാജ്യങ്ങളിലെ രാജാക്കന്മാരെ മുഖതാവിൽ ചെന്നു കണ്ടു് ജെയിൽപുള്ളികൾ രോഗികൾ മുതലായവരുടെ സ്ഥിതികളെപ്പററി പലകാൎയ്യങ്ങളും ബോധിപ്പിച്ചു. ഈ രാജാക്കന്മാരുടെ സ്വന്തരാജ്യങ്ങളിൽ അടിമക്കച്ചവടം നടത്തുന്നതിനെക്കുറിച്ചും വളരെ അതൃപ്തിയായി പറഞ്ഞു. രാജാക്കന്മാരെല്ലാം മിസ്സിസ്സ് ഫ്രൈയുടെയും സഹോദരന്മാരുടെയും അഭിപ്രായങ്ങളെ ആദരപൂൎവ്വം കേൾക്കുകയും, അവയിൽ പലതും അംഗീകരിക്കയും ചെയ്തു. പരമാൎത്ഥതയാൽ പ്രബലമായും, മനുഷ്യസ്നേഹത്താൽ പ്രബുദ്ധമായുമുള്ള മിസ്സിസ്സ് ഫ്രൈയുടെ പ്രതാപഭരിതമായ സംഭാഷണത്തെ കേട്ടാൽ ആരു

അനുകമ്പകൊണ്ടു് അവളുടെ അഭിലാഷത്തെ അനുകൂലിക്കാതിരിക്കയില്ല. സേവകന്മാരുടെ സ്തുതിപാഠങ്ങൾ അവളുടെ വാക്കുകളുടെ ആത്മാർത്ഥതയാൽ, ദൂരീകരിക്കപ്പെട്ടിരിക്കുന്നു എന്നു് രാജാക്കന്മാർ വിചാരിച്ചുവന്നു. ഘാതകൻെറ കർക്കശമായ ഹൃദയം, അവളുടെ സ്വഭാവത്തിൻെറ പ്രശാന്തരമണീയതയാൽ അലിയുകയും, അവനു് സദാചാരങ്ങളുടെ ശ്രാവ്യതയെപ്പററി ഉൽബോധം ഉണ്ടാകയും ചെയ്തുവന്നു. അവളെ ലോകരെല്ലാം ആദരിക്കയും, സ്തുതിക്കയും ചെയ്തു എന്നു കണ്ടിട്ടും അവൾ ആത്മപ്രശംസയാൽ ഉദ്ധതയായിത്തീർന്നില്ലാ. ഈ വിനയം അവളുടെ ദിനചര്യക്കുറിപ്പുകളിൽ നിന്നു് വെളിപ്പെടുന്നുണ്ടു്. ഒരെടത്തു്, ഇങ്ങനെ, അവൾ എഴുതിയിരിക്കുന്നു:—

"ജെയിലുകളെ സന്ദർശിക്കുന്നതിൽ എനിക്കു് ഭയമില്ലാ; കൊട്ടാരങ്ങളെ സന്ദർശിക്കുന്നതിലാണ് ഭയമുള്ളതു്. കൊട്ടാരങ്ങളിലെ പ്രതാപങ്ങളെക്കണ്ടു് എൻെറ കണ്ണു് മയങ്ങിപ്പോയെങ്കിലോ എന്നാണ് എൻെറ ശങ്ക. അതിന്മണ്ണം, ദരിദ്രന്മാരെ ചെന്നു് കാണുന്നതിൽ എനിക്കു തീരെ വൈമനസ്യമില്ലാ. ധനികന്മാരെ ചെന്നുകാണുന്നതിലാണ് വല്ലായ്മയുള്ളതു്. ധനികന്മാരുടെ മട്ടുകളെകണ്ടിട്ടു്, ആർജ്ജവം, സന്മാർഗ്ഗം മുതലായ സൽഗുണങ്ങളെ വിട്ടുപിരിയുവാൻ ഞാൻപ്രേരിതയാകുമോ എന്നാണ് ശങ്ക.,,

അവൾക്കു് വളരെക്കാലമായി ശരീരത്തിനും മനസ്സിനും വാട്ടം തട്ടിക്കൊണ്ടിരുന്നു. ൧൮൪൫-ാമാണ്ടു് ജൂലൈമാസത്തിൽ രോഗം ബാധിച്ചു്, ഇടയ്ക്കിടെ അല്പം ഭേദമാവുന്നുണ്ടായിരുന്നു എങ്കിലും, രോഗം വിട്ടുമാറിയില്ലാ. ൧൮൪൫-ാമാണ്ടു് അക്ടോബർ ൧൨-ന്ന അവൾ പരലോകം പ്രാപിച്ചു. അവളോടടുക്കുള്ളവർ കഴിയുന്നതൊക്കെയും അവളുടെ വിഷയത്തിൽ പ്രവർത്തിച്ചു. എങ്കിലും, അവൾ, ൬൬-ാമത്തെ വയസ്സിൽ റാംസ്ഗേററ് എന്നെടുത്തുവച്ചു് തൻെറ ബന്ധുക്കൾക്കുമാത്രമല്ലാ, തൻെറ മനുഷ്യസ്നേഹവും സൽഗുണങ്ങളും നിമിത്തം തന്നൊടടുത്തിട്ടുള്ളവരെല്ലാവൎക്കും ദുഃഖദമാകുമാ

ര്, സ്വതന്ത്ര്യയായി ഭവിച്ചു. അവളുടെ കാലത്തു്, കാരാഗൃഹപരിഷ്കാരകാര്യത്തിൽ ആളുകൾക്ക് ആകാംക്ഷ ജനിച്ചുതുടങ്ങിയിരുന്നുവെങ്കിലും, അതിലേക്ക് ഉത്സാഹപൂർവ്വം മുന്നിട്ടുനിന്നതു് അവളായിരുന്നു. മനുഷ്യസ്നേഹിയായ ഹൊവർഡ് എന്ന മഹാന്റെ അശ്രാന്തമായ പരിശ്രമത്താൽ കാരാഗൃഹപരിഷ്കാരത്തിന് ചില നിയമങ്ങൾ പാർളിമെണ്ടുസഭയിൽനിന്ന് ഏർപ്പെടുത്തിയിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ മരണാനന്തരം അവ മൃതപ്രായങ്ങളായിപ്പോയിരുന്നു. മിസ്സസ്സ് ഫ്രൈ, തന്നിമിത്തം, ഇക്കാര്യത്തിൽ നവീനമായിട്ടുതന്നെ പ്രവർത്തിക്കേണ്ടിയിരുന്നു. അവൾ മനുഷ്യവർഗ്ഗത്തെ ആസകലം സ്നേഹിച്ചുപോന്നു. എന്നാലും, അവളുടെ പ്രധാനമായ ഉദ്ദേശ്യം സ്ത്രീജനങ്ങളിൽവച്ചു് അസദ്വൃത്തികൾക്കും, ദുരിതങ്ങൾക്കും അടിമപ്പെട്ടുകിടക്കുന്നവരെ സദാചാരത്തിൽ ഉറപ്പിച്ചു് പുണ്യം സമ്പാദിപ്പിക്കണമെന്നായിരുന്നു. ഈ വിധം, ലോകത്തിൽ പാപം കുറയ്ക്കയും ക്ഷേമം വർദ്ധിപ്പിക്കയും ചെയ്യുന്നതിനായി ആയുർവ്വ്യയം ചെയ്തിരുന്ന പുണ്യചരിതയായ ഈ മഹതിയുടെ സൽക്കർമ്മങ്ങൾ, ലോകത്തിൽ എല്ലാവർക്കും ഉന്നതേച്ഛകളെ ഉദിപ്പിക്കുമെന്നു് തന്നെ നമുക്ക് വിശ്വസിക്കാം.

# ലേഡി റേച്ചൽ റസ്സൽ

സതാംപ്ടണിലെ പ്രഭുവായ തോമസ് റയോത്തെസ്ലിയുടേയും, ഫ്രാൻസിലെ പുരാതനവും പ്രസിദ്ധവുമായ ഒരു പ്രോട്ടസ്റ്റൻറ് കുടുംബത്തിലെ സന്തതിയായ റേച്ചൽഡ്-റൂവിനി എന്ന സ്ത്രീയുടേയും ദ്വിതീയപുത്രിയായിരുന്നു ലേഡി റേച്ചൽ റസ്സൽ. ഈ നായികയുടെ ജനനം ക്രൈസ്തവ വർഷം ൧൬൩൬-ൽ ആയിരുന്നു. മാതാവിൻെറ പരിചരണം ആവശ്യം വേണ്ടിയിരുന്ന സന്ദർഭത്തിൽ, ഈ ബാലികയുടെ മാതാവ്; കാലധർമ്മത്തെ പ്രാപിക്കാനിടയായി. എന്നാൽ, വളരെ ചെറുപ്പത്തിൽത്തന്നെ അവൾക്കു നേരിട്ടതായ ഈ നഷ്ടം, നീതിമാനും ഉത്തമനും ആയ പിതാവിൻെറ വാത്സല്യസമ്മിശ്രമായ സംരക്ഷണയാൽ ഏറെക്കുറെ പരിഹരിക്കപ്പെട്ടു. ഇദ്ദേഹം തൻെറ ഉദ്യോഗസംബന്ധമായ ജോലിത്തിരക്കുകളുടെ ഇടയിൽപ്പോലും, മതത്തെയും കൃത്യനിഷ്ഠയേയും സംബന്ധിച്ചുള്ള തത്വങ്ങളെ തൻെറ സന്താനങ്ങളോട് ഉപദേശിക്കുന്നതിൽ ലേശവും ഉപേക്ഷ കാണിച്ചിരുന്നില്ല. ജനനാൽത്തന്നെ ശ്രേഷ്ഠമായ സകല മനോവൃത്തികളുടേയും വിളനിലമായ ലേഡിറേച്ചലിൻെറ ഹൃദയത്തിൽ ഈ തത്വങ്ങൾ ദൃഢമായി പതിയുകയും, പിന്നീട് പ്രശംസിക്കത്തക്ക ഫലങ്ങളെ പുറപ്പെടുവിക്കയും ചെയ്തു.

ലേഡി റേച്ചലിൻെറ ജീവിതത്തിന് ആദ്യദശയിൽ പറയത്തക്ക സംഭവങ്ങൾ ചുരുക്കമായിരുന്നു. അക്കാലങ്ങളിൽ ധനികന്മാരായ പ്രഭുക്കന്മാരുടെ ഇടയിലുള്ള വിവാഹങ്ങൾ എല്ലാം, രാജാവിനാലോ, മാതാപിതാക്കന്മാരാലോ ഏർപ്പാട് ചെയ്യപ്പെടുന്നവയായിരുന്നു. വിവാഹബന്ധത്തിൽ ഏർപ്പെടുന്ന ഇരുകക്ഷികൾക്കും, ഈ കഥാനായികതന്നെ ഒരിടത്തു പറഞ്ഞിരിക്കുന്നതുപോലെ, മേല്പറഞ്ഞവരുടെ ആജ്ഞയ്ക്കു വഴിപ്പെടുകയല്ലാതെ, വേറെ ഗതി ഒന്നുമില്ലായിരുന്നു. കാർബെറി

യിലെ പ്രഭുവിന്റെ മകനായ വോഘൻ പ്രഭുവിനെക്കൊണ്ടാണ് ലേഡിറേച്ചലിനെ പതിനേഴാമത്തെ വയസ്സിൽ പാണിഗ്രഹണം ചെയ്യിച്ചതു്; ഈ ബന്ധത്തെപ്പററി നമുക്കു ലഭിച്ചിട്ടുള്ള അറിവിൽ നിന്നു്, അതു നില നിന്ന കാലം മുഴുവനും ദമ്പതിമാർ കൃതാൎത്ഥതയോടുകൂടെ കാലക്ഷേപം ചെയ്തു എന്നു് അനുമിക്കാം. ഈ വിവാഹത്തിന്റെ ഏകഫലമായ സന്താനം, ജനിച്ചു് അധികം താമസിയാതെ മരിക്കയും, വിവാഹം കഴിഞ്ഞു് കഷ്ടിച്ചു് മൂന്നു കൊല്ലത്തിൽ അധികം ആകുന്നതിന്നു മുമ്പു തന്നെ വോഘൻ പ്രഭുവിന്റെ മരണത്താൽ ബന്ധം മുഴുവനും അററുപോകയും ചെയ്തു.

വോഘൻപ്രഭ്വി (ലേഡി റേച്ചൽ) യുടെ അച്ഛനായ സതാംപ്ടണിലെ പ്രഭുവും, അവളുടെ ഭൎത്താവിന്റെ മരണത്തിനു് അല്പം മുമ്പെ ചരമഗതിയെ പ്രാപിച്ചു. അദ്ദേഹത്തിന്റെ മരണശേഷം അവൾക്കു ലഭിച്ച റ്റിച്ച്ഫീൽഡ് എന്ന സ്ഥലത്തു് വോഘൻ പ്രഭ്വി തന്റെ സഹോദരിയോടൊന്നിച്ചു താമസിച്ചു വന്നപ്പോളാണ് തന്റെ രണ്ടാമത്തെ ഭൎത്താവായിത്തീൎന്ന ആളെ കാണ്മാനിടയായതു്. ഈ ആൾ ബെഡ്ഫോർഡിലെ പ്രഭുവിന്റെ ദ്വിതീയപുത്രനായ മിസ്റ്റർ വില്യം റസ്സൽ ആയിരുന്നു. ഒരു വലിയ കുടുംബത്തിൽ ജനിച്ച ആളാണെങ്കിലും, ഇംഗ്ലീഷുകാരുടെ അവകാശക്രമം അനുസരിച്ചു്, കുടുംബ സ്വത്തു മൂത്തപുത്രന്റെ വകയാകയാൽ, വില്യം റസ്സലിന്നു് അക്കാലത്തു തന്റെ സ്വന്തമായി സ്വത്തു് ഒന്നും ഇല്ലായിരുന്നു. എന്നാൽ, വോഘൻ പ്രഭ്വി, തന്റെ അച്ഛന്റെ മരണാനന്തരം വളരെ സ്വത്തുകൾക്കു് അവകാശിനിയായിത്തീൎന്നിരുന്നതുകൂടാതെ, സ്വതന്ത്രയും ആയിരുന്നു. അതിനാൽ വില്യം റസ്സലും വോഘൻ പ്രഭ്വിയും തമ്മിലുള്ള വിവാഹത്താൽ, വധുവിനേക്കാൾ അധികം വരന്നാണ് ഗുണം സിദ്ധിച്ചതു് ഇവർ അന്യോന്യം അനുരക്തരായിത്തീൎന്ന ഉടൻ തന്നെ, അവരുടെ വിവാഹവും നടന്നു. സാധാരണ മനുഷ്യൎക്കു ദുല്ലഭമായിരിക്കുന്ന ധന്യതയോടു കൂടി പതിനാലു കൊല്ലം നില

നിന്ന ഇവരുടെ ദാമ്പത്യം ആരംഭിച്ചതു് ൧൬൬൯–മാണ്ടിന്റെ അവസാനത്തിലായിരുന്നു. എന്നാൽ, ആ ഭാഗ്യദശയെ അവസാനിപ്പിച്ചതായ സംഭവം അധികം അത്ഭുതപൂർവമല്ല.

ലേഡി റേച്ചലുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ട ആളുടെ ജീവിതം, അതിന്റെ അഭിവൃദ്ധിയിലും അധഃപതനത്തിലും, തന്റെ രാജ്യചരിത്രത്തിൽ ഒരു പ്രധാനഘട്ടമായിത്തീർന്നു. തന്റെ വിവാഹം കഴിഞ്ഞു ഏതാനും നാളുകൾക്കുള്ളിൽ, ബ്രിട്ടനിലെ ഏററവും ധനപുഷ്ടിയുള്ള കുടുംബങ്ങളിൽ ഒന്നിന്റെ അവകാശിയായിത്തീർന്ന വില്യം റസ്സൽ പ്രഭു, പൊതുജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കാൻ ഒരുമ്പെട്ടവരിൽ അഗ്രഗണ്യനായിത്തീർന്നു. പൊതുജനോപകാരാർത്ഥം പല കൃത്യങ്ങളും ചെയ്തു വന്ന ഇദ്ദേഹം, മതത്തെക്കുറിച്ചു വാസ്തവജ്ഞാനമുള്ളവനും, ന്യായമായ സ്വാതന്ത്ര്യത്തിൽ ആകാംക്ഷയുള്ളവനും ആയിരുന്നു. ഈ വിധം ഇരുന്നതിനാൽ, ന്യായമായ ഒരു കാര്യത്തിനായി വളരെ ക്ഷമയോടുകൂടെ പരിശ്രമിച്ചതിന്റെ ശേഷം, ഉദ്ദേശം സാധിക്കാതെ ഉദ്യമത്തിൽ നിന്നു പിന്മാറേണ്ടിവരികയും, തൂക്കുമരത്തിൽ കയറി തന്റെ ജീവനെ വെടിയേണ്ടിവരികയും ചെയ്തു. ഇങ്ങനെയുള്ള ആളാണ് ലേഡി റേച്ചലിന്റെ പ്രേമഭാജനമായിത്തീർന്നതു് ഇദ്ദേഹത്തിന്റെ ശീലത്തെപ്പററി ഇത്രയും ആദ്യമേ വായനക്കാർ ഗ്രഹിച്ചിരുന്നാൽ, ഈ ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ടായിരുന്ന കത്തിടപാടിൽ ഭാര്യയ്ക്കു ഭർത്താവിന്റെ പേരിലുണ്ടായിരുന്ന അഗാധമായ സ്നേഹത്തെയും ഭക്തിയേയും മനസ്സിലാക്കാൻ എളുപ്പമുണ്ടു് അവരുടെ എഴുത്തിൽ ചില ഭാഗങ്ങളെ പ്രകൃതത്തിൽ പ്രത്യേകം എടുത്തു പറയുന്നതാണ്

വിവാഹം കഴിഞ്ഞു് ഏറെനാൾ കഴിയും മുമ്പു തന്നെ, പബ്ലിക്ക് കാര്യം സംബന്ധിച്ചും, പാർളിമെൻറു ജോലി പ്രമാണിച്ചും, റസ്സൽ പ്രഭുവിനു പലപ്പോഴും വീടു വിട്ടുപോകേണ്ടിവന്നതിനാൽ, അദ്ദേഹവുമായി എഴുത്തുകുത്തു നടത്തുന്നതിനു റേച്ചൽ പ്രഭ്വിക്കു പല അവസരങ്ങളും ലഭിച്ചിരുന്നു.

ഈ എഴുത്തുകൾ എല്ലാം ഭാഗ്യവശാൽ സൂക്ഷിച്ചു വച്ചിട്ടുള്ളതുകൊണ്ട് അവ, ഒരു സ്ത്രീയുടെ നിസ്തുല്യമായ പ്രേമത്തിന്റെ സ്മാരകമായി ലോകചരിത്രത്തിൽ ഒരു റിക്കാർട്ടായിത്തീർന്നിരിക്കുന്നു. വിവാഹാനന്തരം, മൂന്നു കൊല്ലങ്ങൾ കഴിഞ്ഞതിന്റെ ശേഷം, റസ്സൽപ്രഭ്വി ഒരിക്കൽ ഇങ്ങനെ എഴുതിയിരുന്നു:—"ദിവസംപ്രതി എന്നോടുള്ള പ്രേമാതിരേകത്തിന്റെ അഭിനവങ്ങളായ ചിഹ്നങ്ങൾ ലഭിക്കത്തക്കവണ്ണം, പ്രിയഭർത്താവു് എന്റെ നേർക്കു പൊഴിക്കുന്ന കാരുണ്യത്താൽ എത്ര യഥാർത്ഥവും ശ്രേഷ്ഠവും ആയ ഒരാനന്ദമാണ് ഞാൻ അനുഭവിക്കുന്നതെന്നു് പറഞ്ഞറിയിക്കുന്നതു് വാക്കുകളുടെ ദൌർല്ലഭ്യത്താൽ എനിക്കു് അസാദ്ധ്യമായിത്തീർന്നിരിക്കുന്നു. എന്നാലും, എന്റെ ജീവിത സർവ്വസ്വമേ! സ്നേഹിക്കുന്നതിനും ഉപകാരം ചെയ്യുന്നതിനും സമർത്ഥനായ അങ്ങു്, ഒരാൾക്കു കഴിവുള്ളേടത്തോളം ഉള്ള നന്ദിയോടും, ബഹുമതിയോടും, പ്രേമത്തോടും കൂടെ ഞാൻ അങ്ങയുടെ നേരെ വർത്തിക്കുന്നു എന്നു വിശ്വസിച്ചെങ്കിലേ എന്റെ ആനന്ദംപരിപൂർണ്ണമായിത്തീരുകയുള്ളു; അങ്ങനെയായാൽ, എനിക്കു് അതിൽപ്പരം മറെറാന്നുംആഗ്രഹിക്കാനില്ലാ; ഇല്ലെങ്കിൽ, ഇതുവരെ അനുഭവിച്ചുവന്ന സുഖധന്യതകളാൽ എന്റെ ഹൃദയം നന്ദിപൂണ്ടിരിക്കകൊണ്ടു്, മറിച്ചു വരുന്നതു് എന്റെ കർമ്മമെന്നോർത്തു് അതൃപ്തി കാണിക്കയോ ആവലാതി പറകയോ ചെയ്യാതെ, വിധിക്കു കീഴടങ്ങുകതന്നെ ചെയ്യും", ശേഷമുള്ള ഭാഗം കൂടെ വായിക്കുന്ന പക്ഷം, ഈ ദമ്പതിമാർക്കു സംഭവിച്ച കഷ്ടതകളെ ഓർത്തു് ആരുടെ മനസ്സാണ് അലിയാത്തതു്?— "നമ്മുടെ ആയുരന്തം വരുന്നതു് എപ്പോഴാണെന്നു് ഈശ്വരന്തന്നെ അറിയാം; പരമകാരുണികനായ അദ്ദേഹത്തോടുള്ള എന്റെ ഏകമായ പ്രാർത്ഥന, നമ്മിൽ ഒരാൾ മുമ്പെ പോയാൽ മറെറ ആൾ നൈരാശ്യത്തോടു കൂടി ദുഃഖിച്ചുദിവസംകഴിക്കാതിരിക്കത്തക്കവണ്ണം, നാംരണ്ടുപേരും ഒരുമിച്ചു മരിക്കുന്നതിനിടയാകണംഎന്നുള്ളതത്രെ. നാം ഇരുവരും ദീർഘായുസ്സുകളായി ഭവിക്കുമെന്നു തന്നെ ഇപ്പോൾ ആശിക്കാം. അങ്ങനെ വന്നില്ലെങ്കിൽ, നമ്മുടെ ക്ലേശ സമയത്തു്

അദ്ദേഹം നമുക്കു ശരണ്യമായിരിക്കുമെന്നു വിശ്വസിക്കാം. ഇങ്ങനെയുള്ള ചിന്തകൾ ചിലപ്പോൾ അവശ്യം വേണ്ടതാണ് എങ്കിൽ മാത്രമേ, വിചാരിച്ചിരിക്കാത്ത സമയത്ത് ഒരാപത്തു പെട്ടെന്നു നേരിടാൻ ഇടയുണ്ടാകുന്ന പക്ഷം,അതിനെ എതിർത്തു നില്ക്കാൻ ശക്തി ഉണ്ടായിരിക്കൂ.., ദുഃഖത്തിന്റെ തീവ്രതയെ കുറയ്ക്കുന്നതിനു ഹൃദയപരിശീലനം ഇതു തന്നെയല്ലേ?

റസ്സൽ പ്രഭ്വിയുടെ വിവാഹജീവിതത്തെപ്പററി അറിയുന്നതിന് ആ സ്ത്രീയുടെ എഴുത്തുകളല്ലാതെ മററൊന്നും ഇല്ല. അവരുടെ സന്താനങ്ങളായി രണ്ടു പുത്രിമാരും ഒരു പുത്രനും ജനിച്ചതിന്റെ ശേഷം, അവരുടെ എഴുത്തുകൾ സവിശേഷം രസകരങ്ങളായിരിക്കുന്നു. ഭർത്താവിനെ അടുത്ത കാലത്തിൽ കാണാനിടയുണ്ടെന്നറിഞ്ഞു് പ്രഭ്വി ഇങ്ങനെ എഴുതി:— "എന്റെ ഭർത്താവിനായി, ഇപ്പോൾ ഞാൻ എഴുതുന്നതു് എനിക്കു് എല്ലാപ്പോഴും അദ്ദേഹത്തെപ്പററിയോ, അദ്ദേഹത്തിനോടോ സംസാരിക്കുന്നതിനു ഇഷ്ടമുള്ളതുകൊണ്ടാണു് എന്നാൽ, മുഖ്യമായ കാരണം, എന്റെ ഇന്നലത്തെ എഴുത്തു കിട്ടാതെയിരുന്നേക്കാൻ ഇടയുണ്ടെന്നു വിചാരിച്ചാണ്. എന്റെ പ്രാണപ്രിയനെ ഒരാഴ്ചയ്ക്കുള്ളിൽ കാണാനിടയാകുമെന്നു വിചാരിക്കുമ്പോൾ ഞാൻ പരമാനന്ദത്തിൽ മുഴുകിപ്പോകുന്നു. ഇതു് എന്റെ മനസ്സിന്റെ ദൗർബ്ബല്യമെന്നോ, ചാപല്യമെന്നോ, പ്രിയതമനോടു സംസാരിക്കാനിടയാകുമ്പോൾ സമ്മതിക്കാം. എനിക്കു അധികം പറവാൻ കഴിയുന്നില്ല. പ്രാണപ്രിയനു വിചാരിക്കാൻ കഴിയുന്നിടത്തോളം വിചാരിച്ചുകൊള്ളുക; എന്നാലും അധികമായ്ത്തീരുകയില്ല.,. വേറൊരെഴുത്തിൽ, "മിസ്സ് റേച്ചൽ (മൂത്ത പുത്രി) ഒരു വലിയ കഥ പറഞ്ഞു. അച്ഛൻ അവളെ വോബർണിലേക്കു ക്ഷണിച്ചു വരുത്തി എന്നു പറഞ്ഞു്, തുള്ളിച്ചാടിക്കൊണ്ടു്, അവൾ അവിടെ പോയിവന്നു എന്നും മററും ചിലച്ചു.,; എന്നു് എഴുതിയിരിക്കുന്നു.

വിനീതയും സുശീലയും ആയ റസ്സൽ പ്രഭ്വി തന്റെ ഭർത്താവിന്റെ ഉദ്യോഗകാര്യങ്ങളെ വളരെ താൽപര്യത്തോടും

ശ്രദ്ധയോടും കൂടെ സൂക്ഷിച്ചു പോന്നു. ഇതിന്റെ വാസ്തവം ഒരെഴുത്തിൽ നിന്നു വെളിവാകും. പൊതുജനങ്ങളുടെ സ്ഥിതിയെക്കുറിച്ച് അന്വേഷണം ചെയ്യുന്നതിന്നായി ഒരാലോചന 'ഹൌസ് - ആഫ് - കാമൺസ്', എന്ന സഭയിൽ കൊണ്ടുവന്നു. രാജകക്ഷി അതിനെ ബലമായെതിൎത്തു. പൊതുജനപ്രാതിനിധ്യം വഹിച്ചവരിൽ പ്രമാണി ഭൎത്താവാണെന്നറിഞ്ഞ് റസ്സൽ പ്രഭ്വി ഒരു കത്തെഴുതി അയച്ചു: "സഹോദരി ഇവിടെ എത്തിയിട്ടുണ്ട്; 'ഹൌസ് - ആഫ് - കാമൺസി'ൽ നടന്നുവരുന്ന ആലോചനകളിലും കൃത്യങ്ങളിലും, അവിടന്ന് ഉത്തരവാദിത്വം വഹിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നു സഹോദരിയുടെ ഭൎത്താവിനോട് ഇന്നലെ രാത്രി പറഞ്ഞതായി പറയുന്നു. ഈ വൎത്തമാനം എന്നെ ഭയാകുലയാക്കിത്തീൎത്തിരിക്കുന്നു. അതിനെ സംബന്ധിച്ച് വല്ലതും പ്രവൎത്തിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ, പ്രവൎത്തിച്ചുകഴിഞ്ഞുവോ, എന്ന് എന്നെ അറിയിക്കണമെന്നു പ്രത്യേകനിൎബ്ബന്ധത്തോടെ യാചിക്കുന്നു. ചെയ്തുകഴിഞ്ഞെങ്കിൽ, പശ്ചാത്തപിക്കേണ്ടിവരുമെന്ന് എനിക്ക് നിശ്ചയമുണ്ട്. വാസ്തവം അറിയിക്കണമെന്നു വീണ്ടും ഞാൻ അപേക്ഷിക്കുന്നു. ഇങ്ങനെ സംശയത്തിൽ ഇരിക്കുന്നത് എനിക്കും ഭവൽസോദരിക്കും അസഹ്യം ഉണ്ടാക്കുന്നു. ഈ ഏൎപ്പാടുകളിൽ ഇന്നെങ്കിലും മൌനം ദീക്ഷിക്കേണമെന്ന്, എനിക്ക് അല്പം പോലും അധികാരമുണ്ടെങ്കിൽ ആ അധികാരത്തോടുകൂടെ, ഞാൻ പറഞ്ഞുകൊള്ളട്ടെ!,,— വളരെ കരുതലോടും ഗാഢാലോചനയോടും കൂടി പറഞ്ഞ ഈ സ്ത്രീയുടെ വാക്കുകൾ വാസ്തവമായിത്തന്നെ പരിണമിച്ചു. പാൎലിമെന്റിലെ കൃത്യങ്ങൾ റസ്സൽ പ്രഭുവിന്നു വിപരീതമായി അവസാനിച്ചു; എന്നിട്ടും, അദ്ദേഹം തന്റെ കൃത്യത്തെ അറിഞ്ഞ് അതിനെ അനുഷ്ഠിച്ചു.

മേൽപറഞ്ഞ കഞ്ഞിടപാടുകൾ നടന്ന് അധികം നാൾ കഴിയുന്നതിന്നു മുമ്പുതന്നെ, അതായത്, റസ്സൽ പ്രഭുവിന്റെ വിവാഹാനന്തരം പതിന്നാലു കൊല്ലങ്ങൾ കഴിഞ്ഞതുശേ

ഹിം, അദ്ദേഹത്തെ രാജദ്രോഹകരമായ കാൎയ്യങ്ങളിൽ ഏൎപ്പെട്ടു എന്നുള്ള കുറ്റത്തിന് കാരാഗൃഹത്തിലാക്കി. റേച്ചൽ പ്രഭ്വിയുടെ സ്വഭാവമഹിമ എത്രമാത്രമുണ്ടെന്നുള്ളത് ഈ സംഭവത്തിലെ പല സംഗതികളാലും വെളിപ്പെടുന്നതാകുന്നു. ഈ സംഭവത്തിനു വളരെ മുമ്പായി ഒരവസരത്തിൽ, അദ്ദേഹം ഭാൎയ്യയോട് ഇങ്ങനെ പറഞ്ഞിരുന്നു:— "ഇംഗ്ലണ്ടിൽ സ്വേച്ഛാധികാരഭരണം ഏൎപ്പെടുത്തുവാൻ ആരെങ്കിലും ഉദ്യമിക്കുന്നപക്ഷം, അതു ഞാൻ ഹതനായതിന്റെ ശേഷമേ സാധിക്കയുള്ളു.,,— അതിനാൽ, അദ്ദേഹത്തിന്റെ വൈരികളുടെ പ്രവൃത്തികളെ ഒക്കെയും എന്തു മനോവികാരങ്ങളോടുകൂടിയാണ് റേച്ചൽ പ്രഭ്വി പരിഗണിച്ചുവന്നതെന്ന് നമുക്ക ഏറെക്കറെ അനുമിക്കാം. കാരാഗൃഹത്തിലടച്ച ഉടൻതന്നെ, തന്റെ അവസ്ഥ എന്താകുമെന്ന് റസ്സൽ പ്രഭുവിനു നിശ്ചയമുണ്ടായിരുന്നു. എന്നാൽ,ആപൽശങ്കകൾ ഉണ്ടായിരുന്നിട്ടും, പ്രഭ്വി നൈരാശ്യത്താൽ മനസ്സുഭജിക്കുക എന്നുള്ളതുണ്ടായിട്ടില്ലാ. കാരാഗൃഹത്തിലാക്കിയ ദിവസം മുതൽ വിചാരണ ദിവസംവരെയുള്ള സമയം മുഴുവനും, പ്രഭ്വി തന്റെ ഭൎത്താവിന്റെ രക്ഷയ്ക്കായി വാദിക്കാൻ വേണ്ട സംഗതികൾ ശേഖരിച്ചും, ഒരുക്കങ്ങൾ ചെയ്തും കഴിച്ചുകൂട്ടി. വിചാരണയ്ക്കുമുമ്പായി, ആ സ്ത്രീ എഴുതിയ എഴുത്തിൽ നിന്ന് അവരുടെ അക്കാലത്തെ ജോലി എന്തായിരുന്നു എന്നു ഗ്രഹിക്കാവുന്നതാണ്:—

"വിചാരണാസമയത്ത് ഞാൻ കൂടെ ഉണ്ടായിരുന്നാൽ പ്രയോജനപ്പെടും എന്ന് അവിടത്തെ സ്നേഹിതന്മാർ പറയുന്നു; അതിലേയ്ക്ക വേണ്ടവിധം യത്നിപ്പാൻ എനിക്ക് വളരെ ആഗ്രഹവും ഉണ്ട്; എന്റെ നിശ്ചയം നിലനിൽക്കും; അവിടത്തേതും അപ്രകാരമായിരിക്കട്ടെ പക്ഷേ, കോടതി എന്നെ അനുവദിക്കയില്ലായിരിക്കാം; എന്നാലും, കഴിയുന്നതും ശ്രമിക്കുന്നതിനു എന്നെ അനുവദിക്കണേ! റിച്ചാർഡ്സന്റെ വീട്ടിൽ വച്ച് തമ്മിൽ കാണാമെന്ന് വിചാരിക്കുന്നു; അപ്പോ

ൾ തീർച്ചയായും. അവിടത്തെ സഹോദരനും സഹോദരിയും എന്നോടൊന്നിച്ചുണ്ടായിരിക്കും,,—എന്നാണ് എഴുതിയിരുന്നതു്

സ്ത്രീവർഗ്ഗത്തിനു എന്നെന്നേയ്ക്കും ബഹുമാനമുണ്ടാകുമാറ്, ഈ മഹതി, വിചാരണനാളിൽ കോടതിയിൽ ഹാജരായി. തന്റെ വിധി എന്തായിത്തീരുമെന്ന് പ്രഭു അറിഞ്ഞിരുന്നുവെങ്കിലും, അതിനെ ഒഴിക്കുന്നതിനു മാന്യമായ മാർഗ്ഗങ്ങൾ സകലതും നോക്കണമെന്ന് നിശ്ചയിച്ചുകൊണ്ട്, തന്റെ ജഡ്ജിമാരോട്, തനിക്കുവേണ്ടി ചില നോട്ടുകൾ കുറിച്ചെടുക്കുന്നതിന് ഒരാളുടെ സഹായം ലഭിക്കുന്നതിൽ വിരോധമുണ്ടോ എന്നു ചോദിച്ചു. "വേലക്കാരിലാരെങ്കിലും നിങ്ങൾക്കാവശ്യമുള്ളതൊക്കെ എഴുതിയെടുത്തു തരുമല്ലോ,, എന്നായിരുന്നു ജഡ്ജിമാരുടെ മറുവടി. "ആ ജോലി ചെയ്യുന്നതിന് എന്റെ ഭാര്യ ഹാജരുണ്ട്,,– എന്ന് പ്രഭു മറുവടി പറഞ്ഞു. ആ മഹാമനസ്വിനി എഴുന്നേററ്, തന്റെ ഭർത്താവിന്റെ സമീപത്തു ചെന്നിരുന്നപ്പോൾ, അവിടെ കൂടിയിരുന്നവരുടെയെല്ലാം ധൈര്യം പാടേ വിഘാടനം ചെയ്യപ്പെട്ടുപോയി. കഠിനഹൃദയന്മാരായ ഉദ്യോഗസ്ഥന്മാരുടെയും കൂടെ മനസ്സലിഞ്ഞു. നിർദ്ദോഷിയായ ഒരു പുരുഷനു മരണശിക്ഷ വിധിക്കാനായി കോടതിയുടെ അന്യായമായ വരുതി പ്രകാരം അവിടെ വന്ന ആളുകൾക്കും പശ്ചാത്താപമുണ്ടായി. ഇങ്ങനെയുള്ള ഒരു സന്ദർഭം എല്ലാ സ്ത്രീജനങ്ങളും ഏതു കാലത്തും ഓർമ്മിക്കത്തക്ക പ്രൌഢമായ ഒരവസരമാണെന്നുള്ളതിൽ എന്തു സന്ദേഹമാണുള്ളതു്?

തന്റെ പ്രിയതമനു്, കോടതി, മരണശിക്ഷ വിധിച്ചതുകേട്ടപ്പോൾ, ആ സ്ത്രീയുടെ മനോവികാരങ്ങൾ എന്തായിരുന്നുവെന്ന് നമുക്കറിയുന്നതിന് യാതൊരു മാർഗ്ഗവുമില്ലാ. അദ്ദേഹത്തെ കരുതി, അതായതു്, അദ്ദേഹത്തിന്റെ മനോധൈര്യം പൊയ്പോകാതിരിക്കുന്നതിനുവേണ്ടി, പ്രഭ്വി പുറമേ

വ്യസനചിഹ്നങ്ങൾ ഒന്നും കാണിക്കാതെ, അവിടെനിന്ന് നി ശ്ചയമായിട്ടും പോന്നിരിക്കണം. എന്നിട്ടും, ഈ സാധ്വി തീ രെ ആശാതിതയായിത്തീൎന്നില്ലാ. വിധി മാററിക്കിട്ടുന്നതിനു, ആ സ്ത്രീ വീണ്ടും ഭഗീരഥപ്രയത്നങ്ങൾ ചെയ്തു. ആശയ്ക്ക് അ ല്പമെങ്കിലും അവകാശം എവിടെ ഉണ്ടായോ, ഈ സാധ്വി ആവഴി ശ്രമിച്ചു. ഖിന്നയായ് ഈ പ്രഭ്വി രാജാവിന്റെ കാൽ ക്കൽവീണു നമസ്കരിക്കയും, ദയകാണിക്കണമെന്നപേക്ഷിക്ക യുംചെയ്തു. എന്നാൽ, രാജാവ് ആ അപേക്ഷയെ നിരസിക്ക യാണുണ്ടായതു്. ഭൎത്താവു ഹതനാവുകയേ ഉള്ളു എന്നു തീർ ച്ചയായപ്പോൾ, റേച്ചൽ പ്രഭ്വി, കാരാഗൃഹത്തെ തേടിച്ചെ ന്നു്, ഭൎത്താവു മരിക്കുന്നതിനു മുമ്പായിട്ടെങ്കിലും അദ്ദേഹത്തോ ടൊരുമിച്ചിരിക്കുന്നതിനും, കാണുന്നതിനും, സംസാരിക്കുന്നതി നും വേണ്ടി അവിടെതാമസിച്ചു.

റസ്സൽ പ്രഭുവിന്റെ അന്ത്യദിനത്തിൽ ഒരുമിച്ചുണ്ടായിരു ന്ന ബിഷപ്പ് ബർണററ് ഇങ്ങനെ പറഞ്ഞിരിക്കുന്നു:—"മരി ക്കുന്നതിന്റെ തലേദിവസം പ്രഭു വളരെ ഭക്തിയോടുകൂടെ ഈശ്വരനെ പ്രാൎത്ഥിക്കയും, എന്റെ രണ്ടു ചെറിയ പ്രസംഗ ങ്ങളെയും ശ്രദ്ധിച്ചു കേൾക്കയും ചെയ്തു. വൈകുന്നേരംവരെ ഞങ്ങൾ ഒരുമിച്ചിരുന്നു. അപ്പോൾ, യാത്രചോദിക്കുന്നതിനാ യി റസ്സൽപ്രഭ്വി തന്റെ കുഞ്ഞുങ്ങളെയും കൊണ്ടുവന്നു. ഈ അവസരത്തിൽ, വളരെ വാത്സല്യമുള്ള പിതാവായിരുന്നിട്ടും, അദ്ദേഹം ധൈൎയ്യത്തെ വെടിഞ്ഞില്ലാ. കുഞ്ഞുങ്ങളോട്, ഓരോരുത്തരോടും, അവരുടെപ്രായത്തിനനുസരണമായിപ്രസ ന്നതയോടുകൂടെ സംസാരിച്ചു. സ്നേഹിതന്മാരിൽ ചിലരും അ ദ്ദേഹത്തെകണ്ടു യാത്രചോദിച്ചു. അവരോടു യാത്രപറഞ്ഞുപി രിഞ്ഞപ്പോൾ, അദ്ദേഹം പ്രദൎശിപ്പിച്ച ശാന്തതയും ധൈൎയ്യ വും വിസ്മയിക്കത്തക്കതായിരുന്നു. പ്രഭ്വി സന്ധ്യയ്ക്കുവീണ്ടും വ ന്നു് പതിനൊന്നുമണിവരെ അദ്ദേഹത്തോടുകൂടെ ഇരുന്നു. പി രിഞ്ഞസമയത്തു പ്രഭുവിനു അസ്വാസ്ഥ്യം ജനിപ്പിക്കാതിരിക്കു ന്നതിന്, പ്രഭ്വി തന്റെ ദുഃഖത്തെഅടക്കിയതല്ലാതെ, തിരെ

പുറത്തുകാണിച്ചില്ല. ഈ സാധ്വിയുടെ ധൈൎയ്യം നോക്കുവിൻ! പ്രഭി പോയ ഉടൻ, ഇപ്പോൾ എന്റെ മരണവേദന ശമിച്ചു, എന്നു അപ്പോൾ എന്നോടുപറഞ്ഞു. അദ്ദേഹം തന്റെ ഭാൎയ്യയെ അത്രമാത്രം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്നു. അതിനു തക്ക യോഗ്യത പ്രഭിക്കുണ്ടായിരുന്നതാനും. അതുകൊണ്ടത്രേ ഭാൎയ്യയുടെ വ്യസനം കാണുന്നതിനു അദ്ദേഹത്തിനു ശക്തിയില്ലാതിരുന്നതു്,, ഈ സ്മരണീയനായ പുരുഷന്റെ ജീവിതാവസാന രംഗം മുഴുവനും, നിൎദോഷമായ അന്തഃകരണത്താൽ ഉളവാകുന്ന പ്രശാന്തഗംഭീരതകൊണ്ടു് പരിശോഭിതമായിരുന്നു.

ഏററവും സഹനശക്തിയുള്ള സ്ത്രീയായിരുന്നിട്ടും, പുതുതായി നേരിട്ട ഈ ദുഃഖത്തിന്റെ കാഠിന്യത്താൽ റസ്സൽപ്രഭിക്കു് മനസ്സിടിഞ്ഞുപോയി. ഈശ്വരേച്ഛയ്ക്കുമാത്സൎയ്യംകൂടാതെ കീഴടങ്ങുന്നതിനും, മനോനിയന്ത്രണം ചെയ്യുന്നതിനും ആ സ്ത്രീ എത്ര പണിപ്പെട്ടുവെന്നു്, ഭൎത്തൃവിയോഗാനന്തരം ഉള്ള ചില എഴുത്തുകളിൽ നിന്നു്, വെളിവാകുന്നുണ്ടു്:_"ഞങ്ങളുടെ പരിചിതനും, ഞങ്ങൾ ഏതുവിധത്തിൽ ദാമ്പത്യത്തെ നയിച്ചുവെന്നു് പൂൎണ്ണമായ അറിവുള്ളവനുമായ നിങ്ങളെങ്കിലും, എന്റെ അപരിഹാൎയ്യമായ ഈ നഷ്ടത്തെക്കുറിച്ചു് വ്യസനിക്കുന്നതിനു് എനിക്കു ന്യായമായ കാരണമുണ്ടു് എന്നു സമ്മതിക്കാതിരിക്കുമോ? ഒരു സ്നേഹിതന്റെ വിയോഗം സാധാരണ എല്ലാവൎക്കും സംഭവിക്കുന്നതും സഹനീയവും തന്നെ. എന്നാൽ, ഈദൃശനായ ഒരു ദിവ്യപുരുഷനോടൊന്നിച്ചു് ജീവിതത്തെ നയിച്ചുകൊണ്ടിരിക്കെ, ഇങ്ങനെ വിരഹം സംഭവിക്കുന്നതായാൽ ആരാണു് ദുഃഖത്താൽ ദഹിക്കപ്പെടാത്തതു്? ജഗദീശ്വരാ! എന്റെ സ്വന്തവിചാരങ്ങളാൽ അധൈൎയ്യപ്പെട്ടു വീഴാതിരിക്കത്തക്കവണ്ണം, ഇങ്ങനെ ഈശ്വരകോപം എന്നിൽ ഉണ്ടാവാനുള്ള കാരണം അറിയിക്കണേ! ഈ ശിക്ഷയ്ക്കു് ഞാൻ അഹ തന്നെ എന്നും, അതിനെ ക്ഷമയോടെസഹിക്കേണ്ട കടമ എനിക്കുണ്ടെന്നുമറിയാം; എന്നാലും, എ

ന്റെ ഹൃദയം രഹസ്സിൽ ദുഃഖിക്കുന്നു; ആശ്വസിക്കാനുംമാർഗ്ഗം കാണുന്നില്ല. എന്റെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടിരുന്ന ആ പ്രിയപുരുഷൻ എന്റെഅരുകിൽ ഇല്ലല്ലൊ! ഉണ്ണുന്നതിനും, ഉറങ്ങുന്നതിനും, നടക്കുന്നതിനും, സല്ലപിക്കുന്നതിനും എനിയ്ക്കു അദ്ദേഹവുംകൂടെ വേണ്ടിയിരിക്കുന്നു. അദ്ദേഹത്തെ കൂടാതെഉള്ള യാതൊന്നും ഉപദ്രവകരമായി തോന്നുന്നു,—എന്നിങ്ങനെ തന്റെ സ്നേഹിതനായ ഡാക്ടർ ഫിററ്സ് വില്യം എന്ന ആളിനു പ്രഭ്വി എഴുതീട്ടുണ്ട്. രാപ്പകൽ തന്റെ ശ്രദ്ധമുഴുവനും തന്റെകുഞ്ഞുങ്ങളെശുശ്രൂഷിക്കുന്നതിനു വിനിയോഗിച്ചിട്ടാണ് ആസ്ത്രീ ഒരുവിധം മനസ്സമാധാനം വരുത്തിയത്. റസ്സൽ പ്രഭുവുമായുള്ള വിവാഹദിവസം, അദ്ദേഹത്തിന്റെ വിചാരണ ദിവസം, മരണദിവസം, ഈ മൂന്നു ദിവസങ്ങളേയും പ്രഭ്വി പ്രത്യേകം ഭക്തിദിവസങ്ങളായി കരുതിവന്നു.

റസ്സൽ പ്രഭ്വിയുടെ പുത്രിമാൎക്കു യൌവനാരംഭമായപ്പോൾ, രാജ്യത്തിൽ സമ്പത്തുകൊണ്ടും ഔന്നത്യംകൊണ്ടും അഗ്രഗണ്യനിലയിൽ സ്ഥിതിചെയ്തുവന്ന ചില കുഡുംബങ്ങളിലെ യുവാക്കന്മാരിൽനിന്ന് വിവാഹാലോചനകൾ ഉണ്ടായി. മൂത്തപുത്രി, കവൻഡിഷ് കുഡുംബാവകാശിയെവരിച്ച്, ക്രമേണ ഡെവൺഷയർപ്രഭ്വിയായിത്തീൎന്നു. അതുപോലെതന്നെ രണ്ടാമത്തെപുത്രി റട്ട്ലണ്ട് കുഡുംബാവകാശിയുടെഭാൎയ്യയായിത്തീൎന്ന് പ്രഭ്വിസ്ഥാനംപ്രാപിച്ചു. ഈ രണ്ടുകുഡുംബക്കാരും, മററു ബന്ധുക്കളും, ഭൎത്തൃവിയോഗാനന്തരം നാല്പതുകൊല്ലം ഈ ഭൂമിയിൽ കഴിച്ചുകൂട്ടിയ റസ്സൽപ്രഭ്വിയെ, തങ്ങളുടെ ഉപദേശിനിയായും മാൎഗ്ഗദൎശിനിയായും സ്വീകരിച്ചുവന്നു. ദീൎഘമായ വൈധവ്യകാലത്തിനിടയിൽ ആ സ്ത്രീ എഴുതിയ അനേകം എഴുത്തുകൾ സൂക്ഷിച്ചുവച്ചിട്ടുണ്ട്. അവയിൽ ഒക്കെയും പ്രഭ്വിയുടെ ആദ്യകാലങ്ങളിലെ എഴുത്തിൽ കാണിച്ചിരുന്ന ദയാശീലവും വിവേകവും സ്ഫുരിക്കുന്നുണ്ട്.

കുഡുംബാവകാശിയായിരുന്ന പ്രഭ്വിയുടെ ഏകപുത്രൻ പുരുഷദശയിൽ കടന്നപ്പോൾ, ബെഡ്ഫോർഡ് പ്രഭുസ്ഥാന

ത്തെ പ്രാപിക്കയും, സ്ത്രീററ്ഹാമിലെ ജാൺ ഫെഌളണ്ട് എന്ന ആളുടെ മകളെ വിവാഹംചെയ്തു് അനേക സന്താനങ്ങളുടെ പിതൃസ്ഥാനം വഹിക്കയും ചെയ്തു. അഭിവൃദ്ധിയെ പ്രാപിച്ചുവന്ന ഇദ്ദേഹം ദുർവിധിയാൽ മുപ്പത്തൊന്നാമത്തെ വയസ്സിൽ മസൂരിയ്ക്കിരയായിത്തീൎന്നു. പ്രഭ്വിതന്നെ തന്റെ മകന്റെ ശുശ്രൂഷചെയ്കയും, അവസാനസമയത്തു് അദ്ദേഹത്തിന്റെ മനസ്സിനെ ഈശ്വരങ്കൽ നയിക്കുകയും ചെയ്തു. പുത്രവിയോഗം എത്രമാത്രം ആ സാധ്വിയായ മാതാവിനെ വ്യഥിപ്പിച്ചു എന്നു്, തന്റെ എഴുത്തുകളിൽ നിന്നു് അറിയാവുന്നതാണു് 'ശോകങ്ങൾ വരുന്നൊരു നേരത്തു കൂട്ടത്തോടെ, എന്നുള്ളതിനെ ഉദാഹരിക്കാനോ എന്നു തോന്നുമാറു്, അടുത്താകൊല്ലത്തിൽ, റട്ട്ലണ്ട് പ്രഭ്വിയായ ദ്വിതീയപുത്രിയും ചരമദശയെ പ്രാപിച്ചു.

റസ്സൽ പ്രഭ്വിയെ പരിചയിച്ചിട്ടുള്ളവർ എല്ലാവരും ആ സ്ത്രീയെ എത്രമാത്രം ബഹുമാനിച്ചുവന്നു എന്നുള്ളതിനെ റട്ട്ലണ്ട് പ്രഭ്വിയുടെ മരണാനന്തരം ഉണ്ടായ ഒരു സംഗതിയിൽ നിന്നു് ഊഹിക്കാം. റട്ട്ലണ്ട്പ്രഭു രണ്ടാമതൊരു വിവാഹം നടത്തേണമെന്നു നിശ്ചയിച്ചു. എന്നാൽ, തന്റെ അമ്മായിഅമ്മയോടു് (അതാവിതു, റസ്സൽപ്രഭ്വിയോടു്) ഈ വിവരം അറിയിക്കുന്നതിനു മനസ്സുവെക്കേടു തോന്നി. അതിനാൽ, അദ്ദേഹത്തിന്റെ ഒരു മിത്രം ഈ കാൎയ്യം ഏററു്, പ്രഭ്വിയെ വിവരം ധരിപ്പിച്ചു. പ്രഭ്വിയുടെ സ്വഭാവഗുണങ്ങളിൽ മുഖ്യമായതു് മററുള്ളവരുടെ മനസ്സിനു പീഡയുണ്ടാക്കാതിരിക്കുകയായിരുന്നു. അതിനാൽ, ഈ അവസരത്തിൽ പ്രഭുവുമായുള്ള സന്ദൎശനസമയത്തു് ഉദ്ദിഷ്ടകാൎയ്യത്തിൽ അവരുടെ ആഗ്രഹം പ്രഭുവിനെ അനുകരിക്കുന്നു എന്നു കാണിക്കുന്ന വിധത്തിലത്രേ വൎത്തിച്ചതു്

൮൭-ാമത്തെ വയസ്സിൽ റസ്സൽപ്രഭ്വിക്കു് ഒരു രോഗം പിടിപെടുകയും, അതു് ൧൭൨൩ സെപ്തെംബർ ൨൯-ാംനു-ആപൽകരമായി അവസാനിക്കയും ചെയ്തു. റസ്സൽപ്രഭ്വി മരി

ച്ചതു് ആ സ്ത്രീ വളരെ പരിശുദ്ധമായി കരുതിവന്നിരുന്ന ഭത്താവിന്റെ ജന്മദിവസമായിരുന്നു. ബെഖിങ്ങാംഷയറിലെ ചീനിസ് എന്ന സ്ഥലത്തു റസ്സൽപ്രഭുവിന്റെ ശവകുടീരത്തിനടുത്തായിട്ടുതന്നെ പ്രഭ്വിയുടെ ശവകുടീരം സ്ഥാപിക്കപ്പെട്ടു.

‘പാത്താലാരുണ്ടൊരു തരുണിയിന്നിത്തരം ഭത്തൃഭക്താ?’ എന്നു വാസ്തവത്തിൽ വണ്ണിക്കപ്പെട്ടമാറു്, പതിപ്രിയയായും ഹിതൈഷിണിയായും ഇരുന്ന ഈ സാധ്വിയുടെ ചരിതം, ആപൽകാലങ്ങളിൽ അനേകം സ്ത്രീകൾക്കു ധൈര്യശീലത്തെ ഉദിപ്പിക്കുമെന്നുള്ളതിൽ സന്ദേഹമില്ല.

# ലേഡി ജെയിൻ ഗ്രേ.

ഇംഗ്ലാണ്ടിൽ, ഡോർസെററിലെ പ്രഭുവിയായ ഹെൻറി ഗ്രേയുടെയും മേരിററ്റ്യൂഡറിൻെറ പുത്രിയും ഹെൻറി അഷ്ടമൻ രാജാവിൻെറ കനിഷ്ഠസഹോദരിയുമായ ലേഡിഫ്രാൻസിസ്സ് ബ്രാൻഡൻെറയും മൂത്തപുത്രിയായ ലേഡി ജെയിൻഗ്രേ, ക്രിസ്താബ്ദം ൧൫൩൭-ാമാണ്ട് ജനിച്ചു. ഈ വിദുഷി ഇംഗ്ലീഷ് രാജകുഡുംബത്തിൻെറ ഇളമുറ ശാഖയിൽ ചേരുന്നവളായിരുന്നു. ഹെൻറി അഷ്ടമനും, അദ്ദേഹത്തിൻെറ ജ്യേഷ്ഠസഹോദരിയായ മാർഗററ്റും, സന്തതിമുട്ടി മരിച്ചിരുന്നുവെങ്കിൽ, കിരീടാവകാശം ന്യായമായിലേഡിജെയിനിന് ലഭിക്കുമായിരുന്നു.

ജെയിൻ, ബാല്യകാലം മുഴുവനും, മാതാപിതാക്കന്മാരുടെ വകയായി നാട്ടിമ്പുറത്തുണ്ടായിരുന്ന ഭവനത്തിൽ പാൎത്തിരുന്നു. ഇംഗ്ലാണ്ടിലെ രാജസ്ഥാനത്തിന് അവളെക്കാൾ അടുത്ത അവകാശികൾ അക്കാലത്തുണ്ടായിരുന്നതിനാൽ, ഒരു കാലത്തും അവൾ സിംഹാസനാരൂഢയാകുമെന്ന്, ആരും ശങ്കിച്ചിരുന്നില്ലാ. ജെയിൻ അസാധാരണമായ സൗന്ദൎയ്യമുള്ളവളായിരുന്നു എന്ന് വൎണ്ണിക്കപ്പെട്ടിട്ടുണ്ട് അവളുടെ അംഗങ്ങൾ തമ്മിൽ യോജിപ്പുള്ളവയും, വിശാലങ്ങളും ശാന്തങ്ങളും ആയ നേത്രങ്ങൾ പരിശുദ്ധവും അനലസവും ആയ ആത്മാവിനെ പ്രതിബിംബിക്കുന്നവയും, ആയിരുന്നു. അനിതരവനിതാസാധാരണമായ ബുദ്ധി സാമൎത്ഥ്യത്താൽ ഇവൾ ഖ്യാതിനേടിയിരുന്നു. എലിസബെത്ത് രാജ്ഞിയുടെ ഗുരുനാഥനും, ജെയിനിൻെറ പരമബന്ധുക്കളിൽ ഒരാളും, ആയ റോജർ ആഷം എന്ന പണ്ഡിതർ, ജെയിനിനെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു:— 'അറിവും വിദ്യയും വിവേകവും, പരിശ്രമതൽപരതയും, ഉള്ളവളാണ് അബലകളുടെ ചാപലം ഒഴികെ, സ്ത്രീസഹജ

ങ്ങളായ സകലഗുണങ്ങളും അവൾക്കുണ്ട്. ഇററാല്യൻ ഭാഷയും, ഫ്രെഞ്ചുഭാഷയും അവൾ സ്വഭാഷയെപോലെ നല്ലവണ്ണം സംസാരിക്കയും; വളരെ വേഗത്തിലും തെററുകൂടാതെയും, എഴുതുകയും ചെയ്യുന്നുണ്ട്. പലതവണ എന്നോട് ഗ്രീക്ക് ഭാഷയിൽ സംഭാഷണം ചെയ്തിട്ടുണ്ട്. ഒരിക്കൽ ഞാൻ ജെൎമ്മനിയിലേക്കു പോകുംമുമ്പെ, ലിസ്റ്റർഷയറിൽ ഉള്ള ബ്രോഡ്ഗേററിൽ പലവിധത്തിലും ഞാൻ കടപ്പെട്ടിരുന്ന ലേഡിജെയിനിനോട് യാത്ര ചോദിക്കാനായി പോയിരുന്നു. അപ്പോൾ അവളുടെ മാതാപിതാക്കന്മാർ കുഡുംബപരിവാരത്തോടുകൂടി മൃഗയാവിനോദത്തിന് പോയിരുന്നു. ലേഡിജെയിൻമാത്രം അവളുടെ അധ്യയനശാലയിൽ ഇരുന്ന്, വളരെ ഉത്സാഹത്തോടുകൂടെ ഗ്രീക്ക് പുസ്തകം വായിച്ചുകൊണ്ടിരുന്നു. കുശലപ്രശ്നാനന്തരം പല കാൎയ്യങ്ങളും സംസാരിച്ചുകൊണ്ടിരുന്നതിനിടയിൽ, മാതാപിതാക്കന്മാരൊടുകൂടെ വനത്തിൽ വിനോദത്തിന് പോകാഞ്ഞതെന്തെന്ന് ഞാൻ ചോദിച്ചു. 'അവൎക്ക് മൃഗയാവിനോദത്തിൽനിന്ന് ലഭിക്കുന്ന സന്തോഷം എനിക്ക് ഈ പുസ്തകവായനയിൽ നിന്ന് ലഭിക്കുന്നതിന്റെ ഒരു ലേശം മാത്രമേയുള്ളു. സാധുക്കൾ! അവൎക്ക് പരമാൎത്ഥമായ ആനന്ദം എന്താണെന്നറിഞ്ഞുകൂടാ, എന്നായിരുന്നു അവൾ മന്ദസ്മിതംചെയ്ത് മറുപടി പറഞ്ഞത്. 'പരമാൎത്ഥമായ ആനന്ദത്തെക്കുറിച്ചുള്ള ജ്ഞാനം ഭവതിക്കെങ്ങനെ ലഭിച്ചു? പുരുഷന്മാരിൽതന്നെ തുലോം ചുരുക്കം ആളുകൾ മാത്രം ഈ രഹസ്യം അറിഞ്ഞിരിക്കെ, സ്ത്രീയായ ഭവതിക്ക് ഇതിൽ ഇത്ര ആസക്തി ഉണ്ടായതെങ്ങനെ?, എന്നു ഞാൻ ചോദിച്ചു. 'അക്കഥ പറയാം. പക്ഷെ, വാസ്തവം ഗ്രഹിക്കുമ്പോൾ, നിങ്ങൾക്കു വിസ്മയം തോന്നുമായിരിക്കും. ഈശ്വരൻ എനിക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങളിൽവച്ച് മഹത്തായ ഒന്ന് ബഹുകണിശക്കാരും കഠിനചിത്തരുമായ മാതാപിതാക്കന്മാരെയും, അതിശാന്തശീലനായ ഒരു ഗുരുനാഥനെയും, നൽകിയിരിക്കുന്നതാകുന്നു. അച്ഛനമ്മമാരിൽ ആരുടെയെങ്കിലും സന്നിധിയിൽ വച്ച് ഞാൻ സംസാരിക്കയൊ, മൌനമായിരിക്കയൊ, നിൽക്ക

കയൊ, ഇരിക്കുകയൊ, നടക്കുകയൊ, ഭക്ഷിക്കുകയൊ, പാനംചെയ്യുകയൊ, സന്തോഷിക്കുകയൊ, ദുഃഖിക്കുകയൊ, തുന്നുകയൊ കളിക്കുകയൊ, നൃത്തം ചെയ്യുകയൊ, എന്നുവേണ്ടാ, എന്തുചെയ്താലും, അത് വളരെ ഗൗരവത്തിൽചെയ്തില്ലെങ്കിൽ അവർ ഉടൻ എന്നെ ശാസിക്കയും, ചിലപ്പോൾ തിരുമ്പിപ്പിടിക്ക, നുള്ളുക മുതലായ കഠിനശിക്ഷ എല്പിക്കയും ചെയ്തുവന്നിരുന്നു. വാധ്യാർ വരുന്നതുവരെ നരകദുഃഖം അനുഭവിക്കയാണെന്നുപോലും ഞാൻചിലപ്പൊൾ വിചാരിച്ചുപോയിട്ടുണ്ട്. എങ്കിലും എനിക്ക് അവരുടെ പേരിലുള്ള ബഹുമാനംകൊണ്ട് ഈ ശിക്ഷകളെ വിസ്തരിച്ചുപറയുന്നില്ലാ. വാധ്യാരായ മിസ്റ്റർ എൽമറാകട്ടെ, വളരെ സൌമ്യതയൊടും, രസകരമായും പഠിത്തവിഷയത്തിൽതാൽപര്യംതോന്നത്തക്കവിധത്തിലും, പഠിപ്പിച്ചു വന്നതിനാൽ, അദ്ദേഹത്തോടൊരുമിച്ചിരിക്കുമ്പോൾ സമയം പോകുന്നതേ അറികയില്ലാ. അദ്ദേഹത്തെ വിട്ടുപിരിയുമ്പൊൾ, പലപ്പൊഴും ഞാൻ വിലപിച്ചിട്ടുണ്ട്. പഠിത്തത്തിലല്ലാതെ ഇതരവിഷയങ്ങളിൽ എനിക്ക് തിരെതാൽപര്യം ഉണ്ടായിരുന്നില്ലെന്ന് മാത്രമല്ലാ, അവയൊക്കെ ക്ലേശജനകവും പ്രയാസമേറിയതും ഭയപൂർണ്ണവും ആയി തോന്നിയിരുന്നു. ഇങ്ങനെ എന്റെ പുസ്തകം എന്റെ ഏകമായ ആനന്ദസാധകമായി തീർന്നതിനാൽ, മററുള്ളവയെല്ലാം നിസ്സാരങ്ങളായി ഭവിച്ചു,– എന്നായിരുന്നു ജെയിൻ മറുപടി പറഞ്ഞത്.

ലേഡിജെയിൻഗ്രേ, കുറെക്കാലം, തന്റെ സമപ്രായനായ എഡ്വർഡ് എട്ടാമനോട് ഒന്നിച്ച് വിദ്യാഭ്യാസംചെയ്തു. ഇദ്ദേഹത്തിൽ ഭാവിശ്രേയഃസൂചകമായ ലക്ഷണങ്ങൾ ഏറെക്കുറെ കണ്ടിരുന്നുവെങ്കിലും, പഠിത്തവിഷയത്തിൽ തന്റെ സതീർത്ഥ്യയോടൊപ്പം എത്തിയരുന്നില്ലാ. ഇംഗ്ലണ്ടിൽ ആയിടയ്ക്ക് പ്രചാരം വന്നിരുന്ന പരിഷ്കൃതമതത്തിൽ ഇവർക്ക് രണ്ടുപേർക്കും ഒരേകാലത്ത് വളരെ പ്രതിപത്തി ജനിച്ചു. ൧൫൫൩-ൽ രാജാവായ എഡ്വർഡ് രോഗാതുരനായി തീരുകയാൽ, അടുത്ത രാജ്യാവകാശിയെപ്പററി ജനങ്ങൾ വിചിന്ത

നം ചെയ്തുതുടങ്ങി. അടുത്ത അവകാശിആദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരിയായ മേരിയായിരുന്നു. എന്നാൽ, കത്തോലിക്ക് മതത്തിൽ അവൾക്കുണ്ടായിരുന്ന പ്രതിപത്തിനിമിത്തം, രാജ്യാവകാശക്രമത്തിൽ ഒരു മാററം ചെയ്യണമെന്നുള്ള, പ്രധാനമന്ത്രിയായ നാത്തംബർലൻഡ് പ്രഭുവിന്റെ ആലോചനയെ രാജാവും അനുകൂലിച്ചു. മേരിയും അവളുടെ കനിഷ്ഠസഹോദരിയായ എലിസബെത്തും രാജ്യാവകാശികളല്ലെന്ന് ഒരുകാലത്തു് പാർളിമെണ്ടു് വിധിയുണ്ടായിരുന്നു. അതിനാൽ, അവരുടെ പിതാവു് തന്റെ മരണപത്രികയിൽ അവരുടെ അവകാശത്തെ പുനഃസ്ഥാപിച്ചിരുന്നുവെങ്കിലും, അവരെ ഒഴിച്ചുവിടുന്നതിന് നിയമപ്രകാരം ഏതാണ്ടു് ന്യായമുണ്ടായിരുന്നു. കത്തോലിക്ക് മതത്തിൽ ചേർന്നവളും വിദേശിയയും ആയ സ്കാട്ട് ലണ്ടിലെ മേരിയെ പ്പററി, ഒരാലോചനയും ഒരുക്കലും ഉണ്ടായിരുന്നതുമില്ലാ. ഇങ്ങനെ, ഈ രാജ്യാവകാശികളെ ഒഴിച്ചുവിടുന്നതിന് ഒരു മാർഗ്ഗം കാണുകയാൽ, നാത്തംബർലൻഡ് പ്രഭു, രാജാവു മരിച്ചുപോകുന്നപക്ഷം, രാജ്യകാര്യങ്ങളിൽ നേതൃത്വം കുറേ നാളത്തേയ്ക്കു് തന്നിൽതന്നെയിരിക്കുന്നതിന് ഇടയാകുവാൻ തക്കവണ്ണം, ഫമ്പെൻ തന്റെ നാലാമത്തെ പുത്രനായ ലാർഡ് ഗിൽഫോർഡ് ഡഡ്ലിയെക്കൊണ്ടു് ലേഡിജെയിൻഗ്രേയെ വിവാഹം കഴിപ്പിച്ചു.

സമത്ഥനെങ്കിലും, വിവേകഹീനനായ ഈ രാജ്യകാര്യധുരന്ധരന്റെ ആകാംക്ഷ, ആദ്യവസരത്തിൽ ഫലിച്ചു. ആസന്നമരണനായിരുന്ന രാജാവു് പ്രോട്ടസ്റ്റന്റ് മതം പൊയ്പോകുമെന്നുള്ള ശങ്കയാൽ, മരണപത്രികയിൽ, സ്വന്തസഹോദരിമാരെ രാജ്യാവകാശത്തിൽ നിന്നൊഴിച്ചുകളകയും, സിംഹാസനത്തെ ലെഡിജെയിൻഗ്രേയിൽ സമപ്പിക്കയും ചെയ്തു. ജൂലൈ ൬-ന- രാജാവു കാലധമ്മം പ്രാപിച്ചു. അനന്തരം, നാത്താംബർലൻഡ് പ്രഭു, മററുചില പ്രഭുക്കന്മാരോടൊന്നിച്ചു് ലേഡിജെയിൻ പാത്തിരുന്ന സിയാൺ ഹൌസിലേക്ക്, അവളെ രാജ്ഞിയായി അഭിവാദ്യം ചെയ്വാൻപോയി. കഷ്ടിച്ചു്

ഹന്നു-വയസ്സ് പ്രായമായിരുന്നവളും തന്റെ സ്ഥിതിക്കു തീരെ സ്വാതന്ത്ര്യയല്ലാത്തവളും ആയ ഈ യുവതി ഈ വൎത്തമാനത്തെ വളരെ വ്യസനത്തോടും ഭയത്തോടും കൂടെ കേട്ടിട്ട്, തന്നെ അഭിവാദ്യം ചെയ്യാനായി വന്നിരുന്ന പ്രൌഢപ്രഭുക്കന്മാരുടെ മുമ്പിൽ തന്നെ മോഹാലസ്യപ്പെട്ടു വീണുപോയി. അവൾ പബ്ലിക്കിൽനിന്നൊതുങ്ങി പാൎത്തു് ജീവിതം നയിക്കുന്നതിലുണ്ടായിരുന്ന അഭിലാഷത്തെ സാധിക്കുന്നതിനു അവളെ അവർ അനുവദിക്കണമെന്ന് കണ്ണുനീർ തൂകിക്കൊണ്ടു് അവൾ തന്റെ ശ്വശുരനോടു് യാചിച്ചു. എന്നാൽ, രണ്ടു കുഡുംബക്കാരുടെ ഉന്നതിക്കായുള്ള ആകാംക്ഷകളെ അടക്കുന്നതിനു്, ഈ അബലയുടെ ഭീതിയാകട്ടെ, ന്യായമായ വാദമാകട്ടെ, അവരെ പ്രേരിപ്പിക്കുവാൻ മതിയായില്ലാ. അവരെ അനുസരിക്കേണ്ടതു് തന്റെ കൎത്തവ്യമാണെന്നുള്ള ഏകവിചാരത്താൽ മാത്രം, അവൾ തന്നെ രാജ്ഞിയാക്കിക്കൊള്ളുന്നതിനു് സമ്മതിക്കയും, നാട്ടുനടപ്പനുസരിച്ചു് താൻ കുറേനാൾ പാൎക്കേണ്ടതായ റ്റവർ എന്ന കൊട്ടാരത്തിലേയ്ക്കു് അവരോടൊന്നിച്ചു പോകയും ചെയ്തു.

രാജധാനിയിൽ ഉണ്ടായിരുന്ന സൈന്യങ്ങളുടെ സഹായത്താൽ, തലസ്ഥാനവും രാജ്യാധികാരങ്ങളും നാൎത്തംബർലണ്ടിനു് അധീനങ്ങളായിരുന്നു. ഇതും ജെയിനിന്റെ പ്രൊട്ടസ്റ്റൻറ് മതപ്രതിപത്തിയും, പരേതനായ എഡ്വർഡ് രാജാവിന്റെ മരണശാസനങ്ങൾക്ക് നൽകിയിരുന്ന ആദരവും ജെയിനിന്റെ വാഴ്ചയ്ക്കു അനുകൂലമായ സംഗതികൾ ആയിരുന്നു. എന്നാൽ, ന്യായമായ അവകാശികൾക്കു് രാജ്യം കിട്ടേണ്ടതാണെന്നുള്ള ജനബോധവും, നാൎത്തംബർലണ്ടിന്റെ ജനരഞ്ജനയില്ലായ്മയും, കത്തോലിക് മതക്കാർ മേരിയെ വാഴിക്കേണമെന്നുള്ള അത്യാശയും, ജെയിനിനു് പ്രതികൂലമായിരുന്നു. ജെയിനിന്റെ പക്ഷക്കാൎക്കോ, നാൎത്തംബർലണ്ടിന്റെ നിഷ്കപടതയെപ്പററി, പ്രബലമായ സന്ദേഹമുണ്ടായിരിക്കയാൽ, അവർ ഇതിൽ ഉദാസീനന്മാരായിരുന്നതേയുള്ളു. എഡ്വർഡ് രാ

ജാവിന്റെ മരണത്തിനു അല്പം മുമ്പായി മേരിയേയും എലിസബത്തിനേയും ബന്ധനസ്ഥരാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ, അവരുടെ സഹോദരനു അവരെ കാണണമെന്നുള്ള ആഗ്രഹത്തിൻപ്രകാരമെന്ന നാട്യത്തിൽ, ഈ രാജകുമാരികളെ വരുത്തുന്നതിനു നാർത്തംബർലണ്ടുപ്രഭു ആളയച്ചിട്ടുണ്ടായിരുന്നു. അവർ വന്നെത്തുമെന്നു ആശിച്ചുകൊണ്ടു, രാജാവിന്റെ മരണവൃത്താന്തത്തെ അയാൾ രണ്ടു ദിവസം ഗോപ്യമായി വെച്ചുപോലുംചെയ്തു. എന്നാൽ, മേരി, രാജധാനിയിൽനിന്നു അല്പം അകലെയുള്ള ഒരു സ്ഥലത്തെത്തിയപ്പോൾ, രാജാവു മരിച്ചവിവരം അറികയും, തന്നെ ഈവർത്തമാനം ധരിപ്പിക്കാഞ്ഞതിൽ പ്രബലമായി ശങ്കിച്ചിട്ടു സഫക്കു എന്ന പ്രദേശത്തു മടങ്ങിച്ചെന്നു ഒരു സൈന്യത്തെ ശേഖരിക്കയും ചെയ്തു. പന്തിരായിരം ഭടന്മാരോടൊന്നിച്ചു അവൾ ലണ്ടൻ പട്ടണത്തെ സമീപിച്ചപ്പോൾ, അതിൽ പകുതി സൈന്യത്തോടുകൂടെ ചെന്നു നാർത്തംബർലണ്ടു അവളെ തടഞ്ഞു. നാർത്തംബർലണ്ടു രാജധാനിയെ വിട്ടപ്പോൾ, അവിടെ ഒരു ലഹളയുണ്ടാകയും, രാജ്ഞിവസിച്ചിരുന്ന റ്റവർ കൊട്ടാരം മേരിയുടെ പക്ഷക്കാർ സ്വാധീനപ്പെടുത്തുകയും ചെയ്തു. രാജകോലാഹലങ്ങളെ നിറുത്തുന്നതിനും ജെയിനിന്റെ പാർപ്പിടത്തിൽ നാട്ടിയിരുന്ന രാജചിഹ്നമായ കൊടിയെ എടുത്തുകളയുന്നതിനും ആജ്ഞാപിച്ചിട്ടു, സഫക്ക്പ്രഭു, തന്റെ പുത്രിയായ ജെയിനിനെ അവളുടെ ഈ അധഃപതനത്തെ ക്ഷമയോടുകൂടെ സഹിച്ചുകൊള്ളുവാൻ ധൈര്യപ്പെടുത്തി. "എനിക്കു അർഹതയില്ലാത്ത ഒരു പദവിയെ അനുഭവിക്കത്തക്കയോഗ്യത എനിൽ ഇല്ലായിരുന്നകാലത്തു, സ്വീകരിക്കുന്നതിനു എന്റെ മനസ്സിനു വിപരീതമായി നിർബന്ധിച്ച വർത്തമാനത്തെക്കാൾ, ഇതു എത്രയോ സന്തോഷകരമായിരിക്കുന്നു. അച്ഛനായ അങ്ങെയും അമ്മയേയും അനുസരിക്കുന്നതിനുവേണ്ടി മാത്രം ഞാൻ എനിക്കു അഹിതമായുള്ളതിനെ പ്രവർത്തിച്ചു; ഇതു എന്റെ സ്വന്ത പ്രവൃത്തിയാണു എനിക്കു നിങ്ങൾ നൽകിയ പദവിയെ ഞാൻ

പൂൎണ്ണമനസ്സോടെ വിട്ടുകൊടുക്കുന്നു,, എന്നു അവൾ ശാന്തമായി മറുവടിപറഞ്ഞു. പിറെറന്നുതന്നെ, ലേഡിജെയിൻ തന്റെ പൂൎവ്വവസതിയായ സിയാൺഹൌസിലേക്കു തിരിച്ചുപോന്നു. ജെയിൻ പത്തുദിവസം രാജ്യഭാരംചെയ്തു. സജ്ജനങ്ങളുടെ ദുരദൃഷ്ടങ്ങളേയും ഹാസവിഷയമാക്കി തീൎക്കുന്നതിൽ നിരതനായ ആരോ ഒരുവികൃതി, അവളെ "പന്ത്രണ്ടുനാൾ റാണി,, എന്നു് സംബോധനം ചെയ്കയുണ്ടായി. മേരിയുടെ സൈന്യങ്ങളെ എതിൎത്തുനില്ക്കാൻ ശേഷിയില്ലായിരുന്ന നാത്താംബർലണ്ടിനു് തന്റെ ശത്രുവായ അവളെ രാജ്ഞിയായി അഭിവാദ്യംചെയ്കയല്ലാതെ ഗത്യന്തരമില്ലെന്നായി. ഒട്ടും താമസിയാതെ കഠിന രാജദ്രോഹകുററം ചുമത്തി, മേരി, അദ്ദേഹത്തെ ശിരശ്ഛേദനം ചെയ്തു.

മേരിക്കു് രാജ്യാധിപത്യം ലഭിച്ചതിന്റെ ശേഷം, ആദ്യമായി ചെയ്തപ്രവൃത്തി, ജെയിനിനെയും അവളുടെ ബന്ധുക്കളേയും, ബന്ധനസ്ഥരാക്കുകയായിരുന്നു. ഈ ഭാഗ്യഹീനയായ യുവതിയെ അല്പം മുമ്പു് അവളുടെ കൊട്ടാരമായിരുന്ന ററവറിൽതന്നെ ബന്ധനസ്ഥയാക്കി. എത്രതന്നെ സ്വമതഭ്രാന്തയായിരുന്നാലും, കഠിനചിത്തയായിരുന്നാലും, മേരി, തന്റെ ബന്ധുവൎഗ്ഗത്തിൽ ഉൾപ്പെട്ടവളും പരപ്രേരണയാൽ മാത്രം സിംഹാസനാരോഹണം ചെയ്തവളും ആയ ജെയിനിനു് മാപ്പുകൊടുക്കുമായിരുന്നു. എന്നാൽ, മാപ്പു് കൊടുക്കപ്പെട്ടവനും ജെയിനിന്റെ പിതാവുമായ സഫൊക്പ്രഭു, മേരിയ്ക്കു് എതിരായി ഒരു ശത്രുസംഘത്തിൽ ചേൎന്നു് അവളുടെ സ്ഥാനത്തെ അപകടസ്ഥിതിയിലാക്കിയതിനാൽ, മേരി, കുപിതയായി, ജെയിനിനേയും അവളുടെ ഭൎത്താവിനെയും, രാജദ്രോഹകുററത്തിന്നു നവംബർ ൧൩-ാം നു- വിസ്തരിക്കാൻ ആജ്ഞാപിച്ചു. അതിന്നുന്നും ഇവർ വിസ്തരിക്കപ്പെടുകയും, കുററം ചുമത്തപ്പെടുകയും ചെയ്തു. ശിരശ്ഛേദനത്തിനുള്ള ദിവസം നിശ്ചയിച്ചിരുന്നില്ലാ. ഒടുവിൽ കലഹവിഷയമായിതീരുന്നതിനിടയുണ്ടായിരുന്ന ഒരാളുടെ സാന്നിദ്ധ്യത്തെ നശിപ്പിക്കാൻ, മേരി നിശ്ചയിച്ചു

൧൫൫൪-ഫെബ്രുവരി ൧൧-ാനു 'ഗിൽഫോർഡ് ഡഡ്ളിയേയും ഭാൎയ്യയെയും, ശിരശ്ഛേദനം ചെയ്യുന്നതിനുള്ള വാറണ്ടു് ഒപ്പിട്ടുകൊടുത്തു. ൧൨-ാനു രാവിലെ വധിക്കുന്നതിനായി ഡഡ്ളിയെ ററവർ ഹില്ലിലെക്കു് കൊണ്ടുപോയി. മരണത്തിനു മുമ്പു്, തന്റെ പ്രിയതമയെ കാണണമെന്നു് ആദ്ദേഹം അപേക്ഷിച്ചിരുന്നു. എന്നാൽ ഈ സന്ദൎശനം രണ്ടുപേൎക്കും വ്യസനകരമായി പരിണമിച്ചേക്കുമെന്നുള്ള ശങ്കയാൽ ജെയിൻ സമ്മതിച്ചില്ലാ. കോട്ട വാതുക്കൽ കൂടെ ഡഡ്ളിയെ കഴുകുമരത്തിലേക്കു് കൊണ്ടുപോകുന്നതു് ജെയിൻ കണ്ടു. അല്പം കഴിഞ്ഞു്, യദൃച്ഛയാ അവൾ ആ വഴിനൊക്കിയപ്പോൾ, അദ്ദേഹത്തിന്റെ മൃതശരീരം മുഴുവൻ മൂടാതെയും രക്തമൊലിപ്പിച്ചും വധസ്ഥലത്തുനിന്നു് തിരികെ കൊണ്ടുപോകുന്നതിനെയും കാണ്മാനിടയായി. വെസ്റ്റ് മിൻസ്റ്റർ മതാശ്രമത്തിലെ പാതിരിമാരിൽ ഒരാളായ ഫെക്കനം അവളെ കത്തോലിക്ക് മതം അംഗീകരിപ്പിക്കുന്നതിനു് ശ്രമിച്ചു. ഇദ്ദേഹം സൂക്ഷ്മബുദ്ധിയും വാചാലനും, ആൎദ്രഹൃദയനും ആയിരുന്നിട്ടും അവളുടെ ദൃഢമായ വിശ്വാസത്തെ ഇളക്കാൻ സാധിച്ചില്ലാ. അവളുടെശാന്തതയും സ്വഭാവമധുരതയും കണ്ടിട്ടു്, ഫെക്കനം, അവളുടെ വധത്തിനു് നിശ്ചയിക്കപ്പെട്ടിരുന്ന സമയത്തെ ഒരു ദിവസംകൂടെ നീട്ടിവയ്പിച്ചു. മരണദിവസം, അവൾ തന്റെ പിതാവിനെഴുതിയ ഒരു എഴുത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.— "എന്റെ കുററം ചെയ്യാത്ത രക്തം, നിരപരാധികളൊടു് അനുകമ്പകാണിക്കണേ എന്നു് ഈശ്വരനോടു് വിളിച്ചുപറയും,,. അവളുടെ വേദഗ്രന്ഥത്തിന്റെ ഒരു ഭാഗത്തു്, അവളുടെ സഹോദരിക്കു് ഗ്രീക്കുഭാഷയിൽ ഒരെഴുത്തെഴുതിയിരുന്നു ഈ വൈദുഷ്യപ്രകടനം, യൂറോപ്പിൽ അക്കാലത്തുണ്ടായിരുന്ന പണ്ഡിതാഗ്രേസരന്മാരെ വിസ്മയഭരിതരാക്കിത്തീൎത്തുകൂടാതെ വ്യസനത്തിനാകട്ടെ ആപത്തിനാകട്ടെ അവളുടെ വിചാരഗതിയെ തടുക്കാനൊ, അവളുടെ ചിത്തവൃത്തിയുടെ മാഹാത്മ്യത്തെ കുറയ്ക്കുവാനൊ കഴികയില്ലെന്നു് തെളിയിക്കയും

ചെയ്തു: വധിക്കുന്നതിന് അല്പം മുമ്പായി അവൾ തന്റെ നോട്ടുപുസ്തകത്തിൽ ഗ്രീക്കിലും, ലത്തീനിലും, ഇംഗ്ലീഷിലും, ഓരോവാചകമെഴുതി. ഇംഗ്ലീഷിൽ എഴുതിയിരുന്നതിന്റെ താൽപര്യം, "എന്റെ കുററം ശിക്ഷാർഹമായിരുന്നിരിക്കാമെങ്കിലും, എന്റെ ചെറുപ്പത്തെയും, അവിവേകത്തേയും കരുതിയിട്ടെങ്കിലും, എനിക്ക് മാപ്പ് തരാമായിരുന്നു. ഈശ്വരനും ഭവിഷ്യൽ സന്തതികളും എന്നോട് ദയ കാണിക്കും.,, എന്നാകുന്നു.

റ്റവർ കാരാഗൃഹത്തിനുള്ളിൽ വച്ചായിരുന്നു ജെയിനിനെ തൂക്കിക്കൊന്നതു്. തൂക്കുമരത്തിൽവെച്ചു് അവൾ ഇങ്ങനെ പറഞ്ഞു:— "നിരപരാധത നീതിവിരുദ്ധതയിൽനിന്ന് എത്രവിദൂരമായിരിക്കുന്നുവൊ, അത്രത്തോളം എന്റെ ആത്മാവ് മേരി രാജ്ഞിയുടെ നേർക്കുള്ള അതിക്രമത്തിൽ നിന്ന് വിദൂരമായിരിക്കുന്നു. എന്നെ നിർബന്ധിച്ചതിനാൽ മാത്രമാണ് ഞാൻ രാജ്യഭാരം ഏൽക്കുവാൻ സമ്മതിച്ചതു്.,,

ഈ ഒടുവിൽപറഞ്ഞതു് യഥാർത്ഥമായിരുന്നു. കുഡുംബക്രമത്താലും നിയമത്താലും മതാചാരത്താലും അനുകൂലിക്കപ്പെട്ടു് അച്ഛന്റെ ആജ്ഞയെ അനുസരിച്ചതിന് പതിനേഴുവയസ്സുമാത്രം പ്രായമുള്ള നിരപരാധിയായ ഒരു യുവതിയെ അവളുടെ ബന്ധുവും സ്ത്രീജനവുമായ ഒരാളുടെ കല്പനയാൽ വധിച്ചതിന് വേറെദൃഷ്ടാന്തങ്ങൾ ചരിത്രത്തിലില്ലാ. ഈ വധം നിസ്തുല്യമായ സൌന്ദര്യത്തിന്റെയും യൌവനത്തിന്റെയും സന്നിധിയിൽ, ബുദ്ധിശക്തി, വൈദഗ്ദ്ധ്യം, സുശീലത്വം, ഭക്തി എന്നിവയൊടുകൂടിയവളും, നിഷ്കപടമായ പ്രേമത്തെ പ്രയോഗിച്ചവളും, മനസ്സിന്റെ വികാരങ്ങളെ നിയന്ത്രിച്ചിട്ടുള്ളവളും ആയ ഒരു സ്ത്രീരത്നത്തിന്റെതാണെന്നുള്ള സംഗതി വിശേഷിച്ചും സ്മരണീയമാകുന്നു. വാസ്തവത്തിൽ, ഈമരണം ഒരു കാലഘട്ടത്തെ ബഹുമാനിക്കയും അവമാനിക്കയും ചെയ്വാൻ തക്കതു് തന്നെയായിരുന്നു.

# ലേഡി ഗ്രിസൽ ബെയ്ലി.

ഇംഗ്ലണ്ടിൽ ചാർത്സ് രണ്ടാമൻ രാജ്യഭാരം ചെയ്തിരുന്ന കാലത്ത്, രാജ്യകാൎയ്യങ്ങളിലും മതകാൎയ്യങ്ങളിലും സ്വാതന്ത്ര്യം ലഭിക്കുന്നതിന് വേണ്ടി പ്രയത്നിച്ചിരുന്ന ആളുകളുടെ കൂട്ടത്തിൽ പ്രഖ്യാതന്മാരായി പോൾവാത്തിലെ സർ പാട്റിക്ക് ഹ്യൂം, ജാർവിസ്‌വുഡിലെ റോബർട്ട് ബെയ്ലി എന്നീ രണ്ടാളുകളുണ്ടായിരുന്നു. പോൾവാത്ത് എന്ന ഗ്രാമം ബെറിക്ക്ഷയറിന്റെ മദ്ധ്യഭാഗത്ത് കിടക്കുന്നു; ഇവിടത്തെ മൈതാനത്തിൽ ഏതാനും വീടുകൾ അങ്ങുമിങ്ങും ചിന്നിച്ചിതറി കിടപ്പുണ്ട്. ഇവയുടെ മദ്ധ്യത്തിലായിട്ട്, ഇതിഹാസപ്രസിദ്ധമായ ഒരു മുള്ളുവൃക്ഷം ഒരു കാലത്തുനിന്നിരുന്നു. ൧൬൪൮-ൽ തന്റെ അച്ഛന്റെ മരണാനന്തരം സർ പാട്റിക്ക്ഹ്യൂം പോൾവാത്ത് പ്രദേശത്തിന്റെ ജന്മാവകാശിയായിതീൎന്നു. ഈ സമയത്ത് അദ്ദേഹം ബാല്യദശയെ അതിക്രമിച്ചിട്ടില്ലായിരുന്നു. ആദ്യകാലത്തെ വിദ്യാഭ്യാസം ഈശ്വരഭക്തയായ മാതാവിന്റെ അധീനതയിലാണ് നടത്തപ്പെട്ടത്. അദ്ദേഹത്തിന്റെ കുഡുംബഗൃഹം പോൾവാത്തിലെ പള്ളിയിൽനിന്നു ഏകദേശം രണ്ടുനാഴിക അകലെയുള്ള റെഡ് ബ്രേകാസിലായിരുന്നു. സർ പാട്റിക്ക് യഥാകാലം വിവാഹം കഴിക്കയും, പതിനെട്ടു സന്താനങ്ങളുടെ പിതാവായിതീരുകയും ചെയ്തു. ഇവരിൽ മൂത്തവളും പ്രകൃതകഥാനായികയുമായ ഗ്രിസൽ ൧൬൬൫-ാമാണ്ടു ക്രിസ്ത്മസ് ദിനത്തിൽ ജനിച്ചു.

മതസംബന്ധമായ കാൎയ്യങ്ങളിൽ ഭരണാധികാരികളാൽ ഏൎപ്പെടുത്തപ്പെട്ട ക്രൂരനിയമങ്ങളാൽ സ്കാട്ട്ലണ്ട് മുഴുവനും അക്കാലത്ത് വളരെ ക്ഷോഭിച്ചിരിക്കയായിരുന്നു. ഒരിക്കൽ സ്കാട്ടിഷ് പാർളിമെന്റ് സാമാജികന്റെ സ്ഥാനത്തിൽ, സർ പാട്റിക്ക് മേല്പറഞ്ഞ ആളുകളുടെ ക്രൂര നടപടികളെ

എതിൎത്തുപറഞ്ഞു; അതിൻെറഫലമായി ഒന്നരണ്ടുപ്രാവശ്യം ബന്ധനസ്ഥനാക്കപ്പെട്ടു. സ്നേഹിതന്മാരുടെ ശിപാൎശപ്രകാരം മോചനം ലഭിച്ച്, ഇദ്ദേഹം ഏതാനും നാൾ ഇംഗ്ലണ്ടിൽ പോയി പാൎത്തു.

അതിൻെറശേഷം, ഇദ്ദേഹം തിരികെ സ്കാട്ട്ലണ്ടിൽ പോയി റെഡ്ബ്രേകാസിലിൽ ഒളിച്ചുതാമസിച്ചു. ഫന്നൻെ_ൽ ബോത്ത്വെൽബ്രിഗ്ഗ്യുദ്ധം കഴിഞ്ഞതിൻെറ ശേഷം, രാജ്യകാൎയ്യങ്ങൾ കുറെക്കൂടെ കുഴപ്പത്തിലായി. ജനങ്ങളെ നിൎദ്ദയം ഹിംസിക്കയും, പ്രമാണികളെ ബന്ധിച്ച് കേസ്സിൽ ഉൾപ്പെടുത്തുകയും ചെയ്ത് രാജപക്ഷീയന്മാർ നാട്ടിൽ ഭീതിപരത്തിക്കൊണ്ടിരുന്നു. ജനരക്ഷ ഇല്ലെന്നായി. സർ പാട്റിക്ക് ബന്ധനസ്ഥനാക്കപ്പെടുമെന്ന് പ്രതിദിനം ശങ്കിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിലാണ് 'റൈഹൌസ് പ്ളാട്ട്', എന്ന ഉപജാപകസംഘത്തിൽ ചേൎന്നിരിക്കുന്നു എന്ന രാജദ്രോഹകുററത്തിന് ജാവ്വിസ്വുഡിലെ റാബർട്ട് ബെയ്ലി ബന്ധനസ്ഥനാക്കപ്പെടുകയും, ആറായിരം പവൻ പിഴവിധിക്കപ്പെടുകയും ചെയ്തു.

കഥാനായികയായ ഗ്രിസൽഹ്യൂമിന് ഈസമയത്തു പതിനേഴവയസ്സ് പ്രായമുണ്ടായിരുന്നു. കാലാനുസൃതമായ വിദ്യാഭ്യാസം പൂൎണ്ണമായി ലഭിച്ചിരുന്നതുകൂടാതെ, ഗ്രിസൽ ഗൃഹജോലികൾ സകലതും ചെയ്യുന്നതിൽ പ്രത്യേകം പാടവമുള്ളവളായിരുന്നു. അവളുടെ മാതാവായ ലേഡീഹ്യൂമിൻെറ ശരീരാപാടവം നിമിത്തം കുഡുംബഭരണം മുഴുവനും ഗ്രിസലിൻെറ ചുമതലയിൽ വരുകയും, അവൾ തത്സംബന്ധമായ എല്ലാജോലികളും വളരെ സാമൎത്ഥ്യത്തോടുകൂടെ ചെയ്കയും, ചെയ്തുവന്നു. ചെറുപ്പമായിരുന്നിട്ടും, പബ്ളിക്ക് കാൎയ്യങ്ങളെപ്പററിയും തനിക്ക്നേരിട്ടിരുന്ന ആപത്തുകളെപ്പററിയും ഗ്രിസലിൻെറ പിതാവ് പലപ്പോഴും അവളുടെ അഭിപ്രായത്തേയും ഉപദേശത്തേയും ക്ഷണിക്കാറുണ്ടായിരുന്നു. എഡിൻബഗ്ഗിലെ ടോൾബൂത്ത് കാരാഗൃഹത്തിൽ കിടന്നിരുന്ന

റോബർട്ട്ബെയ്‌ലിക്ക് രണ്ടുപ്രാവശ്യം അവൾ പിതാവിന്റെ സന്ദേശത്തെ വഹിച്ചിരുന്നു. യാത്രക്കാരെ ശോധനചെയ്ത് അവർ ആരാണെന്നും ഉദ്ദേശം എന്താണെന്നും അന്വേഷിച്ചറിയുന്നതിനായി, രാജപക്ഷക്കാർ നാട്ടിൽ പലയിടങ്ങളിലും ഭടന്മാരെ നിറുത്തിയിരുന്ന ഇക്കാലത്തു, യുവതിയായ ഗ്രിസലിന്റെ യാത്ര എത്രമേൽ ആപൽക്കരമായിരുന്നുവെന്ന ആൎക്കും ഊഹിക്കാവുന്നതാണ്. അവൾ രേഖാമൂലമായി ദൗത്യങ്ങൾ വഹിച്ചിരുന്നില്ലാ; സന്ദേശങ്ങൾ വാങ്മൂലമായിരുന്നു. അവയെ ഓൎക്കുന്നതിന് നല്ല ധാരണശക്തിയും, ജിജ്ഞാസുക്കളിൽനിന്ന് അവയെ ഒളിക്കുന്നതിന നല്ലസാമൎത്ഥ്യവും വേണ്ടിയിരുന്നു. റെഡ്ബ്രേയിൽനിന്നു എഡിൻബൎഗ്ഗിൽ എത്തേണമെങ്കിൽ, കുറഞ്ഞപക്ഷം, അമ്പതുനാഴികദൂരം സഞ്ചരിക്കണം. പലസ്ഥലങ്ങളിലും വഴി ദുർഘടമായിരുന്നതിനാലും, പട്ടണങ്ങളെവിട്ട് അകന്നു സഞ്ചരിക്കുന്നതിനായി ചുററിവളഞ്ഞുപോകേണ്ടിയിരുന്നതിനാലും മേല്പറഞ്ഞദൂരം കുതിരസവാരിയായി യാത്രചെയ്യാൻ രണ്ടുമൂന്നുദിവസം വേണ്ടിവന്നിരുന്നു.

ഇങ്ങനെയുള്ള അപായകരമായ യാത്രകളിൽ തടഞ്ഞുനിറുത്തി ചോദ്യങ്ങൾ ചോദിക്കാനിടവരുത്താതിരിക്കാനായി പലപ്പൊഴും അവൾ കൃത്രിമങ്ങൾ പ്രയോഗിക്കേണ്ടിവന്നു. ഒരു യാത്രയിൽ അവൾ ഏൎൾസ്റ്റൺവഴിപോയി; അവിടെ എത്തിയപ്പോൾ, വടക്കോട്ടുള്ള മാൎഗ്ഗങ്ങളിൽ ഒക്കെ ഭടന്മാർ കാവൽനിൽക്കുന്നുണ്ടെന്നറിഞ്ഞു. എന്തുചെയ്യേണ്ടുവെന്നറിയാതെ ഗ്രിസൽ കുഴങ്ങിനിൽക്കവെ, ജിപ്സികൾ എന്നുപറയുന്ന ഒരു കൂട്ടം സഞ്ചാരികൾ പോകുന്നതുകണ്ടു. അവരുടെ കൂട്ടത്തിൽ ഗ്രിസൽ ഒരുക്കൽ ഒരു സഹായംചെയ്തുകൊടുത്തിരുന്ന ജീൻഗോർഡൻ എന്ന സ്ത്രീയുമുണ്ടായിരുന്നു. അതിനാൽ ഇവർ അവളെ അവരുടെ സംഘത്തിൽകൂടെ വേഷം മാററി കൊണ്ടുപോകയും ജനസഞ്ചാരമില്ലാത്തമാൎഗ്ഗങ്ങളിലൂടെ പിറെറന്നു തന്നെ അവളെ മിഡ്ലോത്യിയനിലേക്കുള്ള വഴിയിൽ കൊണ്ടുചെന്നാക്കികൊടുക്കയുംചെയ്തു. എഡിൻബ

ഗ്ഗിൽ അവർ കാണ്മാനിടയായകാഴ്ചകൾ അതിഭയങ്കരങ്ങളായിരുന്നു. ശിരച്ഛേദങ്ങൾദിവസംപ്രതി അവിടെ നടന്നുകൊണ്ടിരുന്നു. രാജദ്രോഹികൾ എന്നുപറഞ്ഞു് വധിക്കപ്പെട്ടിരുന്ന ആളുകളുടെ തലകൾ തുറമുഖങ്ങളിൽ നിറഞ്ഞിരുന്നു. ടോൾബൂത്ത് കാരാഗൃഹത്തിൽ അവൾക്കു് ഏതുവിധത്തിൽ പ്രവേശം ലഭിച്ചു എന്നറിവാൻപാടില്ലാ. പക്ഷെ, മിസ്റ്റർ ബെയ്ലിയുടെ ബന്ധുജനങ്ങളിൽ ആരുടെയെങ്കിലും ശുപാൎശകൊണ്ടായിരിക്കാം. ഏതുവിധേനയെങ്കിലും, അവൾപോയിരുന്ന രണ്ടവസരങ്ങളിലും അവൾക്കു് ബെയ്ലികിടന്നിരുന്ന കാരാഗൃഹമുറിയിലേക്കു് പ്രവേശം ലഭിച്ചതു കൂടാതെ, തന്റെ പിതാവിന്റെ സന്ദേശത്തെ പറഞ്ഞറിയിക്കുന്നതിനും, മറുവടി വാങ്മൂലമായി ലഭിക്കുന്നതിനും ഇടകിട്ടി. ഈ സന്ദൎശനാവസരങ്ങളിൽ കാരാഗൃഹത്തിൽ വസിച്ചിരുന്ന ബെയ്ലിയുടെ മൂത്തപുത്രനായ ജാൎജ് ബെയ്ലിയെ അവൾ കാണുകയുണ്ടായി. ഇരുവരുടെയും ആപത്തിന്റെയും വ്യാകുലതകളുടെയും യോജിപ്പുനിമിത്തം അവർ അന്യോന്യംസ്നേഹിക്കുന്നതിനിടയായി. എന്നാൽ, ഇരുവരുടെയും വിചാരങ്ങളും യത്നങ്ങളും പിതാക്കന്മാരുടെ ആപത്തിനെയും രക്ഷയെയും പററിയായിരുന്നതിനാൽ, വിവാഹാലോചന തൽക്കാലം അവരിൽ ഉണ്ടായില്ലാ. ഏറെതാമസിയാതെ, റാബർട്ടു് ബെയ്ലിയുടെ വിധി തീരുമാനപ്പെട്ടു. ൧൬൮൪-ാമാണ്ടു് ഡിസംബർ മാസം ൨൪-നു, ക്രൂരമായ ദേഹോപദ്രവം ചെയ്തു നിർദ്ദോഷിയായ ആ ആളെക്കൊണ്ടു് രാജദ്രോഹകുററം ഏററു പറയിക്കയും, ഹൈക്കോടതിവിധിപ്രകാരം പിറെറന്നു ശിരശ്ഛേദം ചെയ്തു വധിക്കയും, അദ്ദേഹത്തിന്റെ ശരീരത്തെ നാലായികണ്ടിച്ചു നാലുപട്ടണങ്ങളിലെ ജേലുകളിൽപ്രദൎശിപ്പിക്കയും, അദ്ദേഹത്തിന്റെ വസ്തുക്കൾ സൎക്കാരിലെക്കെടുക്കയും ചെയ്തു. ഇങ്ങനെ കുഡുംബനാശം ഭവിക്കയാൽ, ജാൎജ് ബെയ്ലി നാടുവിട്ടോടി ഹാളണ്ടു് രാജ്യത്തിൽ അഭയം പ്രാപിച്ചു.

റെഡ്ബ്രേ കുഡുംബത്തിന്റെ സ്ഥിതിയെന്തായിരുന്നു? കുറെനാളായി സർപാട്റിക്ക് ഹ്യൂം ഒളിച്ചു പാൎക്കയായിരുന്നു. പോൾവാത്ത് പള്ളിയുടെ അടിയിലുള്ള കുഡുംബശവക്കല്ലറയിലായിരുന്നു അദ്ദേഹം ആദ്യം ഒളിച്ചിരുന്നതു്. ഈ ഒളിച്ചുപാൎപ്പുസ്ഥലം ലേഡീഹ്യൂമും ഗ്രിസലും ഒഴികെ, അവരുടെ വിശ്വാസ്യനായ ജെമ്മിവിന്റർ എന്നുപേരായ ഒരു ആശാരിമാത്രമേ അറിഞ്ഞിരുന്നുള്ളു. ഈ ആശാരിയുടെ സഹായത്താൽ, ഒരു രാത്രി ഒരു മെത്തയും വിരിപ്പു ശീലകളും, ഒരു ചെറിയ മേശയും കസേരയും മററു ചില സാമാനങ്ങളും ആ അറയിൽ കൊണ്ടുപോയി കൊടുത്തു. ഈ അറയിൽ ഒരററത്തുള്ള ചുമരിലെ ചെറിയ ദ്വാരത്തിൽ കൂടെ മാത്രമേ പകൽവെളിച്ചം അകത്തു കടന്നിരുന്നുള്ളു. അതിനാൽ, അകത്തെ സ്ഥിതി വെളിയിൽനിൽക്കുന്ന ആൎക്കും അറിവാൻ സാധിച്ചിരുന്നില്ലാ. ഇവിടെ ശിശിരകാലം മുഴുവനും, ഒരു നെരിപ്പോടുപോലും കൂടാതെയും, തന്റെ മരിച്ചുപോയ പൂൎവികന്മാരുടെ ശരീരാവശേഷം മുതലായ ഭയങ്കരവസ്തുക്കളുടെ സഹവാസത്തോടുകൂടെയും സർ പാട്റിക്ക് പാൎത്തു. ശരീരശക്തി ക്ഷയിച്ചുപോയിരുന്നിട്ടും, ഈവിധം കഷ്ടതകളെ സഹിച്ചു് ജീവിതത്തെ നയിക്കുന്നതിനു് അദ്ദേഹത്തെ സഹായിച്ചതു് അദ്ദേഹത്തിന്റെ മനസ്സിന്റെ ശക്തിയും പുത്രിയായ ഗ്രിസലിന്റെ വാത്സല്യപൂൎവകമായ ശുശ്രൂഷണങ്ങളും മാത്രമായിരുന്നു. ചൂടിനു വേണ്ടി അദ്ദേഹം എപ്പോഴും ഒരു "കിൽമാർനോക്ക്" രോമത്തൊപ്പി ധരിച്ചിരുന്നു. വേദപുസ്തകത്തിന്റെ ഒരു ഭാഗമായ സങ്കീൎത്തന പുസ്തകത്തെ വായിച്ചാണു് അദ്ദേഹം തന്റെ ഏകാന്തതയെ കഴിച്ചുകൂട്ടിയതു് ഒരു ദിവസം രാത്രി, വെളിച്ചം പുറത്തു കാണാതിരിക്കത്തക്കവണ്ണം തിരശ്ശീലയിട്ടു മൂടിയിരുന്ന ഒരു ചെറിയ വിളക്കിന്റെ മുമ്പിലിരുന്നു് അദ്ദേഹം പതിവുപോലെ വായിച്ചുകൊണ്ടിരുന്നപ്പോൾ, തന്റെ കാൽക്കൽ കിടന്നിരുന്ന ഒരു തലയോട്ടു് അനങ്ങുന്നതു് അദ്ദേഹം കണ്ടു. ഈ അത്ഭുതപൂൎവമായ സംഭവം

ആദ്യം അദ്ദേഹത്തെ അല്പം ഭയപ്പെടുത്തി. ധൈൎയ്യം അവലംബിച്ചുകൊണ്ടു് അദ്ദേഹം വീണ്ടും വായിക്കാൻ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ. തലയോട്ടിന്റെ ചലനം സ്പഷ്ടമായി കണ്ടുതുടങ്ങി. സംശയ നിവൃത്തിയ്ക്കായി അദ്ദേഹം ധൈൎയ്യത്തോടുകൂടെ തന്റെ വടികൊണ്ടു് തലയോട്ടിനെ മറിച്ചിട്ടപ്പോൾ, അകത്തുനിന്നു് ഒരു എലി ചാടിപ്പോകയും, അദ്ദേഹം പരമാൎത്ഥം ഗ്രഹിക്കുകയും ചെയ്തു. സംഗതികളുടെ വാസ്തവം ഗ്രഹിക്കാതെ ജനങ്ങൾ മിഥ്യാഭയം വച്ചുകൊള്ളാതിരിക്കാനായി അദ്ദേഹം പിൽക്കാലത്തു് പലപ്പൊഴും ഈ കഥയെ പറയാറുണ്ടായിരുന്നു.

ഗ്രിസലിന്റെ ധൈൎയ്യവും പിതാവിന്റേതിൽ നിന്നു് ഒട്ടും കുറഞ്ഞതല്ലായിരുന്നു. അവൾ ദിവസംതോറും, അൎദ്ധരാത്രസമയത്തു ദുൎഘടമാൎഗ്ഗത്തിൽകൂടെ തനിയേപോയി, അച്ഛന്റെ വാസസ്ഥലത്തു് ഭക്ഷണപാനീയങ്ങളെ കൊണ്ടുകൊടുക്കയും, കഴിവുള്ളേടത്തോളം സമയം അദ്ദേഹത്തോടുകൂടെ ഇരുന്നു് വെളിച്ചമാകുന്നതിനുമുമ്പായി തിരിച്ചുപോരുകയും ചെയ്തു പതിവായിരുന്നു. ശവക്കല്ലറകളെ ചാടിക്കടന്നു് പള്ളിമുറ്റത്തുകൂടെ തനിയേ സഞ്ചരിക്കുന്നതിൽ അവൾക്കു അല്പം ഭയം ഉണ്ടാകാതിരുന്നില്ലാ. എന്നാൽ, അച്ഛനെ തിരഞ്ഞുവരാൻ ഇടയുണ്ടായിരുന്ന ഭടന്മാരേയും ആൾക്കൂട്ടത്തേയും കുറിച്ചായിരുന്നു അവൾ അധികമായി ഭയപ്പെട്ടിരുന്നതു് ഇങ്ങനെയുള്ള സഞ്ചാരസമയത്തു് കേൾക്കുന്നഏറ്റവും ചെറിയശബ്ദം പോലും അവളെ ഞെട്ടിച്ചിരുന്നു. ഇതിനും പുറമേ, ഗൃഹത്തിലുള്ള ഭൃത്യന്മാൎക്കു സംശയത്തിനിടകൊടുക്കാതെ ഭക്ഷണപാനീയങ്ങളെ ശേഖരിച്ചു കൊണ്ടുപോകുന്നതിലും അവൾ വ്യാകുലപ്പെട്ടിരുന്നു. ഒരിക്കൽ ഒരു രസകരമായ സംഭവമുണ്ടായി അവളുടെ അച്ഛനു് ആട്ടിൻതല വളരെപ്രിയപ്പെട്ട ആഹാരമായിരുന്നു. ഒരുദിവസം ഭക്ഷണവേളയിൽ, ഈ സാധനം മേശപ്പുറത്തു് വിളമ്പിയിരുന്നു. കുട്ടികളൊക്കെ സൂപ്പു കുടിച്ചുകൊണ്ടിരുന്ന സമയത്തു്, ആരും കാണാതെ, ഗ്രിസൽ അതിൽ അധിക ഭാഗവും കട്ടെടുത്തു മടിയിൽവച്ചു. സ

ഹോദരനായ സാൻഡി സൂപ്പുകുടി കഴിഞ്ഞു നോക്കിയപ്പോൾ, ആശ്ചര്യപ്പെട്ടും കൊണ്ട്, "അമ്മേ, ഇങ്ങോട്ടുനോക്കു, ഞങ്ങൾ സൂപ്പ് കുടിച്ച സമയം കൊണ്ട് ഗ്രിസൽ ആട്ടിൻതലമുഴവനം ഭക്ഷിച്ചുകളഞ്ഞല്ലോ,,- എന്നു പറഞ്ഞു. രാത്രിയിൽ ഇക്കഥ പിതാവിനെ ഏറെ വിനോദിപ്പിക്കയും, അടുത്ത പ്രാവശ്യം ആട്ടിൻതലയിൽ ഒരുപങ്ക് സാൻഡിക്കും കൊടുക്കണമെന്ന് അദ്ദേഹം പറകയും ചെയ്തു.

ഗ്രിസലിൻെറ പിതാവു ഒളിച്ചപാൎത്തിരുന്ന തണുത്ത ഇരുട്ടടഞ്ഞ ഈ അറ തീരെ വാസയോഗ്യമല്ലാതായി തീൎന്നപ്പോൾ, വേറൊരു ഉപായം പ്രയോഗിച്ചു. കുഡുംബ ഗൃഹത്തിൻെറ താഴത്തെ തട്ടിലെ തറയിൽ ഒരു വലിയ പൊത്തുണ്ടാക്കി പലകകൾ കൊണ്ടുമൂടി; ആ പൊത്തിൽ വായു കടക്കുന്നതിനവേണ്ടി മുകളിൽ ചില സുഷിരങ്ങളും ഉണ്ടാക്കി. അതിൽ, ഒരു മെത്ത വിരിക്കത്തക്കവണ്ണം ഒരുപെട്ടി ഇറക്കി വച്ചു. എന്നിട്ട, സർ പാട്റിക്കിനെ ജെമ്മിവിന്റരടെ സഹായത്തോടുകൂടെ ഇവിടെ കൊണ്ടുവന്ന് പാൎപ്പിച്ചു. എന്നാൽ, ഈ ഉപായം അത്രസുഖമായി പരിണമിച്ചില്ലാ. ഒരുദിവസംഒരു വലിയ മഴയുണ്ടായപ്പോൾ, പൊത്തിൽ വെള്ളം കടക്കയും, മെത്തമുഴവനം നനഞ്ഞു കുഴഞ്ഞുപോകയുംചെയ്തു. ഇങ്ങനെ കുഴങ്ങുന്ന മദ്ധ്യേയാണ് ജാർവിസ്വുഡിലെ ബെയ്ലിയുടെ ശിരശ്ഛേദന വാൎത്ത അവിടെ എത്തിയതു് സർ പാട്റിക്ക ഹ്യൂം ഇനിയും അവിടെ പാൎക്കുന്നതു് ആപൽകരമായേക്കമെന്ന് ശങ്കിച്ച്, രാജ്യത്തിൽ നിന്ന് ഒളിച്ചോടി രക്ഷപ്പെടണമെന്ന് തീർച്ചയാക്കി. അദ്ദേഹത്തിന് വേഷപ്രച്ഛന്നനായി പോകുന്നതിന ഗ്രിസൽ രാപകൽ മുഷിഞ്ഞിരുന്ന് ഉടുപ്പുകൾ തുന്നി. യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ കഴിഞ്ഞശേഷം, ഒരുദിവസം രാവിലെ ജാൺ ആലൻ എന്ന വിശ്വസ്ത ഭൃത്യനോടൊന്നിച്ച്,കുതിരപ്പുറത്തു കയറി യാത്രതുടങ്ങി. കുറെ ദൂരം സഞ്ചരിച്ചശേഷം, സർ പാട്റിക്ക് കുതിരയെ വിചാരമഗ്നനായി നയിക്കയാൽ, വഴി തെറ്റി ഭൃത്യനെ വിട്ടു

പിരിഞ്ഞു ടീഡ് നദിയോളം സവാരിചെയ്തു. ഇങ്ങനെ വഴിതെററിപ്പോകാനിടയായതു് ഭാഗ്യമായിത്തീൎന്നു. എന്തെന്നാൻ, ഇദ്ദേഹത്തെ ആളറിഞ്ഞു കണ്ടു കൂടുന്നതിനായി ഏതാനം ഭടന്മാർ പിറകിൽ ചെല്ലുന്നുണ്ടായിരുന്നു. വഴി തെററിയിരുന്നില്ലെങ്കിൽ നിശ്ചയമായും അദ്ദേഹം അവരാൽ കണ്ടുപിടിക്കപ്പെട്ടു് ബന്ധനസ്ഥനാക്കപ്പെട്ടുമായിരുന്നു. സംഗതികളുടെ വാസ്തവാവസ്ഥ മനസ്സിലായപ്പോൾ, അദ്ദേഹം ഭൃത്യനെ തിരിച്ചയച്ചിട്ടു്, ഏകനായി വിജന മാൎഗ്ഗങ്ങളിൽ കൂടെ സഞ്ചരിച്ചു് ലണ്ടനിൽ എത്തി. അവിടെ നിന്നു് ഫ്രാൻസിലേക്കു കടന്നു്, ഏതാനം നാൾ അവിടെ പാൎത്ത ശേഷം, ബ്രസ്സൽസ് വഴിയായി ഹാളണ്ടിൽ ചെന്നുചേൎന്നു. അടുത്ത കൊല്ലം അദ്ദേഹം ആൎഗൈൽ പ്രഭുവിന്റെ യുദ്ധയാത്രയിൽ ഒരു സേനാനിയായി പോയിരുന്നു. രണ്ടാം പ്രാവശ്യവും വളരെ പ്രയാസപ്പെട്ടു് ഹാളണ്ടിൽ എത്തി രക്ഷപ്രാപിച്ചു. അദ്ദേഹത്തിന്റെ സ്വത്തുകൾ മുഴുവനും സൎക്കാരിലേക്കു ചേൎക്കുകയുംചെയ്തു. അതിന്റെ ശേഷം, അദ്ദേഹം സകുഡുംബം യൂട്രെച്ചു്ററു് നഗരത്തിൽ പാൎപ്പാക്കി, വളരെ ദരിദ്രതയിലും കഷ്ടപ്പാടിലും ദിവസങ്ങൾ കഴിച്ചുകൂട്ടി. ജൂലിയാനാ എന്നു പേരായ അദ്ദേഹത്തിന്റെ ഒരു പുത്രിയെ, കുഡുംബം പോന്നസമയം, ശരീരാപാടവം നിമിത്തം, കൂടെ കൊണ്ടുപോരാൻ സാധിച്ചിരുന്നില്ലാ. ഹാളണ്ടിൽ ഏതാനംനാൾ പാൎത്ത ശേഷം, ഈ കുട്ടിയെ കൂട്ടിച്ചുകൊണ്ടു പോരേണ്ടതു അത്യാവശ്യമാകയും, അതിനായി ഗ്രിസലിനെ നിയോഗിക്കയും ചെയ്തു. അവൾ കിട്ടാനുണ്ടായിരുന്ന കുറെ പണം വസൂലാക്കി കൊണ്ടുവരുന്നതിനും, അച്ഛന്റെ വക മററു ചില കാൎയ്യങ്ങൾ സാധിച്ചുകൊണ്ടു വരുന്നതിനും കൂടെ അവളോടു ശട്ടംകെട്ടിയിട്ടുണ്ടായിരുന്നു. ഈ ജോലികളെല്ലാം അവളുടെ സഹജമായ വിവേകത്തോടു കൂടി വിജയപൂൎവം അവൾ സാധിച്ചു. ഒടുവിൽ കപ്പൽ യാത്രയിൽ കൊടുങ്കാററിന്റെ ശല്യത്താലും, നിഷ്ഠുരനായ കപ്പൽക്കാരന്റെ ക്രൌൎയ്യത്താലും ഒട്ടേറെ കഷ്ടപ്പെട്ടു് രണ്ടു സോദരിമാരും ബ്രിൽ എന്ന സ്ഥലത്തു കരയ്ക്കിറങ്ങി;

അന്നരാത്രിതന്നെ യദൃച്ഛയാ കണ്ടുകൂടിയ അവരുടെ ഒരു സ്വദേശിയോടൊന്നിച്ച് റോട്ടർഡാമിലേക്കു കാൽ നടയായി തിരിച്ചു. രാത്രിയിൽ മഴയും തണുപ്പും കലശലായിരുന്നു. രോഗം പിടിച്ച് ക്ഷീണിച്ച് നടക്കാൻ പോലും ശേഷിയില്ലായിരുന്ന ജൂലിയാനയുടെ ചെരുപ്പുകൾ ചളിയിൽ എവിടെയോ വീണുപോയി. അതിനാൽ ദീനയായ ആ കുട്ടിയെ ഗ്രിസൽ തന്നെ തന്റെ ചുമലിൽ വഹിച്ചു റോട്ടർഡാമിൽ കൊണ്ടെത്തിച്ചു. സാമാനങ്ങൾ എല്ലാം അവരുടെ കൂട്ടുകാരൻ ദയാപൂർവ്വം ചുമന്നെത്തിച്ചുകൊടുത്തു. എന്നാൽ, ഈ കഷ്ടപ്പാടുകൾ എല്ലാം വീട്ടിൽ എത്തിയ സന്തോഷത്തിൽ ഗ്രിസൽ മറന്നുപോയി.

സർ പാട്റിക്ക് മൂന്നരസംവത്സരത്തോളം ഹോളണ്ടിൽ താമസിച്ചു. ഇദ്ദേഹത്തിന്റെ അപ്പോഴത്തെ വരവ് വളരെ ചുരുങ്ങിയതും കഷ്ടിച്ചു ചെലവിനു തികയുന്നതും ആയിരുന്നു. വരവിൽ കാൽ ഭാഗവും വീട്ടുവാടകയ്ക്കായി കൊടുക്കേണ്ടിയിരുന്നു. വാല്യക്കാരെ നിറുത്താൻ തക്ക മുതലില്ലായിരുന്നതുകൊണ്ട്, വസ്ത്രങ്ങളലക്കുന്നതിനു ഒരു പെണ്ണല്ലാതെ വേറെ വാല്യക്കാരാരും അവർക്കുണ്ടായിരുന്നില്ല. അതിനാൽ, വീട്ടുജോലിമുഴുവനും ഗ്രിസൽതന്നെ ചെയ്യേണ്ടിവന്നു. ജോലികൾ മുഴുവൻ കുടിശ്ശികയിടാതെ, ചെയ്തുതീർക്കാൻവേണ്ടി ആഴ്ചയിൽ രണ്ടുദിവസം രാത്രിപോലും ഗ്രിസൽ ഉറക്കമിളച്ചിരുന്നു. ഗ്രിസലിന്റെ പുത്രിയായ സ്റ്റാൻഹോപ്പിലെ മുറെപ്രഭ്വി ഇപ്രകാരം പറഞ്ഞിരിക്കുന്നു:— "എന്റെ മാതാവു ചന്തയിൽ പോവുക, ധാന്യം പൊടിപ്പിക്കുന്നതിനായി യന്ത്രശാലയിൽ പോവുക, വീടു വെടുപ്പാക്കുക, ഭക്ഷണം തയ്യാറാക്കുക, കുട്ടികളുടെ കാലുറകളെയും ഉടുപ്പുകളെയും അററകുററം തീർക്കുക, എന്നുവേണ്ടാ, അവർക്കു വേണ്ടിയസകല ജോലിയും ചെയ്യുക പതിവായിരുന്നു. അമ്മയെക്കാൾ ഒന്നോ രണ്ടോ വയസ്സു പ്രായംകുറവുള്ള അവരുടെസഹോദരിയായ ക്രിസ്റ്റ്യൻ, അവരുടെ ചുരുങ്ങിയ വരവിൽനിന്ന് ഒരുചെറിയ തുകകൊടു

സ്സു് ഒരു സംഗീതപ്പെട്ടി വാങ്ങി, സംഗീതപ്രിയരായ മാതാപിതാക്കന്മാരെയും മററും ഉല്ലസിപ്പിച്ചുവന്നു. ഇളയമ്മയ്ക്കു സംഗീതം നടത്തുവാനും പാടാനും നല്ലപോലെ വശമായിരുന്നു. അവർ സരസയും ഉല്ലാസശാലിനിയുമായിരുന്നു; എങ്കിലും, ജോലിക്കു തിരെ സാമർത്ഥ്യമില്ലായിരുന്നു. ഈ ഗുണങ്ങൾതന്നെ അമ്മയ്ക്കും ഉണ്ടായിരിക്കയും, അവർ അതു ഇഷ്ടപ്പെടുകയും ചെയ്തിരുന്നു; എങ്കിലും, അടുക്കള ജോലികൾ ചെയ്യുന്നതിന് അവർനിർബന്ധിതയായിതീർന്നു; സഹോദരിമാർ തമ്മിൽ തങ്ങളുടെ ഭിന്നങ്ങളായ ജോലികളെ പററി പല നർമ്മവാക്യങ്ങൾ പലപ്പൊഴും പറഞ്ഞുവന്നിരുന്നു. ദിവസവും രാവിലെ ആറുമണിക്കുമുമ്പെ അമ്മ എഴുന്നേററ് അവരുടെ അച്ഛൻെറ അദ്ധ്യയന മുറിയിൽ തീക്കൂട്ടി, അദ്ദേഹത്തെ ഉറക്കമുണർത്തി, സ്വല്പം വല്ലതും ആഹാരം കൊടുത്തു്, കുട്ടികളെ എല്ലാവരെയും പഠിപ്പിക്കുന്നതിനായി ആ മുറിയിൽ കൊണ്ടുചെന്നാക്കും; അവർ ഓരോരുത്തരെയും, ചിലക്കു ലത്തിൻ ഭാഷ, മററു ചിലക്കു ഫ്രെഞ്ചു ഭാഷ, ഏതാനും പേക്കു ഡച്ചു ഭാഷ, ഭൂമിശാസ്ത്രം, കൈയ്യെഴുത്തു്, വായന, ഇംഗ്ലീഷ് ഇങ്ങനെ അവരവരുടെ വയസ്സിനനുരൂപമായ വിദ്യയെ അദ്ദേഹം അഭ്യസിപ്പിച്ചുവന്നു; അമ്മൂമ്മ (ലേഡീഹ്യൂം) പഠിപ്പിക്കേണ്ട വിഷയങ്ങളെ അവരും പഠിപ്പിച്ചു. കുട്ടികളെ പള്ളിക്കൂടത്തിൽ അയച്ചുപഠിപ്പിക്കാൻ നിവൃത്തിയില്ലാതിരുന്നതിനാൽ, ഈ വിധത്തിലായിരുന്നു അദ്ദേഹം തൻെറ സമയത്തെ വിനിയോഗിച്ചതു്. എൻെറ അമ്മയും സ്വല്പം സമയം കിട്ടുമ്പോഴൊക്കെ ഫ്രെഞ്ചുഭാഷയും ഡച്ചുഭാഷയും പഠിക്കയും, ചിലപ്പൊൾ സംഗീതം വായിച്ചു വിനോദിക്കയും ചെയ്തുവന്നു. അക്കാലത്തു അമ്മ എഴുതിയിട്ടുള്ള ഒരു പാട്ടുപുസ്തകം ഇപ്പൊൾ എൻെറ കൈവശം ഉണ്ടു്. ചില പാട്ടുകൾ മുഴുവനാക്കീട്ടില്ലാ. ചിലതിൽ വാചകങ്ങൾ, പകുതിയിൽ വച്ചു് നിറുത്തിയിരിക്കുന്നു. കുഡുംബത്തിൽ ഉള്ള മററുള്ളവൎക്കുണ്ടായിരുന്നതിനൊപ്പം ഉത്സാഹപ്രിയവും സഹവാസപ്രിയവും എൻെറ

മാതാവിനും ഉണ്ടായിരുന്നു. എന്നാൽ, അത്യാവശ്യകാര്യങ്ങളെ നിറവേററാനുള്ളപ്പോൾ മേൽപറഞ്ഞ വകയ്ക്കായി അവർ സമയം കളഞ്ഞിരുന്നില്ലാ.,, ഗ്രിസലിൻെറ ആകൃതിയേയും പ്രകൃതിയേയും പററി മൂറേ പ്രഭി ഇപ്രകാരം പറയുന്നു:__ "അവരുടെ പ്രവൃത്തികൾ അവരുടെ മനസ്സു ഏതുവിധത്തിൽ ഉള്ളതാണെന്നു അറിയിക്കുന്നു. ആകൃതിയും അനിതരസാധാരണയായിരുന്നു. അവർ കുറകിയ ശരീരവും ദേഹപുഷ്ടിയും സൗന്ദര്യവുമുള്ളവർ ആയിരുന്നു. കണ്ണുകൾക്കു പ്രത്യേക ശോഭയും മനോജ്ഞതയും ഉണ്ടായിരുന്നു. എല്ലാ അംഗങ്ങൾക്കും അതിമാത്രമായ കോമളത്വവും ഉണ്ടായിരുന്നു. തലമുടി ചെമ്പിച്ചതായിരുന്നു. നിറം, ആദ്യവസാനം മിതഭോഗശീലയായിരുന്നതിനാൽ ഒരു പതിനഞ്ചു വയസ്സു പ്രായമുള്ള യുവതിയുടേതുപോലെ വളരെ മനോഹരമായും, കവിൾത്തടങ്ങളും അധരങ്ങളും നല്ലവണ്ണം ചെമന്നും ഇരുന്നു. മററുള്ളവൎക്കു ചേരുന്ന ഏതു ഭക്ഷണസാധനവും ഭക്ഷിക്കുന്നതിനു അവൎക്കു വിരോധമില്ലായിരുന്നു. എന്നാലും, കഞ്ഞിയും പാലും മാത്രമാണ് ഏററവും പ്രിയപ്പെട്ട ആഹാരം. വെള്ളമല്ലാതെ ലഹരിയുള്ള പേയസാധനങ്ങൾ ഒന്നും ഉപയോഗിക്ക ശീലമില്ലാ. ചിലപ്പോൾ ഒരു ഗ്ലാസ് വീഞ്ഞു കുടിക്കുന്നതിനു നിൎബന്ധിതയാകുമ്പോൾപോലും, അതു തന്നെ ഉപദ്രവിക്കുന്നു എന്നുള്ള ഭാവത്തിൽ മനസ്സില്ലാതെയാണ് കുടിക്കുന്നതു",,.

ഗ്രിസലിൻെറ ജ്യേഷ്ഠസഹോദരനായ പാട്റിക്കും, അവളുടെ കമിതാവായ മിസ്റ്റർബെയ്ലിയും ആറഞ്ചിലെ രാജകുമാരൻെറ ഭടഗണങ്ങളിൽ ചേൎന്നു. തൻെറ സഹോദരൻെറ ഉടുപ്പുകളെ മോടി പിടിപ്പിക്കുന്നതിനായി ഗ്രിസൽ അനവരതം പരിശ്രമിച്ചു. ഇതിലേയ്ക്കായി അവൾ രാപകൽ ബുദ്ധിമുട്ടി ജോലി ചെയ്തിരുന്നു. കുഡുംബത്തിലെ ഏററവും വലിയ ചെലവു് ഇയാളുടെ ഉടുപ്പു വകയ്ക്കായിട്ടായിരുന്നു. തങ്ങളെപ്പോലെ രാജ്യഭ്രഷ്ടന്മാരായ ആളുകളെക്കൊണ്ടു അവരുടെ വീടു നിറഞ്ഞിരുന്നതിനാൽ, മൂന്നു നാലഞ്ചു വിരുന്നുകാ

രെ കൂടാതെ അവർ ഒരുക്കലും ഭക്ഷണത്തിനിരുന്നിരുന്നില്ല. വിരുന്നു കൊടുപ്പുണ്ടായിരുന്നിട്ടും, അവരുടെ അപ്പോഴത്തെ ഏററവും ചുരുങ്ങിയ വരവ്, അപൂർവ്വ സന്ദർഭങ്ങളിലൊഴികെ, ആവശ്യങ്ങളെ നിറവേററുന്നതിനു മതിയായിരുന്നതിൽ അവൾക്ക അത്ഭുതം തോന്നിയിരുന്നു.

ദാരിദ്ര്യത്തിലും കഷ്ടതയിലും കഴിച്ചുകൂട്ടിയിരുന്ന ഇക്കാലം തന്റെ ജീവിതത്തിൽ ഏററവും സന്തോഷകരമായിരുന്നു എന്ന്, പിൽക്കാലത്ത് സ്ഥാനമാനങ്ങളും ഒരു ധനവാനായ ആളുടെ ഭാര്യാപദവും ലഭിച്ചതിന്റെ ശേഷം, നമ്മുടെകഥാനായിക പറയാറുണ്ടായിരുന്നു. ഗ്രിസലിനുണ്ടായിരുന്ന മാതിരി ഉന്നതങ്ങളായ സദാചാരവിചാരങ്ങളോടുകൂടിയ ഒരു പ്രകൃതിക്ക് ഇങ്ങനെയുള്ള പ്രവൃത്തികളിൽ നിന്ന് ഉണ്ടാകാനിടയുള്ള സംതൃപ്തിയെ ചിന്തിക്കുകയാണെങ്കിൽ, മേൽപറഞ്ഞ സംഗതിയെപ്പററി ആക്കും അത്ഭുതം ജനിക്കയില്ല. രാജ്യഭ്രംശം സംഭവിച്ച ഈ വീട്ടുകാരുടെ ചില അപകടങ്ങൾ പലപ്പൊഴും അവർ വിനോദമായി വിചാരിച്ചു വന്നിരുന്നു. ഒരവസരത്തിൽ കാലാന്തരത്തിൽ സെഷ്യൻജഡ്ജിയായിത്തീന്ന ആൻഡ്രൂ എന്ന ബാലനെ നിലവറയിൽ പോയി "ആലബാസ്റ്റ്" എന്ന മദ്യം കുറെ എടുത്തുകൊണ്ടു വരുന്നതിന് സർ പാട്റിക്ക് പറഞ്ഞയച്ചു. അപ്പോൾ തന്നോടൊന്നിച്ചുണ്ടായിരുന്ന വിരുന്നുകാരെ സൽകരിക്കുന്നതിന് വേറൊരു മദ്യവും സർ പാട്റിക്കിന്റെ പക്കൽ ഉണ്ടായിരുന്നില്ല. മദ്യവും കൊണ്ടു ബാലൻ തിരിച്ചുവന്നപ്പോൾ, "മറെറക്കൈയ്യിൽ എന്താണിരിക്കുന്നത്?" എന്ന് സർ പാട്റിക്ക് ചോദിച്ചു. മദ്യം പകന്നതിന്റെ ശേഷം തിരികെ അടയ്ക്കാൻമറന്നു പോയ മദ്യപാത്രത്തിന്റെ അടപ്പായിരുന്നു ബാലന്റെ കൈയ്യിൽ ഇരുന്നത് പാത്രം ഉടൻ അടയ്ക്കായ്ക നിമിത്തം, അതിൽ ശേഷം ഉണ്ടായിരുന്ന മദ്യം മുഴുവനും നഷ്ടമായി. കൂടുതൽ മദ്യം ലഭിക്കുന്നതിന് നിവൃത്തിയില്ലെന്നറിഞ്ഞിരുന്നിട്ടും അവൎക്ക ഈ സംഭവം വളരെ വി

നോദത്തിനിടയാക്കി. ദരിദ്രന്മാക്ക വേണ്ടി പണം ശേഖരിക്കാൻ ഒരു കൈമണിയും കൊണ്ടു് രാത്രിയിൽ വീടുതോറും നടക്കുന്ന പതിവു് യൂട്റേച്ച്ററിൽ ഉണ്ടായിരുന്നു. ഒരു രാത്രി സർ പാട്റിക്കിൻെറ ഭവനത്തിൽ പണപ്പിരിവുകാർ ഈ മണിയും കൊണ്ടുചെന്നു. അക്കാലത്തു് ഹാളണ്ടിൽ നടപ്പുണ്ടായിരുന്ന "ഓക്കി,, എന്ന ഏററവും ചെറിയ ഒരു നാണയം ഒഴികെ വേറൊന്നും ആ വീട്ടിൽ ആ സമയം ഉണ്ടായിരുന്നില്ല. തങ്ങളുടെ ദാരിദ്ര്യത്തിൽ ലജ്ജ തോന്നി ആരും വെളിയിൽ വന്നില്ല. ഒടുവിൽ, "നമ്മുടെ സർവസ്വമല്ലാതെ വേറൊന്നും കൊടുക്കാൻ നിവൃത്തിയില്ല,, എന്നു പറഞ്ഞു് സർ പാട്റിക്ക് തന്നെ വെളിയിൽ വന്നു് ഭിക്ഷ കൊടുത്തു. പണമില്ലാതെ ബുദ്ധിമുട്ടി, പലപ്പോഴും അവർ സ്കോട്ട്ലാണ്ടിൽ നിന്നു് കൊണ്ടുവന്നിരുന്ന വിഞ്ഞാൺ പാത്രങ്ങളെപ്പോലും പണയം വയ്ക്കാനിടയായി. എന്നാൽ, രാജ്യഭ്രംശം തീൎന്നു തിരികെ പോയപ്പോൾ ഹാളണ്ടിൽ ഉള്ള സകല കടവും വീട്ടി, എല്ലാ സാമാനങ്ങളും തിരികെ വീട്ടിൽ കൊണ്ടുപോകുന്നതിനു് അവർ പ്രാപ്തരായി.

കഥാശേഷം ചരിത്രപ്രസിദ്ധമാണു് വില്യം മൂന്നാമൻെറയും മേരി രാജ്ഞിയുടെയും രാജ്യഭാരകാലത്തു് സർ പാട്റിക്ക് പ്രസിദ്ധനാകയും, അദ്ദേഹത്തിൻെറ സ്വത്തുകൾ മുഴുവനും പാർലിമെൻറ് നിയമപ്രകാരം വിട്ടുകൊടുക്കയും ചെയ്തു. അദ്ദേഹത്തിൻെറ സ്വഭാവവൈശിഷ്ട്യത്തിൻെറയും കഷ്ടതകളുടെയും പ്രതിഫലമായി പോൾവാത്ത് പ്രഭു എന്ന സ്ഥാനം അദ്ദേഹത്തിനു കൊടുത്തു; ൧൬൯൭-ൽ മാർച്ച്മണ്ട് പ്രഭു എന്ന പദവിയും അദ്ദേഹത്തിനു നൽകപ്പെട്ടു. ഈ വിശ്രുതനായ സ്വദേശസ്നേഹി ൧൭൨൪-ൽ കാലധൎമ്മം പ്രാപിച്ചു.

ഇനി കഥാനായികയായ ഗ്രിസലിനെപ്പററി ഏതാനും സംഗതികൾ പറയാനുണ്ടു് ആറഞ്ചിലെ രാജകുമാരിയൊടൊന്നിച്ചു് ഗ്രിസൽ ഇംഗ്ലണ്ടിൽ തിരികെ പോയി, രാജ

കുമാരിയുടെ ഒരു തോഴിസ്ഥാനം ലഭിച്ചു. എന്നാൽ, ഈ ബഹുമതി ഗ്രിസൽ നിരാകരിച്ചിട്ട് കുഡുംബസഹിതം സ്കാട്ട്ലാണ്ടിൽ പോയി പാൎത്തു. ജേർവിസ്‌വുഡ് സ്വത്തുക്കൾ സർക്കാരിൽ നിന്ന് തിരികെ വിട്ടുകൊടുത്ത ശേഷം, ജാൎജ് ബെയ്‌ലിയും ഗ്രിസലും തമ്മിലുള്ള സ്നേഹബന്ധം രഹസ്യമായി വെച്ചുകൊണ്ടിരിക്കേണ്ട ആവശ്യം ഇല്ലായ്കയാൽ, സകലരുടെയും സമ്മതത്തോടുകൂടി ൧൬൯൨- സെപ്റ്റംബർ ൧൭-ന്- ഇവർ ദമ്പതിമാരായി. ഇവരുടെ ദാമ്പത്യം ഏററവും ധന്യമായ വിധത്തിൽ കഴിഞ്ഞു എന്നും, ഗ്രിസൽ തന്റെ ഭാൎയ്യാധൎമ്മങ്ങളെ ആരാലും അനുകരണീയമായ രീതിയിൽ അനുഷ്ഠിച്ചു എന്നും പറയപ്പെട്ടിരിക്കുന്നു. അവൎക്കു ജനിച്ച പുത്രൻ ശൈശവത്തിൽതന്നെ മരിച്ചുപോയി. രണ്ടു പുത്രിമാരുണ്ടായവരിൽ മൂത്ത പുത്രിയായ ഗ്രിസലിനെ സർ അലക്സാണ്ടർ മൂറെയും, കനിഷ്ഠപുത്രിയായ റേച്ചലിനെ ബിനിങ് പ്രഭുവും വിവാഹം കഴിച്ചു. ലേഡിഗ്രിസൽ ബെയ്‌ലി എന്ന നമ്മുടെ കഥാനായിക ഭൎത്താവു മരിച്ച് എട്ടു കൊല്ലം കഴിഞ്ഞ് ൧൭൪൬-ൽ ലണ്ടനിൽ വച്ച് ചരമഗതിയെ പ്രാപിച്ചു. അവരുടെ ഒടുവിലത്തെ ആഗ്രഹം ഭൎത്താവിന്റെ സമീപത്തിൽ അവരുടെ ശവം സ്ഥാപിക്കണമെന്നുള്ളതായിരുന്നു. സഹജമായ ദീർഘദൃഷ്ടിയോടുകൂടെ ഇതിനായി ഒരുമടിശ്ശീല പണം അവരുടെ മുറിയിൽ സൂക്ഷിച്ചു വച്ചിരുന്നു. മൂത്ത പുത്രിയായ മുറെ പ്രഭ്വി ലേഡിഗ്രിസൽ ബെയ്‌ലിയുടെ 'സ്മരണ'കളെപ്പററി എഴുതിയിട്ടുണ്ട്. ബാല്യകാലത്തിലെ ധീരപ്രവൃത്തികളാൽ മാത്രമല്ലാ ലേഡിഗ്രിസൽ ബെയ്‌ലിയുടെ കീൎത്തി വിളങ്ങുന്നത്; അവരുടെ കവിതാസാമൎത്ഥ്യം തീരെ അഗണ്യമായതല്ലാ. സ്കാട്ട്ലാണ്ടിലെ ഗായക കവികളുടെ കൂട്ടത്തിൽ തീരെ അപ്രധാനമല്ലാത്ത സ്ഥാനം ഇവൎക്കു ലഭിച്ചിട്ടുണ്ട്.